सत्यमेव जयते

ഇന്ത്യാ ഗവൺമെന്റ്

# ബജറ്റ് 2024-2025

ധനകാര്യ മന്ത്രി

## നിർമല സീതാരാമന്റെ

പ്രസംഗം

**ജൂലൈ 23, 2024**

# ധനമന്ത്രി നിർമല സീതാരാമന്റെ പ്രസംഗം

**ബഹുമാനപ്പെട്ട സ്പീക്കർ,**

**2024-25 ലെ ബജറ്റ് ഞാൻ അവതരിപ്പിക്കുന്നു.**

**ആമുഖം**

**1.** ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ഇന്ത്യയിലെ ജനങ്ങൾ വിശ്വാസം അർപ്പിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ ചരിത്രപരമായ മൂന്നാം തവണയും തിരഞ്ഞെടുക്കുകയും ചെയ്തു. ഞങ്ങളുടെ നയങ്ങൾക്കുള്ള അവരുടെ പിന്തുണയ്ക്കും വിശ്വാസത്തിനും ഞങ്ങൾ നന്ദിയുള്ളവരാണ്. മതം, ജാതി, ലിംഗഭേദം, പ്രായം എന്നിവ പരിഗണിക്കാതെ എല്ലാ ഇന്ത്യക്കാരും അവരുടെ ജീവിത ലക്ഷ്യങ്ങളും അഭിലാഷങ്ങളും സാക്ഷാത്കരിക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിരിക്കുന്നു.

**ആഗോള സന്ദർഭം**

**2.** ആഗോള സമ്പദ്‌വ്യവസ്ഥ, പ്രതീക്ഷിച്ചതിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുമ്പോഴും, ഇപ്പോഴും നയപരമായ അനിശ്ചിതത്വങ്ങളുടെ പിടിയിലാണ്. ഉയർന്ന ആസ്തി വിലകൾ, രാഷ്ട്രീയ അനിശ്ചിതത്വങ്ങൾ, ഷിപ്പിംഗ് തടസ്സങ്ങൾ എന്നിവ വളർച്ചയ്ക്ക് കാര്യമായ ദോഷകരമായ അപകടസാധ്യതകളും പണപ്പെരുപ്പത്തിനുള്ള അപകടസാധ്യതകളും ഉയർത്തുന്നു.

**3.** ഈ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ സാമ്പത്തിക വളർച്ച വേറിട്ട തിളക്കമായി തുടരുന്നു, വരും വർഷങ്ങളിലും അത് നിലനിൽക്കും. ഇന്ത്യയുടെ പണപ്പെരുപ്പം കുറഞ്ഞും സ്ഥിരതയാർജിച്ചുും 4 ശതമാനമെന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്നത് തുടരുന്നു. പ്രധാന

പണപ്പെരുപ്പം (ഭക്ഷണേതര, ഇന്ധനേതര) നിലവിൽ **3.1** ശതമാനമാണ്. കേടാകുന്ന സാധനങ്ങൾ വിപണിയിൽ ആവശ്യത്തിന് എത്തുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഇടക്കാല ബജറ്റ്**

**4.** ഇടക്കാല ബജറ്റിൽ പരാമർശിച്ചതുപോലെ, 'ഗരീബ്' (ദരിദ്രർ), 'മഹിളായെം' (സ്ത്രീകൾ), 'യുവ' (യുവജനങ്ങൾ), 'അന്നദാത' (കർഷകൻ) എന്നിങ്ങനെ **4** പ്രധാന വിഭാഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. അന്നദാതാവിനെ സംബന്ധിച്ചിടത്തോളം, എല്ലാ പ്രധാന വിളകൾക്കും ഒരു മാസം മുമ്പ് ഞങ്ങൾ ഉയർന്ന മിനിമം താങ്ങുവില പ്രഖ്യാപിച്ചു. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന അഞ്ച് വർഷത്തേക്ക് നീട്ടി, **80** കോടിയിലധികം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

**5.** ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ച വിവിധ പദ്ധതികളുടെ അംഗീകാരത്തിനും നടത്തിപ്പിനുമുള്ള ഭരണപരമായ നടപടികൾ പുരോഗമിക്കുന്നു. ആവശ്യമായ വിഹിതം അനുവദിച്ചിട്ടുണ്ട്.

**ബജറ്റ് പ്രമേയം**

**6.** ഈ വർഷം മുഴുവനും അതിനപ്പുറത്തേക്കും ശ്രദ്ധ തിരിക്കുന്ന ഈ ബജറ്റിൽ, തൊഴിൽ, വൈദഗ്ധ്യം, എം എസ് എം ഇകൾ, മധ്യവർഗം എന്നിവയിൽ ഞങ്ങൾ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. **4.1** കോടി യുവജനങ്ങൾക്ക് തൊഴിൽ, നൈപുണ്യം, മറ്റ് അവസരങ്ങൾ എന്നിവ സുഗമമാക്കുന്നതിനുള്ള പ്രധാനമന്ത്രിയുടെ **5** പദ്ധതികളുടെയും സംരംഭങ്ങളുടെയും പാക്കേജ് **5** വർഷ കാലയളവിൽ **2** ലക്ഷം കോടി രൂപ കേന്ദ്ര വിഹിതത്തോടെ പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ അവരെ കുറിച്ച് ഉടൻ സംസാരിക്കും, കൂടുതൽ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാനിടയുണ്ട്. ഈ വർഷം വിദ്യാഭ്യാസം, തൊഴിൽ, വൈദഗ്ധ്യം എന്നിവയ്ക്കായി **1.48** ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ബജറ്റ് മുൻഗണനകൾ**

**7.** രാജ്യത്തെ ശക്തമായ വികസനത്തിന്റെയും സർവതോന്മുഖമായ അഭിവൃദ്ധിയുടെയും പാതയിലേക്ക് കൊണ്ടുപോകാൻ ജനങ്ങൾ നമ്മുടെ ഗവൺമെന്റിന് ഒരു അതുല്യമായ അവസരം നൽകിയിട്ടുണ്ട്. ഇടക്കാല ബജറ്റിൽ, 'വികസിത ഭാരതം' എന്ന ഞങ്ങളുടെ അന്വേഷണത്തിനായി വിശദമായ റോഡ്മാപ്പ് അവതരിപ്പിക്കുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്തു. ഇടക്കാല ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്ന തന്ത്രത്തിന് അനുസൃതമായി, എല്ലാവർക്കും വിപുലമായ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് താഴെപ്പറയുന്ന **9** മുൻഗണനകളിൽ സുസ്ഥിരമായ ശ്രമങ്ങൾ ഈ ബജറ്റ് വിഭാവനം ചെയ്യുന്നു.

1) കൃഷിയിലെ ഉൽപ്പാദനക്ഷമതയും പ്രതിരോധശേഷിയും
2) തൊഴിലും നൈപുണ്യവും
3) ഉൾച്ചേർന്നുള്ള മനുഷ്യവിഭവശേഷി വികസനവും സാമൂഹിക നീതിയും
4) ഉത്പാദനവും സേവനങ്ങളും
5) നഗര വികസനം
6) ഊർജ്ജ സുരക്ഷ
7) അടിസ്ഥാന സൗകര്യങ്ങൾ
8) നൂതനാശയം, ഗവേഷണവും വികസനവും
9) അടുത്ത തലമുറ പരിഷ്കാരങ്ങൾ

**8.** തുടർന്നുള്ള ബജറ്റുകൾ ഇവയെ അടിസ്ഥാനമാക്കി കൂടുതൽ മുൻഗണനകളും പ്രവർത്തനങ്ങളും ആവിഷ്കരിക്കും. 'സാമ്പത്തിക നയ ചട്ടക്കൂടിന്റെ' ഭാഗമായി കൂടുതൽ വിശദാംശങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ഞാൻ പിന്നീട് എന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാട്ടാം.

**9.** മാറ്റങ്ങൾക്ക് സാധ്യതയുള്ള ഈ മുൻഗണനകളുടെ പൂർത്തീകരണത്തിനായി നടപ്പ് വർഷം ആരംഭിക്കേണ്ട ചില

പ്രത്യേക പ്രവർത്തനങ്ങളെ ഈ ബജറ്റ് വിശദമാക്കുന്നു. വികസിത ഭാരതം എന്ന ലക്ഷ്യത്തിലേക്കുള്ള നമ്മുടെ പ്രയാണം ത്വരിതപ്പെടുത്തുന്നതിന് അവയെ ശക്തിപ്പെടുത്തുന്നതിനും അവ നടപ്പാക്കുന്നതു വേഗത്തിലാക്കുന്നതിനുമുള്ള ഉദ്ദേശ്യത്തോടെ മുമ്പ് നടത്തിയ ചില പ്രഖ്യാപനങ്ങളും ബജറ്റ് ഉൾക്കൊള്ളുന്നു.

**മുൻഗണന1 : കാർഷിക മേഖലയിലെ ഉൽപ്പാദനക്ഷമതയും പ്രതിരോധശേഷിയും**

**കാർഷിക ഗവേഷണത്തിന്റെ പരിവർത്തനം**

**10.** ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിലും കാലാവസ്ഥയെ പ്രതിരോധിക്കുന്ന ഇനങ്ങൾ വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി കാർഷിക ഗവേഷണ സജ്ജീകരണത്തിന്റെ സമഗ്രമായ അവലോകനം നമ്മുടെ ഗവൺമെന്റ് ഏറ്റെടുക്കും. സ്വകാര്യ മേഖലയ്ക്ക് ഉൾപ്പെടെ വെല്ലുവിളി മാതൃകയിൽ ധനസഹായം നൽകും. ഗവൺമെന്റിൽ നിന്നും പുറത്തു നിന്നുമുള്ള വിദഗ്ധർ ഇത്തരം ഗവേഷണങ്ങളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കും.

പുതിയ ഇനങ്ങളുടെ പ്രകാശനം

**11.** പുതിയ **109**, ഉയർന്ന വിളവ് നൽകുന്നതും കാലാവസ്ഥയെ പ്രതിരോധിക്കുന്നതുമായ **32** ഫീൽഡ്, ഹോർട്ടികൾച്ചർ വിളകളും കർഷകർക്ക് കൃഷി ചെയ്യുന്നതിനായി പുറത്തിറക്കും.

സ്വാഭാവിക കൃഷി

**12.** അടുത്ത രണ്ട് വർഷത്തിനുള്ളിൽ, രാജ്യത്തുടനീളമുള്ള **1** കോടി കർഷകരെ സർട്ടിഫിക്കേഷനും ബ്രാൻഡിങ്ങിനും പിൻതുണയേകുന്ന പ്രകൃതിദത്ത കൃഷിയിലേക്ക് നയിക്കും. ശാസ്ത്രീയ സ്ഥാപനങ്ങൾ വഴിയും സന്നദ്ധതയുള്ള ഗ്രാമപഞ്ചായത്തുകൾ വഴിയുമാണ് നടപ്പാക്കുക. ആവശ്യാനുസരണം **10,000** ബയോ ഇൻപുട്ട് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കും.

**പയർവർഗ്ഗങ്ങൾക്കും എണ്ണക്കുരുക്കൾക്കുമുള്ള ദൗത്യങ്ങൾ**

**13.** പയർവർഗങ്ങളിലും എണ്ണക്കുരുക്കളിലും സ്വയംപര്യാപ്തത കൈവരിക്കുന്നതിന്, അവയുടെ ഉൽപ്പാദനവും സംഭരണവും വിപണനവും നാം ശക്തിപ്പെടുത്തും. ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ചത് പോലെ കടുക്, നിലക്കടല, എള്ള്, സോയാബീൻ, സൂര്യകാന്തി തുടങ്ങിയ എണ്ണക്കുരുക്കൾക്ക് സ്വയംപര്യാപ്തത നേടാനുള്ള തന്ത്രമാണ് ആവിഷ്കരിക്കുന്നത്.

**പച്ചക്കറി ഉത്പാദനവും വിതരണ ശൃംഖലയും**

**14.** പ്രധാന ഉപഭോഗ കേന്ദ്രങ്ങൾക്ക് സമീപം പച്ചക്കറി ഉൽപ്പാദനത്തിനായി വലിയ തോതിലുള്ള ക്ലസ്റ്ററുകൾ വികസിപ്പിക്കും. ശേഖരണം, സംഭരണം, വിപണനം എന്നിവ ഉൾപ്പെടെയുള്ള പച്ചക്കറി വിതരണ ശൃംഖലകൾക്കായി ഞങ്ങൾ കർഷകഉത്പാദക സംഘടനകൾ, സഹകരണ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവ പ്രോത്സാഹിപ്പിക്കും.

**15.** പൈലറ്റ് പ്രോജക്റ്റിന്റെ വിജയത്തിൽ ആവേശഭരിതമായ ഞങ്ങളുടെ ഗവൺമെന്റ്, സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെ, കർഷകരുടെയും അവരുടെ ഭൂമിയുടെയും സംരക്ഷണത്തിനായി കാർഷിക മേഖലയിൽ ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യം (ഡിപിഐ) **3** വർഷത്തിനുള്ളിൽ നടപ്പിലാക്കാൻ സൗകര്യമൊരുക്കും. ഈ വർഷം **400** ജില്ലകളിൽ ഡിപിഐ ഉപയോഗിച്ച് ഖാരിഫിന്റെ ഡിജിറ്റൽ വിള സർവേ നടത്തും. **6** കോടി കർഷകരുടെയും അവരുടെ ഭൂമിയുടെയും വിശദാംശങ്ങൾ കർഷക, ഭൂമി രജിസ്ട്രികളിലേക്കു കൊണ്ടുവരും. കൂടാതെ, ജൻ സമർഥ് അടിസ്ഥാനമാക്കിയുള്ള കിസാൻ ക്രെഡിറ്റ് കാർഡുകളുടെ വിതരണം **5** സംസ്ഥാനങ്ങളിൽ സാധ്യമാക്കും.

**ചെമ്മീൻ ഉത്പാദനവും കയറ്റുമതിയും**

**16.** ചെമ്മീൻ ബ്രൂഡ് സ്റ്റോക്കുകൾക്കായി ന്യൂക്ലിയസ് ബ്രീഡിംഗ് സെന്ററുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിനു സാമ്പത്തിക സഹായം നൽകും. ചെമ്മീൻ വളർത്തൽ, സംസ്കരണം, കയറ്റുമതി എന്നിവയ്ക്ക് നബാർഡ് വഴി ധനസഹായം നൽകും.

**ദേശീയ സഹകരണ നയം**

**17.** സഹകരണ മേഖലയുടെ ചിട്ടയായ, സർവതോന്മുഖമായ വികസനത്തിനായി ഞങ്ങളുടെ ഗവൺമെന്റ് ഒരു ദേശീയ സഹകരണ നയം കൊണ്ടുവരും. ഗ്രാമീണ സമ്പദ്വ്യവസ്ഥയുടെ ദ്രുതഗതിയിലുള്ള വളർച്ചയും വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കലും നയത്തിന്റെ ലക്ഷ്യമായിരിക്കും.

**18.** ഈ വർഷം കൃഷിക്കും അനുബന്ധ മേഖലയ്ക്കുമായി **1.52** ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മുൻഗണന 2: തൊഴിലും നൈപുണ്യവും**

**തൊഴിൽബന്ധിത പ്രോൽസാഹനം**

**19.** പ്രധാനമന്ത്രിയുടെ പാക്കേജിന്റെ ഭാഗമായി തൊഴിൽബന്ധിത പ്രോൽസാഹനത്തിനായുള്ള **3** പദ്ധതികൾ ഞങ്ങളുടെ ഗവൺമെന്റ് നടപ്പിലാക്കും. ഇവ ഇപിഎഫ്ഒയിലെ എന്റോൾമെന്റിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കും, കൂടാതെ ആദ്യമായി ജോലി ചെയ്യുന്നവരെ അംഗീകരിക്കുന്നതിലും ജീവനക്കാർക്കും തൊഴിലുടമകൾക്കുമുള്ള പിന്തുണയിലും ശ്രദ്ധ കേന്ദ്രീകരിക്കും.

**പദ്ധതി എ: തുടക്കക്കാർക്ക്**

**20.** എല്ലാ ഔപചാരിക മേഖലകളിലും പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ വ്യക്തികൾക്കും ഈ പദ്ധതി ഒരു മാസത്തെ വേതനം നൽകും. ഇപിഎഫ്ഒയിൽ പുതുതായി രജിസ്റ്റർ ചെയ്യുന്ന ജോലിക്കാർക്ക് **3** ഗഡുക്കളായി ഒരു മാസത്തെ ശമ്പളത്തിന്റെ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം **15,000** രൂപ വരെ ആയിരിക്കും.

യോഗ്യതാ പരിധി പ്രതിമാസം ഒരു ലക്ഷം രൂപ ശമ്പളമായിരിക്കും. 210 ലക്ഷം യുവാക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.
പദ്ധതി

**ബി: ഉത്പാദന മേഖലയിൽ തൊഴിൽ സൃഷ്ടിക്കൽ**

22. ഈ പദ്ധതി തൊഴിൽമേഖലയിലേക്കു പ്രവേശിക്കുന്നവരുടെ തൊഴിലുമായി ബന്ധപ്പെടുത്തി, ഉത്പാദന മേഖലയിൽ അധിക തൊഴിലവസരങ്ങൾക്ക് പ്രോത്സാഹനം നൽകും. ജോലിയുടെ ആദ്യ 4 വർഷത്തെ ഇപിഎഫ്ഒ സംഭാവനയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും തൊഴിലുടമയ്ക്കും നേരിട്ട് നിർദ്ദിഷ്ട സ്കെയിലിൽ ഒരു പ്രോൽസാഹനം നൽകും. തൊഴിലിൽ പ്രവേശിക്കുന്ന 30 ലക്ഷം യുവാക്കൾക്കും അവരുടെ തൊഴിലുടമകൾക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പദ്ധതി സി: തൊഴിലുടമകൾക്ക് പിന്തുണ**

22. തൊഴിലുടമയെ കേന്ദ്രീകരിച്ചുള്ള ഈ പദ്ധതി എല്ലാ മേഖലകളിലെയും അധിക തൊഴിലവസരങ്ങളെ ഉൾക്കൊള്ളും. പ്രതിമാസം ഒരു ലക്ഷം രൂപ വരെ ശമ്പളമുള്ള എല്ലാ അധിക ജോലികളും കണക്കാക്കും. അധികജോലി ചെയ്യുന്ന ഓരോ ജീവനക്കാരനുമായി അവരുടെ ഇപിഎഫ്ഒ വിഹിതത്തിലേക്ക് 2 വർഷത്തേക്ക് പ്രതിമാസം 3,000 രൂപ വരെ ഗവൺമെന്റ് തൊഴിലുടമകൾക്ക് തിരികെ നൽകും. പദ്ധതി 50 ലക്ഷം പേർക്ക് അധിക തൊഴിലവസരങ്ങൾ നൽകുമെന്ന് പ്രതീക്ഷിക്കുന്നു.
തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

23. വ്യവസായവുമായി സഹകരിച്ച് വർക്കിംഗ് വിമൻ ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിലൂടെയും ക്രെഷുകൾ സ്ഥാപിക്കുന്നതിലൂടെയും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ ഉയർന്ന പങ്കാളിത്തം ഞങ്ങൾ സുഗമമാക്കും. കൂടാതെ, സ്ത്രീകൾക്ക് പ്രത്യേക നൈപുണ്യ പരിപാടികൾ സംഘടിപ്പിക്കാനും വനിതാ എസ്എച്ച്ജി

സംരംഭങ്ങൾക്ക് വിപണി പ്രവേശനം പ്രോത്സാഹിപ്പിക്കാനും ശ്രമിക്കും.

**നൈപുണ്യ പരിപാടി**

**24.** സംസ്ഥാന ഗവൺമെന്റുകളുമായും വ്യവസായ മേഖലകളുമായും സഹകരിച്ച് വൈദഗ്ധ്യം നേടുന്നതിനായി പ്രധാനമന്ത്രിയുടെ പാക്കേജിന് കീഴിലുള്ള നാലാമത്തെ പദ്ധതിയായി കേന്ദ്രാവിഷ്കൃത പദ്ധതി പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. അഞ്ച് വർഷത്തിനുള്ളിൽ **20** ലക്ഷം യുവാക്കൾ വൈദഗ്ധ്യം നേടും. **1,000** വ്യാവസായിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ ഫലപ്രാപ്തി ലക്ഷ്യം വെച്ച് ഹബ് ആൻഡ് സ്പോക്ക് അറേഞ്ച്മെന്റുകളായി നവീകരിക്കും. കോഴ്സിന്റെ ഉള്ളടക്കവും രൂപകല്പനയും വ്യവസായത്തിന്റെ നൈപുണ്യ ആവശ്യങ്ങൾക്ക് അനുസൃതമാക്കുകയും ഉയർന്നുവരുന്ന ആവശ്യങ്ങൾക്കായി പുതിയ കോഴ്സുകൾ അവതരിപ്പിക്കുകയും ചെയ്യും.

**നൈപുണ്യ വായ്പകൾ**

**25.** ഏഴര ലക്ഷം രൂപ വരെയുള്ള വായ്പകൾ സുഗമമാക്കുന്നതിന് മാതൃകാ നൈപുണ്യ വായ്പാ പദ്ധതി പരിഷ്കരിക്കും.
സർക്കാർ പ്രൊമോട്ട് ചെയ്ത ഫണ്ടിൽ നിന്നുള്ള ഗ്യാരണ്ടിയോടെ ആയിരിക്കും ഇത്. ഈ നടപടി പ്രതിവർഷം **25,000** വിദ്യാർത്ഥികൾക്ക് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വിദ്യാഭ്യാസ വായ്പകൾ**

**26.** ഗവൺമെന്റ് പദ്ധതികളും നയങ്ങളും പ്രകാരം ഒരു ആനുകൂല്യത്തിനും അർഹതയില്ലാത്ത നമ്മുടെ യുവാക്കളെ സഹായിക്കുന്നതിന്, ആഭ്യന്തര സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനായി **10** ലക്ഷം രൂപ വരെയുള്ള വായ്പകൾക്കുള്ള സാമ്പത്തിക സഹായം പ്രഖ്യാപിക്കുന്നതിൽ

എനിക്ക് സന്തോഷമുണ്ട്. ഈ ആവശ്യത്തിനുള്ള ഇ-വൗച്ചറുകൾ ഓരോ വർഷവും 1 ലക്ഷം വിദ്യാർത്ഥികൾക്ക് വായ്പ തുകയുടെ 3 ശതമാനം വാർഷിക പലിശയിളവ് നേരിട്ട് നൽകും.

**മുൻഗണന 3: ഉൾക്കൊള്ളുന്ന മാനവ വിഭവശേഷി വികസനവും സാമൂഹിക നീതിയും**

**പരിപൂരിത സമീപനം**

**27.** ജനങ്ങളുടെ, പ്രത്യേകിച്ച് കർഷകർ, യുവാക്കൾ, സ്ത്രീകൾ, ദരിദ്രർ എന്നിവരുടെ സർവതോന്മുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസനത്തിന് ഞങ്ങളുടെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സാമൂഹ്യനീതി സമഗ്രമായി നേടിയെടുക്കുന്നതിന്, വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുമുള്ള വിവിധ പരിപാടികളിലൂടെ അർഹരായ എല്ലാ ആളുകളെയും അവരുടെ കഴിവുകൾ മെച്ചപ്പെടുത്തിക്കൊണ്ട് അവരെ ശാക്തീകരിക്കുന്നതിനുള്ള പരിപൂരിത സമീപനം സ്വീകരിക്കും.

**28.** കരകൗശലത്തൊഴിലാളികൾ, കരകൗശല വിദഗ്ധർ, സ്വയം സഹായ സംഘങ്ങൾ, പട്ടികജാതി, പട്ടികവർഗ, വനിതാ സംരംഭകർ, വഴിയോര കച്ചവടക്കാർ, പിഎം വിശ്വകർമ, പിഎം സ്വനിധി, ദേശീയ ഉപജീവന ദൗത്യങ്ങൾ, സ്റ്റാൻഡ്അപ്പ് ഇന്ത്യ എന്നീ വിഭാഗങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതു പടിപടിയായി ഉയർത്തും.

**പൂർവോദയ**

**29.** രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തുള്ള സംസ്ഥാനങ്ങൾ അവരുടെ സംഭാവനകളാൽ സമ്പന്നവും ശക്തമായ സാംസ്കാരിക പാരമ്പര്യങ്ങൾ ഉള്ളതുമാണ്. ബീഹാർ, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ഒഡീഷ, ആന്ധ്രാപ്രദേശ് എന്നിവ ഉൾപ്പെടുന്ന രാജ്യത്തിന്റെ കിഴക്കൻ മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിനായി ഞങ്ങൾ പൂർവോദയ പദ്ധതി ആവിഷ്കരിക്കും. ഈ മേഖലയെ

വികസിത ഭാരതം യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു യന്ത്രമാക്കി മാറ്റുന്നതിനുള്ള മാനവ വിഭവശേഷി വികസനം, അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക അവസരങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു.

**30.** അമൃത്സർ കൊൽക്കത്ത വ്യാവസായിക ഇടനാഴിയിലെ ഗയയിൽ ഒരു വ്യാവസായിക നോഡ് വികസിപ്പിക്കുന്നതിന് ഞങ്ങൾ പിന്തുണ നൽകും. ഈ ഇടനാഴി കിഴക്കൻ മേഖലയുടെ വ്യാവസായിക വികസനത്തിന് ഉത്തേജനം നൽകും. നമ്മുടെ പുരാതന സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രങ്ങളെ ആധുനിക സമ്പദ്വ്യവസ്ഥയുടെ ഭാവി കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള നല്ലൊരു മാതൃക കൂടിയാണ് ഗയയിലെ വ്യാവസായിക നോഡ്. ഈ മാതൃക നമ്മുടെ വളർച്ചയുടെ പാതയിൽ 'വികാസ് ഭി വിരാസത് ഭി' പ്രകടമാക്കും.

**31.** (1) പട്നപൂർണിയ എക്സ്പ്രസ് വേ , (2) ബക്സർഭഗൽപൂർ എക്സ്പ്രസ് വേ, (3) ബോധ്ഗയ, രാജ്ഗിർ, വൈശാലി, ദർഭംഗ സ്പറുകൾ, (4) ബക്സറിൽ ഗംഗ നദിക്ക് മുകളിലൂടെ അധിക 2വരി പാലം തുടങ്ങിയ റോഡ് കണക്റ്റിവിറ്റി പദ്ധതികളുടെ വികസനത്തെയും ഞങ്ങൾ പിന്തുണയ്ക്കും. മൊത്തം 26,000 കോടി രൂപ ചെലവുള്ളതാണു പദ്ധതികൾ. പിർപൈന്തിയിൽ 2400 മെഗാവാട്ടിന്റെ പുതിയ പവർ പ്ലാന്റ് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള വൈദ്യുതി പദ്ധതികൾ 21,400 കോടി രൂപ ചെലവിൽ ഏറ്റെടുക്കും. ബീഹാറിൽ പുതിയ വിമാനത്താവളങ്ങൾ, മെഡിക്കൽ കോളജുകൾ, കായിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമിക്കും.

**32.** മൂലധന നിക്ഷേപങ്ങളെ പിന്തുണയ്ക്കുന്നതിന് ഒരു അധിക വിഹിതം നൽകും. ബഹുമുഖ വികസന ബാങ്കുകളിൽ നിന്നുള്ള ബാഹ്യ സഹായത്തിനുള്ള ബീഹാർ ഗവൺമെന്റിന്റെ അഭ്യർത്ഥന വേഗത്തിലാക്കും.

**ആന്ധ്രാപ്രദേശ് പുനഃസംഘടനാ നിയമം**

**33.** ആന്ധ്രാപ്രദേശ് പുനഃസംഘടനാ നിയമത്തിലെ പ്രതിജ്ഞാബദ്ധത നിറവേറ്റാൻ ഞങ്ങളുടെ ഗവൺമെന്റ് യോജിച്ച ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ മൂലധനത്തിന്റെ ആവശ്യം തിരിച്ചറിഞ്ഞ്, ബഹുമുഖ വികസന ഏജൻസികൾ മുഖേന പ്രത്യേക സാമ്പത്തിക സഹായം ഞങ്ങൾ സുഗമമാക്കും. നടപ്പു സാമ്പത്തിക വർഷത്തിൽ **15,000** കോടി രൂപയും വരും വർഷങ്ങളിൽ അധിക തുകകളും ക്രമീകരിക്കും.

**34.** ആന്ധ്രാപ്രദേശിന്റെയും കർഷകരുടെയും ജീവനാഡിയായ പോളവാരം ജലസേചന പദ്ധതിക്ക് ധനസഹായം നൽകാനും വേഗത്തിൽ പൂർത്തിയാക്കാനും ഞങ്ങളുടെ ഗവൺമെന്റ് പൂർണമായും പ്രതിജ്ഞാബദ്ധമാണ്. ഇത് നമ്മുടെ രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെയും സുഗമമാക്കും.

**35.** വ്യാവസായിക വികസനം പ്രോത്സാഹിപ്പിക്കുന്നതിനായി, വിശാഖപട്ടണംചെന്നൈ വ്യവസായ ഇടനാഴിയിലെ കൊപ്പർത്തി നോഡിലും ഹൈദരാബാദ്ബെംഗളൂരു വ്യാവസായിക ഇടനാഴിയിലെ ഒർവക്കൽ നോഡിലും വെള്ളം, വൈദ്യുതി, റെയിൽവേ, റോഡ് തുടങ്ങിയ അവശ്യ അടിസ്ഥാന സൗകര്യങ്ങൾക്ക് ഈ നിയമപ്രകാരം ഫണ്ട് നൽകും. സാമ്പത്തിക വളർച്ചയ്ക്കായി മൂലധന നിക്ഷേപത്തിനായി ഈ വർഷം അധിക വിഹിതം നൽകും.

**36.** രായലസീമ, പ്രകാശം, വടക്കൻ തീരദേശ ആന്ധ്ര എന്നിവിടങ്ങളിലെ പിന്നാക്ക പ്രദേശങ്ങൾക്കായി നിയമത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഗ്രാന്റുകളും നൽകും.

**പ്രധാനമന്ത്രി ആവാസ് യോജന**

**37.** പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ രാജ്യത്ത് ഗ്രാമങ്ങളിലും നഗരങ്ങളിലും മൂന്ന് കോടി അധിക വീടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്, അതിനായി ആവശ്യമായ വിഹിതം നീക്കി വെച്ചുകൊണ്ടിരിക്കുന്നു.

**സ്ത്രീകൾ നയിക്കുന്ന വികസനം**

**38.** സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിന്, സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രയോജനപ്പെടുന്ന പദ്ധതികൾക്കായി ബജറ്റിൽ **3** ലക്ഷം കോടി രൂപയിലധികം വകയിരുത്തുന്നു. സാമ്പത്തിക വികസനത്തിൽ സ്ത്രീകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനുള്ള നമ്മുടെ ഗവൺമെന്റിന്റെ പ്രതിബദ്ധതയെ ഇത് സൂചിപ്പിക്കുന്നു.

പ്രധാനമന്ത്രി ജനജാതിയ ഉന്നത് ഗ്രാമ അഭിയാൻ

**39.** ആദിവാസി സമൂഹങ്ങളുടെ സാമൂഹികസാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന്, ആദിവാസിഭൂരിപക്ഷ ഗ്രാമങ്ങളിലെയും വികസനം കാംക്ഷിക്കുന്ന ജില്ലകളിലെയും ആദിവാസി കുടുംബങ്ങൾക്കായി പരുപൂരിത കവറേജിനായി ഞങ്ങൾ പ്രധാനമന്ത്രി ജൻജാതിയ ഉന്നത് ഗ്രാമ അഭിയാൻ ആരംഭിക്കും. ഇത് **63,000** ഗ്രാമങ്ങളിൽ **5** കോടി ആദിവാസികൾക്ക് പ്രയോജനം ചെയ്യും.

വടക്കുകിഴക്കൻ മേഖലയിലെ ബാങ്ക് ശാഖകൾ

**40.** ബാങ്കിംഗ് സേവനങ്ങൾ വിപുലീകരിക്കുന്നതിനായി ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്കിന്റെ നൂറിലധികം ശാഖകൾ വടക്കുകിഴക്കൻ മേഖലയിൽ സ്ഥാപിക്കും.

**41.** ഈ വർഷം, ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമീണ വികസനത്തിനായി **2.66** ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മുൻഗണന **4**: നിർമ്മാണവും സേവനങ്ങളും

എംഎസ്എംഇകളുടെ പ്രോത്സാഹനത്തിനുള്ള പിന്തുണ

**42.** ഈ ബജറ്റ് എംഎസ്എംഇകൾക്കും ഉൽപ്പാദനത്തിനും പ്രത്യേക ശ്രദ്ധ നൽകുന്നു, പ്രത്യേകിച്ച് തൊഴിലാളികളെ

അടിസ്ഥാനമാക്കിയുള്ള ഉൽപ്പാദനത്തിന്. ഇടക്കാല ബജറ്റിൽ സൂചിപ്പിച്ചതുപോലെ, എംഎസ്എംഇകളെ വളരാനും ആഗോളതലത്തിൽ മത്സരിക്കാനും സഹായിക്കുന്നതിന് ഫിനാൻസിംഗ്, റെഗുലേറ്ററി മാറ്റങ്ങൾ, സാങ്കേതിക പിന്തുണ എന്നിവ ഉൾക്കൊള്ളുന്ന ഒരു പാക്കേജ് ഞങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ട്. ഇനിപ്പറയുന്ന നിർദ്ദിഷ്ട നടപടികൾ പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

നിർമ്മാണ മേഖലയിലെ എംഎസ്എംഇകൾക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി

**43.** ഈട് അല്ലെങ്കിൽ മൂന്നാം കക്ഷി ഗ്യാരന്റി ഇല്ലാതെ യന്ത്രസാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിന് എംഎസ്എംഇകൾക്ക് ടേം ലോണുകൾ സുഗമമാക്കുന്നതിന്, ഒരു ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം അവതരിപ്പിക്കും. ഇത്തരം എംഎസ്എംഇകളുടെ ക്രെഡിറ്റ് റിസ്ക്കുകളുടെ സംയോജനത്തിലൂടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വായ്പ്പാത്തുക വലുതാകുന്നപക്ഷം പ്രത്യേകം രൂപീകരിച്ച ഒരു സെൽഫ് ഫിനാൻസിങ് ഗ്യാരന്റി ഫണ്ട്, ഓരോ അപേക്ഷകനും 100 കോടി രൂപ വരെ ഗ്യാരണ്ടി പരിരക്ഷ നൽകും. വായ്പയെടുക്കുന്നയാൾ മുൻകൂർ ഗ്യാരന്റി ഫീസും കുറയ്ക്കുന്ന വായ്പാബാക്കിക്കു വാർഷിക ഗ്യാരണ്ടി ഫീസും നൽകേണ്ടിവരും.

## എംഎസ്എംഇ വായ്പയ്ക്കായി പുതിയ മൂല്യനിർണ്ണയ മാതൃക

**44.** പൊതുമേഖലാ ബാങ്കുകൾ ബാഹ്യ മൂല്യനിർണ്ണയത്തെ ആശ്രയിക്കുന്നതിനുപകരം, എംഎസ്എംഇകളെ വായ്പയ്ക്കായി വിലയിരുത്തുന്നതിനുള്ള അവരുടെ ആന്തരിക ശേഷി വികസിപ്പിക്കും. സമ്പദ്വ്യവസ്ഥയിലെ എംഎസ്എംഇകളുടെ ഡിജിറ്റൽ കാൽപ്പാടുകളുടെ സ്കോറിംഗിനെ അടിസ്ഥാനമാക്കി ഒരു പുതിയ വായ്പാ വിലയിരുത്തൽ മാതൃക വികസിപ്പിക്കുന്നതിന് അവർ നേതൃത്വം നൽകും. ആസ്തി അല്ലെങ്കിൽ വിറ്റുവരവ് മാനദണ്ഡങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള, വായ്പായോഗ്യതയുടെ പരമ്പരാഗത മൂല്യനിർണ്ണയത്തെ അപേക്ഷിച്ച് ഗണ്യമായ പുരോഗതി ഇതിലൂടെ പ്രതീക്ഷിക്കുന്നു.

ഔപചാരിക അക്കൗണ്ടിംഗ് സംവിധാനമില്ലാത്ത എംഎസ്എംഇകളെയും ഇത് പരിരക്ഷിക്കും.

**പ്രതിസന്ധി കാലയളവിൽ എംഎസ്എംഇകൾക്ക് വായ്പാ പിന്തുണ**

**45.** എംഎസ്എംഇകൾക്ക് അവരുടെ പ്രതിസന്ധി കാലയളവിൽ ബാങ്ക് വായ്പയുടെ തുടർച്ച സുഗമമാക്കുന്നതിനുള്ള ഒരു പുതിയ സംവിധാനം പ്രഖ്യാപിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. തങ്ങളുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാൽ 'സ്പെഷ്യൽ മെൻഷൻ അക്കൗണ്ട്' (എസ്എംഎ) ഘട്ടത്തിലായിരിക്കുമ്പോൾ, എംഎസ്എംഇകൾക്ക് അവരുടെ ബിസിനസ്സ് തുടരാനും എൻപിഎ ഘട്ടത്തിലേക്ക് കടക്കാതിരിക്കാനും വായ്പ ആവശ്യമാണ്. ഗവൺമെന്റ്പ്രൊമോട്ട് ചെയ്ത ഫണ്ടിൽ നിന്നുള്ള ഒരു ഗ്യാരണ്ടി മുഖേന വായ്പാലഭ്യതയെ പിന്തുണയ്ക്കും.

മുദ്ര വായ്പകൾ

**46.** 'തരുൺ' വിഭാഗത്തിന് കീഴിൽ മുൻകാലത്തു വായ്പകൾ നേടുകയും വിജയകരമായി തിരിച്ചടയ്ക്കുകയും ചെയ്ത സംരംഭകർക്ക് മുദ്ര വായ്പകളുടെ പരിധി നിലവിലെ 10 ലക്ഷത്തിൽ നിന്ന് 20 ലക്ഷമായി ഉയർത്തും.

**ട്രെഡ്സിൽ നിർബന്ധിത ഓൺബോർഡിംഗിനുള്ള മെച്ചപ്പെട്ട സാധ്യത**

**47.** എംഎസ്എംഇകൾക്ക് അവരുടെ വ്യാപാര സ്വീകാര്യത പണമാക്കി മാറ്റിക്കൊണ്ട് പ്രവർത്തന മൂലധനം നേടുന്നതിനായി, ട്രെഡ്സ് പ്ലാറ്റ്ഫോമിൽ നിർബന്ധിത ഓൺബോർഡിംഗിനായുള്ള, വാങ്ങുന്നവരുടെ വിറ്റുവരവ് പരിധി 500 കോടി രൂപയിൽ നിന്ന് 250 കോടി രൂപയായി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ഈ നടപടി 22 സിപിഎസ്ഇകളെയും 7000 കമ്പനികളെയും കൂടി പ്ലാറ്റ്ഫോമിലേക്ക് കൊണ്ടുവരും. ഇടത്തരം സംരംഭങ്ങളെയും വിതരണക്കാരുടെ പരിധിയിൽ ഉൾപ്പെടുത്തും.

**എംഎസ്എംഇ ക്ലസ്റ്ററുകളിൽ സിഡ്ബി ശാഖകൾ**

**48.** സിഡ്ബി 3 വർഷത്തിനുള്ളിൽ എല്ലാ പ്രധാന എംഎസ്എംഇ ക്ലസ്റ്ററുകൾക്കും സേവനം നൽകുന്നതിനും അവയ്ക്ക് നേരിട്ട് വായ്പ നൽകുന്നതിനുമായി അതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് പുതിയ ശാഖകൾ തുറക്കും. ഈ വർഷം ഇത്തരം 24 ശാഖകൾ തുറക്കുന്നതോടെ 242 പ്രധാന ക്ലസ്റ്ററുകളിൽ സേവന കവറേജ് 168 ആയി വിപുലപ്പെടും.

ഫുഡ് റേഡിയേഷൻ, മേൻമ, സുരക്ഷാ പരിശോധന എന്നിവയ്ക്കുള്ള എംഎസ്എംഇ യൂണിറ്റുകൾ

**49.** എംഎസ്എംഇ മേഖലയിൽ 50 മൾട്ടിപ്രൊഡക്ട് ഫുഡ് റേഡിയേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകും. എൻഎബിഎൽ അംഗീകാരത്തോടെ 100 ഭക്ഷ്യ ഗുണനിലവാര സുരക്ഷാ പരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിന് സൗകര്യമൊരുക്കും.

**ഇകൊമേഴ്സ് കയറ്റുമതി കേന്ദ്രങ്ങൾ**

**50.** എംഎസ്എംഇകളെയും പരമ്പരാഗത കരകൗശല വിദഗ്ധരെയും അവരുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിൽ വിൽക്കാൻ പ്രാപ്തമാക്കുന്നതിന്, പൊതുസ്വകാര്യപങ്കാളിത്ത (പിപിപി) മാതൃകയിൽ ഇകൊമേഴ്സ് കയറ്റുമതി ഹബുകൾ സ്ഥാപിക്കും. തടസ്സങ്ങളില്ലാത്ത നിയന്ത്രണ, ചരക്കുനീക്ക ചട്ടക്കൂടിന് കീഴിലുള്ള ഈ ഹബുകൾ, വ്യാപാരവും കയറ്റുമതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഒരു മേൽക്കൂരയിൽ സുഗമമായി ലഭ്യമാക്കും.

**നിർമ്മാണവും സേവനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

**മുൻനിര കമ്പനികളിൽ ഇന്റേൺഷിപ്പ്**

**51.** പ്രധാനമന്ത്രിയുടെ പാക്കേജിന് കീഴിലുള്ള അഞ്ചാമത്തെ പദ്ധതി എന്ന നിലയിൽ, 5 വർഷത്തിനുള്ളിൽ 1 കോടി യുവാക്കൾക്ക് 500 മുൻനിര കമ്പനികളിൽ ഇന്റേൺഷിപ്പ് അവസരങ്ങൾ നൽകുന്നതിനുള്ള സമഗ്രമായ പദ്ധതി ഞങ്ങളുടെ ഗവൺമെന്റ് ആരംഭിക്കും. യഥാർത്ഥ ബിസിനസ്സ് അന്തരീക്ഷം, വിവിധ തൊഴിലുകൾ, തൊഴിലവസരങ്ങൾ എന്നിവയുമായി 12 മാസത്തേക്ക് അവർ എക്സ്പോഷർ നേടും. പ്രതിമാസം 5,000 രൂപ ഇന്റേൺഷിപ്പ് അലവൻസിനൊപ്പം 6,000 രൂപ ഒറ്റത്തവണ സഹായവും നൽകും. പരിശീലനച്ചെലവും ഇന്റേൺഷിപ്പ് ചെലവിന്റെ 10 ശതമാനവും അവരുടെ സിഎസ്ആർ ഫണ്ടിൽ നിന്ന് കമ്പനികൾ വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വ്യവസായ പാർക്കുകൾ**

**52.** നഗരാസൂത്രണ പദ്ധതികൾ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തി, സംസ്ഥാനങ്ങളുമായും സ്വകാര്യ മേഖലകളുമായും സഹകരിച്ച് 100 നഗരങ്ങളിലോ സമീപത്തോ സമ്പൂർണ അടിസ്ഥാന സൗകര്യങ്ങളോടെ നിക്ഷേപത്തിന് തയ്യാറുള്ള 'പ്ലഗ് ആൻഡ് പ്ലേ' വ്യവസായ പാർക്കുകളുടെ വികസനത്തിന് ഞങ്ങളുടെ ഗവൺമെന്റ് സൗകര്യമൊരുക്കും.

**53.** ദേശീയ വ്യവസായ ഇടനാഴി വികസന പരിപാടിക്ക് കീഴിൽ പന്ത്രണ്ട് വ്യവസായ പാർക്കുകൾക്കും അനുമതി നൽകും.

**വാടകവീട്**

**54.** വ്യാവസായിക തൊഴിലാളികൾക്ക് ഡോർമിറ്ററി തരത്തിലുള്ള താമസ സൗകര്യങ്ങളോടുകൂടിയ വാടകവീട് പിപിപി മാതൃകയിൽ വിജിഎഫ് പിന്തുണയോടെയും ആങ്കർ വ്യവസായങ്ങളിൽ നിന്നുള്ള പ്രതിബദ്ധതയോടെയും ലഭ്യമാക്കും.

**ഷിപ്പിംഗ് വ്യവസായം**

55 ഇന്ത്യൻ ഷിപ്പിംഗ് വ്യവസായത്തിന്റെ പങ്ക് മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഉടമസ്ഥാവകാശം, പാട്ടം, ഫ്ളാഗിങ് പരിഷ്കാരങ്ങൾ എന്നിവ നടപ്പിലാക്കും.

**ക്രിറ്റിക്കൽ മിനറൽ മിഷൻ**

**56.** നിർണായക ധാതുക്കളുടെ ആഭ്യന്തര ഉൽപ്പാദനം, പുനരുപയോഗം, വിദേശത്തുനിന്നു നിർണായക ധാതുക്കൾ നേടിയെടുക്കൽ എന്നീ കാര്യങ്ങൾക്കായി ഞങ്ങൾ ഒരു ക്രിട്ടിക്കൽ മിനറൽ മിഷൻ രൂപീകരിക്കും. സാങ്കേതിക വികസനം, വൈദഗ്ധ്യമുള്ള തൊഴിലാളികൾ, വിപുലീകൃത ഉൽപാദക ഉത്തരവാദിത്ത ചടക്കൂട്, അനുയോജ്യമായ ഫിനാൻസിങ് സംവിധാനം എന്നിവ ഇതിന്റെ ഉദ്ദേശ്യങ്ങളിൽ ഉൾപ്പെടുന്നു.

ധാതുക്കളുടെ കടൽ ഖനനം

**57.** ഖനനത്തിനായുള്ള ഓഫ്ഷോർ ബ്ലോക്കുകളുടെ ആദ്യഘട്ട ലേലം ഞങ്ങളുടെ ഗവൺമെന്റ് ആരംഭിക്കും.

**ഡിജിറ്റൽ പൊതു അടിസ്ഥാനസൗകര്യ ആപ്ലിക്കേഷനുകൾ**

**58.** സേവന മേഖലയിലേക്ക് തിരിയുമ്പോൾ, ഉത്പാദനക്ഷമത നേട്ടങ്ങൾ, ബിസിനസ് അവസരങ്ങൾ, സ്വകാര്യ മേഖലയുടെ നവീകരണം എന്നിവയ്ക്കായി ജനസംഖ്യാ സ്കെയിലിൽ ഡിപിഐ ആപ്ലിക്കേഷനുകൾ വികസിപ്പിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ക്രെഡിറ്റ്, ഇകൊമേഴ്സ്, വിദ്യാഭ്യാസം, ആരോഗ്യം, നിയമവും നീതിയും, ചരക്കുനീക്കം്, എംഎസ്എംഇ, സേവന വിതരണം, നഗര ഭരണം എന്നീ മേഖലകളിലാണ് ഇവ ആസൂത്രണം ചെയ്തിരിക്കുന്നത്.

**ഐബിസി ഇക്കോ സിസ്റ്റത്തിനായുള്ള സംയോജിത സാങ്കേതികവിദ്യാ പ്ലാറ്റ്ഫോം**

**59.** എല്ലാ പങ്കാളികൾക്കും സ്ഥിരത, സുതാര്യത, സമയബന്ധിതമായ സംസ്കരണം, മികച്ച മേൽനോട്ടം എന്നിവ കൈവരിക്കുന്നതിന് ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റ്സി കോഡ് (ഐബിസി) പ്രകാരമുള്ള ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഒരു സംയോജിത സാങ്കേതിക പ്ലാറ്റ്ഫോം സ്ഥാപിക്കും.

**എൽഎൽപികൾ സ്വമേധയാ അടച്ചുപൂട്ടൽ**

**60.** അടച്ചുപൂട്ടൽ സമയം കുറയ്ക്കുന്നതിനായി എൽഎൽപികൾ സ്വമേധയാ അടച്ചുപൂട്ടുന്നതിന് സെന്റർ ഫോർ പ്രോസസ്സിംഗ് ആക്സിലറേറ്റഡ് കോർപ്പറേറ്റ് എക്സിറ്റിന്റെ (സിപെയ്സ്) സേവനങ്ങൾ വിപുലീകരിക്കും.

**ദേശീയ കമ്പനി നിയമ ട്രൈബ്യൂണലുകൾ**

**61.** ഐബിസി **1,000**ലധികം കമ്പനികളുടെ കാര്യത്തിൽ തീരുമാനമെടുത്തു. അതിന്റെ ഫലമായി **3.3** ലക്ഷം കോടിയിലേറെ രൂപ നേരിട്ട് വീണ്ടെടുക്കാൻ കഴിഞ്ഞു. കൂടാതെ, **10** ലക്ഷം കോടി രൂപയിലധികം വരുന്ന **28,000** കേസുകൾ കോടതി പരിഗണിക്കും മുൻപേ തന്നെ തീർപ്പാക്കാനായി.

**62.** ഐബിസിയിൽ ഉചിതമായ മാറ്റങ്ങൾ, ട്രിബ്യൂണലുകളുടെയും അപ്പലേറ്റ് ്രൈടെബ്യൂണലുകളുടെയും പരിഷ്കരണങ്ങളും ശക്തിപ്പെടുത്തലും എന്നിവ പാപ്പരത്ത പരിഹാരം വേഗത്തിലാക്കാനായി നടപ്പാക്കും. അധിക ട്രൈബ്യൂണലുകൾ സ്ഥാപിക്കും. അവയിൽ ചിലത് കമ്പനി നിയമത്തിന് കീഴിലുള്ള കേസുകൾ തീർപ്പാക്കാനായി വിജ്ഞാപനം ചെയ്യും.

**കടം വീണ്ടെടുക്കൽ**

**63.** കടം വീണ്ടെടുക്കൽ ട്രിബ്യൂണലുകളെ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. വീണ്ടെടുക്കൽ വേഗത്തിലാക്കാൻ അധിക ട്രൈബ്യൂണലുകൾ സ്ഥാപിക്കും.

**മുൻഗണന 5: നഗര വികസനം**

**വളർച്ചാ കേന്ദ്രങ്ങളായി നഗരങ്ങൾ**

**64.** സംസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിച്ചുകൊണ്ട് 'നഗരങ്ങളെ വളർച്ചാ കേന്ദ്രങ്ങളായി' വികസിപ്പിക്കുന്നതിന് നമ്മുടെ ഗവൺമെന്റ് സൗകര്യമൊരുക്കും. സാമ്പത്തിക, ഗതാഗത ആസൂത്രണവും നഗരാസൂത്രണ പദ്ധതികൾ ഉപയോഗിച്ച് നഗരത്തിന് ചുറ്റുമുള്ള പ്രദേശങ്ങളുടെ ചിട്ടയായ വികസനവും നടപ്പാക്കുക വഴിയാകും ഇത് കൈവരിക്കുക

.

**നഗരങ്ങളുടെ സൃഷ്ടിപരമായ പുനർവികസനം**

**65.** നിലവിലുള്ള നഗരങ്ങളുടെ ക്രിയാത്മകമായ ബ്രൗൺഫീൽഡ് പുനർവികസനത്തിനായി, നയങ്ങളും വിപണി അധിഷ്ഠിത സംവിധാനങ്ങളും നിയന്ത്രണങ്ങളും പ്രാപ്തമാക്കുന്നതിനുള്ള ഒരു ചട്ടക്കൂട് ഞങ്ങളുടെ ഗവൺമെന്റ് രൂപപ്പെടുത്തും.

ട്രാൻസിറ്റ് ഓറിയന്റഡ് വികസനം

**66.** **30** ലക്ഷത്തിന് മുകളിൽ ജനസംഖ്യയുള്ള **14** വൻ നഗരങ്ങൾക്കായുള്ള ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് പ്ലാനുകൾ നടപ്പിലാക്കുകയും ധനസഹായം നൽകുകയും ചെയ്യും.

**നഗര ഭവന പദ്ധതി**

**67.** പ്രധാനമന്ത്രി ആവാസ് യോജന അർബൻ **2.0** പ്രകാരം, **10** ലക്ഷം കോടി രൂപ മുതൽമുടക്കിൽ **1** കോടി നഗര ദരിദ്രരുടെയും ഇടത്തരം കുടുംബങ്ങളുടെയും പാർപ്പിട ആവശ്യങ്ങൾ പരിഹരിക്കും. അടുത്ത **5** വർഷത്തിനുള്ളിൽ **2.2** ലക്ഷം കോടി രൂപയുടെ കേന്ദ്രസഹായവും ഇതിൽ ഉൾപ്പെടും. മിതമായ

നിരക്കിൽ വായ്പകൾ സുഗമമാക്കുന്നതിന് പലിശ സബ്സിഡിയും വിഭാവനം ചെയ്തിട്ടുണ്ട്.

**68.** കൂടാതെ, കാര്യക്ഷമവും സുതാര്യവുമായ വാടക പാർപ്പിട വിപണികൾക്കായുള്ള നയങ്ങളും നിയന്ത്രണങ്ങളും പ്രാപ്തമാക്കുകയും ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യും.

**ജലവിതരണവും ശുചിത്വവും**

**69.** സംസ്ഥാന ഗവൺമെന്റുകളുമായും ബഹുമുഖ വികസന ബാങ്കുകളുമായും സഹകരിച്ച് 100 വൻ നഗരങ്ങൾക്കുള്ള ജലവിതരണം, മലിനജല സംസ്കരണം, ഖരമാലിന്യ സംസ്കരണ പദ്ധതികളും സേവനങ്ങളും എന്നിവ ഞങ്ങൾ പ്രോത്സാഹിപ്പിക്കും. ജലസേചനത്തിനും സമീപ പ്രദേശങ്ങളിലെ ടാങ്കുകൾ നിറയ്ക്കുന്നതിനും ശുദ്ധീകരിച്ച വെള്ളം ഉപയോഗിക്കാനും ഈ പദ്ധതികൾ വിഭാവനം ചെയ്യും.

വഴിയോര അങ്ങാടികൾ

**70.** വഴിയോരക്കച്ചവടക്കാരുടെ ജീവിതത്തെ പരിവർത്തനം ചെയ്യുന്നതിൽ പ്രധാനമന്ത്രി സ്വാനിധി പദ്ധതിയുടെ വിജയത്തെ അടിസ്ഥാനമാക്കി, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ തിരഞ്ഞെടുത്ത നഗരങ്ങളിൽ 100 പ്രതിവാര 'ഹാറ്റ്' അല്ലെങ്കിൽ തെരുവ് ഭക്ഷണ കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ഓരോ വർഷവും പിന്തുണ നൽകുന്ന ഒരു പദ്ധതി ഞങ്ങളുടെ ഗവൺമെന്റ് വിഭാവനം ചെയ്യുന്നു.

**സ്റ്റാമ്പ് ഡ്യൂട്ടി**

**71.** ഉയർന്ന സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നത് തുടരുന്ന സംസ്ഥാനങ്ങളെ, എല്ലാവരുടെയും നിരക്കുകൾ നിയന്ത്രിക്കുന്നതിന് ഞങ്ങൾ പ്രോത്സാഹിപ്പിക്കും. കൂടാതെ സ്ത്രീകൾ വാങ്ങുന്ന വസ്തുവകകൾക്കുള്ള തീരുവ കുറയ്ക്കുന്നതും പരിഗണിക്കും. ഈ

പരിഷ്കാരം നഗരവികസന പദ്ധതികളുടെ അനിവാര്യ ഘടകമാക്കും.

മുൻഗണന 6: ഊർജ്ജ സുരക്ഷ

ഊർജ്ജ പരിവർത്തനം

**72.** ഊർജ്ജ സുരക്ഷയ്ക്കൊപ്പം ലഭ്യത, പ്രാപ്യത, താങ്ങാവുന്ന വില എന്നിവയിൽ ഉയർന്നതും കൂടുതൽ വിഭവശേഷിയുള്ളതുമായ സാമ്പത്തിക വളർച്ച നിലനിർത്തുന്നതിനുള്ള ഞങ്ങളുടെ കാഴ്ച്ചപ്പാട് ഇടക്കാല ബജറ്റിൽ ഞാൻ പ്രഖ്യാപിച്ചിരുന്നു. തൊഴിൽ, വളർച്ച, പാരിസ്ഥിതിക സുസ്ഥിരത എന്നിവയുടെ അനിവാര്യതകളെ സന്തുലിതമാക്കുന്ന ഉചിതമായ ഊർജ്ജ സംക്രമണ പാതകളെക്കുറിച്ചുള്ള ഒരു നയരേഖ ഞങ്ങൾ കൊണ്ടുവരും.

പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജന

**73.** ഇടക്കാല ബജറ്റിലെ പ്രഖ്യാപനത്തിന് അനുസൃതമായി, **1** കോടി കുടുംബങ്ങൾക്ക് പ്രതിമാസം **300** യൂണിറ്റ് വരെ സൗജന്യ വൈദ്യുതി ലഭിക്കുന്നതിന് മേൽക്കൂരയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന ആരംഭിച്ചു. **1.28** കോടിയിലധികം രജിസ്ട്രേഷനുകളും **14** ലക്ഷം അപേക്ഷകളുമായി ഈ പദ്ധതി ശ്രദ്ധേയമായ പ്രതികരണം സൃഷ്ടിച്ചു, ഞങ്ങൾ അതിനെ കൂടുതൽ പ്രോത്സാഹിപ്പിക്കും.

**ഊർജിത ജലവൈദ്യുത നയം**

**74.** വൈദ്യുതി സംഭരണത്തിനായി ഉർജ്ജിത ജല വൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു നയം കൊണ്ടുവരും. മൊത്തത്തിലുള്ള ഊർജ്ജ മിശ്രിതത്തിൽ പുനരുൽപ്പാദിപ്പിക്കാവുന്ന ഊർജ്ജത്തിന്റെ വർദ്ധിച്ചുവരുന്ന പങ്ക് അതിന്റെ മാറ്റവും ഇടയ്ക്കിടെയുള്ള സ്വഭാവവും സുഗമമായി സംയോജിപ്പിക്കുന്നതിന് സഹായിക്കുന്നു.

ചെറുതും മോഡുലാർ ആയതുമായ ആണവ റിയാക്ടറുകളുടെ **ഗവേഷണവും വികസനവും**

**75.** വികസിത ഭാരതത്തിന്റെ ഊർജ്ജ മിശ്രിതത്തിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് ആണവോർജം എന്ന് പ്രതീക്ഷിക്കുന്നു. അതിനായി, (1) ഭാരത് ചെറുകിട റിയാക്ടറുകൾ സ്ഥാപിക്കുന്നതിനും (2) ഭാരത് സ്മോൾ മോഡുലാർ റിയാക്ടറിന്റെ ഗവേഷണത്തിനും വികസനത്തിനും (3) ആണവോർജ്ജത്തിനായുള്ള പുതിയ സാങ്കേതികവിദ്യകളുടെ ഗവേഷണത്തിനും വികസനത്തിനും വേണ്ടി ഞങ്ങളുടെ ഗവൺമെന്റ് സ്വകാര്യ മേഖലയുമായി സഹകരിക്കും. ഇടക്കാല ബജറ്റിൽ പ്രഖ്യാപിച്ച ആർ ആൻഡ് ഡി ഫണ്ട് ഈ മേഖലയ്ക്ക് ലഭ്യമാക്കും.

**വിപുലമായ അൾട്രാ സൂപ്പർ ക്രിട്ടിക്കൽ തെർമൽ പവർ പ്ലാന്റുകൾ**

**76.** ഉയർന്ന പ്രവർത്തനക്ഷമതയോടുകൂടിയ അഡ്വാൻസ്ഡ് അൾട്രാ സൂപ്പർ ക്രിട്ടിക്കൽ (എയുഎസ്സി) താപവൈദ്യുത നിലയങ്ങൾക്കായുള്ള തദ്ദേശീയ സാങ്കേതികവിദ്യയുടെ വികസനം പൂർത്തിയായി. എൻടിപിസിയും ഭെല്ലും ചേർന്നുള്ള സംയുക്ത സംരംഭം എയുഎസ്സി സാങ്കേതികവിദ്യ ഉപയോഗിച്ച് 800 മെഗാവാട്ട് വാണിജ്യ പ്ലാന്റ് സ്ഥാപിക്കും. ആവശ്യമായ ധനസഹായം ഗവൺമെന്റ് നൽകും. ഈ പ്ലാന്റുകൾക്കായുള്ള ഉയർന്ന ഗ്രേഡ് സ്റ്റീലിന്റെയും മറ്റ് നൂതന മെറ്റലർജി വസ്തുക്കളുടെയും ഉൽപ്പാദനത്തിനുള്ള തദ്ദേശീയ ശേഷി വികസിപ്പിക്കുന്നത്, സമ്പദ്വ്യവസ്ഥയ്ക്ക് ശക്തമായ സ്പിൻഓഫ് നേട്ടങ്ങൾക്ക് കാരണമാകും.

**'ഹാർഡ് ടു അബേറ്റ്' വ്യവസായങ്ങൾക്കുള്ള റോഡ്മാപ്പ്**

**77.** 'ഹാർഡ് ടു അബേറ്റ്' വ്യവസായങ്ങളെ 'ഊർജ്ജ കാര്യക്ഷമത' ലക്ഷ്യങ്ങളിൽ നിന്ന് 'എമിഷൻ ടാർഗെറ്റുകളിലേക്ക്' മാറ്റുന്നതിനുള്ള ഒരു റോഡ്മാപ്പ് രൂപീകരിക്കും. ഈ വ്യവസായങ്ങളെ നിലവിലെ 'പെർഫോം, അച്ചീവ്, ട്രേഡ്' മാതൃകയിൽ നിന്ന് 'ഇന്ത്യൻ കാർബൺ

മാർക്കറ്റ്' മാതൃകയിലേക്ക് മാറ്റുന്നതിന് ഉചിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

പരമ്പരാഗത ചെറുകിട വ്യവസായങ്ങൾക്ക് പിന്തുണ

**78.** പിച്ചള, സെറാമിക് എന്നിവയുൾപ്പെടെ **60** ക്ലസ്റ്ററുകളിലായി പരമ്പരാഗത സൂക്ഷ്മ ചെറുകിട വ്യവസായങ്ങളുടെ നിക്ഷേപ നിലവാരത്തിലുള്ള ഊർജ ഓഡിറ്റ് സുഗമമാക്കും. ഊർജത്തിന്റെ ശുദ്ധമായ രൂപങ്ങളിലേക്ക് അവയെ മാറ്റുന്നതിനും ഊർജ കാര്യക്ഷമതാ നടപടികൾ നടപ്പിലാക്കുന്നതിനും സാമ്പത്തിക സഹായം നൽകും. അടുത്ത ഘട്ടത്തിൽ **100** ക്ലസ്റ്ററുകളിൽ പദ്ധതി ആവർത്തിക്കും.

**മുൻഗണന 7: അടിസ്ഥാന സൗകര്യങ്ങൾ**

**കേന്ദ്ര ഗവൺമെന്റിന്റെ അടിസ്ഥാന സൗകര്യ നിക്ഷേപം**

**79.** അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിലും മെച്ചപ്പെടുത്തുന്നതിലും കേന്ദ്ര ഗവൺമെന്റ് വർഷങ്ങളായി നടത്തിയ സുപ്രധാന നിക്ഷേപം സമ്പദ്വ്യവസ്ഥയിൽ ശക്തമായ ഗുണനഫലം ഉണ്ടാക്കി. മറ്റ് മുൻഗണനകളുടെയും സാമ്പത്തിക ഏകീകരണത്തിന്റെയും അനിവാര്യതകൾക്കൊപ്പം അടുത്ത **5** വർഷങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ശക്തമായ സാമ്പത്തിക പിന്തുണ നിലനിർത്താൻ ഞങ്ങൾ ശ്രമിക്കും. ഈ വർഷം മൂലധനച്ചെലവിനായി **11,11,111** കോടി രൂപ വകയിരുത്തി. ഇത് നമ്മുടെ ജിഡിപിയുടെ **3.4** ശതമാനമായിരിക്കും.

**സംസ്ഥാന ഗവൺമെന്റുകളുടെ അടിസ്ഥാന സൗകര്യ നിക്ഷേപം**

**80.** സംസ്ഥാനങ്ങളുടെ വികസന മുൻഗണനകൾക്ക് വിധേയമായി അടിസ്ഥാന സൗകര്യവികസനത്തിന് സമാനമായ തോതിൽ പിന്തുണ നൽകാൻ ഞങ്ങൾ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കും. ദീർഘകാല പലിശരഹിത വായ്പകൾക്കായി ഈ വർഷവും **1.5** ലക്ഷം കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**അടിസ്ഥാന സൗകര്യങ്ങളിൽ സ്വകാര്യ നിക്ഷേപം**

**81.** വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിലൂടെയും നയങ്ങളും നിയന്ത്രണങ്ങളും പ്രാപ്തമാക്കുന്നതിലൂടെയും സ്വകാര്യ മേഖലയുടെ അടിസ്ഥാന സൗകര്യങ്ങളിലുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കും. വിപണി അടിസ്ഥാനമാക്കിയുള്ള ധനസഹായ ചട്ടക്കൂട് കൊണ്ടുവരും.

**പ്രധാനമന്ത്രി ഗ്രാം സഡക് യോജന (പി എം ജി എസ് വൈ)**

**82.** ജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് യോഗ്യരായ 25,000 ഗ്രാമീണ ആവാസവ്യവസ്ഥകൾക്ക് എല്ലാ കാലാവസ്ഥയിലും കണക്റ്റിവിറ്റി നൽകുന്നതിന് പി എം ജി എസ് വൈയുടെ നാലാം ഘട്ടം ആരംഭിക്കും.

**ജലസേചനവും വെള്ളപ്പൊക്ക ലഘൂകരണവും**

**83.** ബീഹാർ പലപ്പോഴും വെള്ളപ്പൊക്കം നിമിത്തം കഷ്ടപ്പെട്ടിട്ടുണ്ട്, അവയിൽ പലതും രാജ്യത്തിന് പുറത്താണ്. നേപ്പാളിൽ വെള്ളപ്പൊക്ക നിയന്ത്രണ സംവിധാനങ്ങൾ നിർമ്മിക്കാനുള്ള പദ്ധതികൾ ഇനിയും പുരോഗമിക്കാനിരിക്കുന്നതേ ഉള്ളൂ. നമ്മുടെ ഗവൺമെന്റ്, ത്വരിതപ്പെടുത്തിയ ജലസേചന ആനുകൂല്യ പരിപാടിയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയും, 11,500 കോടി രൂപയുടെ എസ്റ്റിമേറ്റ് ചെലവുള്ള പദ്ധതികളായ കോസി-മെച്ചി ഇൻട്രാസ്റ്റേറ്റ് ലിങ്ക്, ബാരേജുകൾ, നദി മലിനീകരണം കുറയ്ക്കൽ, ജലസേചന പദ്ധതികൾ എന്നിവ ഉൾപ്പെടെ നിലവിലുള്ള 20 പുതിയ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകും. കൂടാതെ, കോസിയുമായി ബന്ധപ്പെട്ട വെള്ളപ്പൊക്ക ലഘൂകരണ, ജലസേചന പദ്ധതികളുടെ സർവേയും അന്വേഷണവും ഏറ്റെടുക്കും.

**84.** ഇന്ത്യയ്ക്ക് പുറത്ത് ഉത്ഭവിക്കുന്ന ബ്രഹ്മപുത്ര നദിയും അതിന്റെ പോഷകനദികളും നിമിത്തം എല്ലാ വർഷവും വെള്ളപ്പൊക്കത്തിൽ അസം പിടിമുറുക്കുന്നു. വെള്ളപ്പൊക്ക

നിയന്ത്രണത്തിനും അനുബന്ധ പദ്ധതികൾക്കും ഞങ്ങൾ അസമിന് സഹായം നൽകും.

**85.** കഴിഞ്ഞ വർഷത്തെ വെള്ളപ്പൊക്കത്തിൽ ഹിമാചൽ പ്രദേശിന് വ്യാപകമായ നഷ്ടമുണ്ടായി. ബഹുമുഖ വികസന സഹായത്തിലൂടെ സംസ്ഥാനത്തിന് പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും ഞങ്ങളുടെ ഗവൺമെന്റ് സഹായം നൽകും.

**86.** മേഘവിസ്ഫോടനങ്ങളും വൻതോതിലുള്ള മണ്ണിടിച്ചിലും കാരണം ഉത്തരാഖണ്ഡിനും നഷ്ടം സംഭവിച്ചു. ഞങ്ങൾ സംസ്ഥാനത്തിന് സഹായം നൽകും.

**87.** സംസ്ഥാനത്തുടനീളം നാശം വിതച്ച വിനാശകരമായ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും അടുത്തിടെ സിക്കിം സാക്ഷ്യം വഹിച്ചു. നമ്മുടെ ഗവൺമെന്റ് ആ സംസ്ഥാനത്തിന് സഹായം നൽകും.

**ടൂറിസം**

**88.** ടൂറിസം എന്നും നമ്മുടെ നാഗരികതയുടെ ഭാഗമാണ്. ഇന്ത്യയെ ഒരു ആഗോള വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിനുള്ള നമ്മുടെ ശ്രമങ്ങൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുകയും മറ്റ് മേഖലകൾക്കുമുന്നിൽ സാമ്പത്തിക അവസരങ്ങൾ തുറക്കുകയും ചെയ്യും. ഇടക്കാല ബജറ്റിൽ പറഞ്ഞിരിക്കുന്ന നടപടികൾക്ക് പുറമേ, താഴെപ്പറയുന്ന നടപടികൾ ഞാൻ നിർദ്ദേശിക്കുന്നു.

**89.** ഗയയിലെ വിഷ്ണുപദ് ക്ഷേത്രവും ബിഹാറിലെ ബോധഗയയിലെ മഹാബോധി ക്ഷേത്രവും ആത്മീയ പ്രാധാന്യമുള്ളവയാണ്. വിജയകരമായ കാശി വിശ്വനാഥ ക്ഷേത്ര ഇടനാഴിയുടെ മാതൃകയിൽ വിഷ്ണുപദ് ക്ഷേത്ര ഇടനാഴിയുടെയും മഹാബോധി ക്ഷേത്ര ഇടനാഴിയുടെയും സമഗ്ര വികസനത്തെ പിന്തുണയ്ക്കും. അവയെ ലോകോത്തര തീർത്ഥാടന, വിനോദസഞ്ചാര കേന്ദ്രങ്ങളുമാക്കി മാറ്റും.

**90.** ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും ജൈനർക്കും രാജ്ഗീറിന് വലിയ മതപരമായ പ്രാധാന്യമുണ്ട്. ജൈനക്ഷേത്ര സമുച്ചയത്തിലെ ഇരുപതാമത്തെ തീർത്ഥങ്കര മുനിസുവ്രത ക്ഷേത്രം പുരാതനമാണ്. സപ്തഋഷി അല്ലെങ്കിൽ **7** ഉറവകൾ പവിത്രമായ ഒരു ഇളം ചൂടുവെള്ള ബ്രഹ്മകുണ്ഡം ഉണ്ടാക്കുന്നു. രാജ്ഗീറിന്റെ സമഗ്ര വികസന സംരംഭം ഏറ്റെടുക്കും.

**91.** നളന്ദ സർവ്വകലാശാലയെ അതിന്റെ മഹത്തായ നിലയിലേക്ക് പുനരുജ്ജീവിപ്പിക്കുന്നതിനൊപ്പം നളന്ദയെ ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് ഞങ്ങളുടെ ഗവൺമെന്റ് പിന്തുണ നൽകും.

**92.** ഒഡീഷയുടെ പ്രകൃതിസൗന്ദര്യം, ക്ഷേത്രങ്ങൾ, സ്മാരകങ്ങൾ, കരകൗശലവസ്തുക്കൾ, വന്യജീവി സങ്കേതങ്ങൾ, പ്രകൃതിദൃശ്യങ്ങൾ, പ്രാചീനകാലം മുതൽക്കുള്ള ബീച്ചുകൾ എന്നിവ ഇതിനെ ആത്യന്തിക ടൂറിസം കേന്ദ്രമാക്കി മാറ്റുന്നു. അവയുടെ വികസനത്തിന് നമ്മുടെ ഗവൺമെന്റ് സഹായം നൽകും.

**മുൻഗണന** 8: **നവീകരണം, ഗവേഷണം, വികസനം**

**93.** അടിസ്ഥാന ഗവേഷണത്തിനും പ്രോട്ടോടൈപ്പ് വികസനത്തിനുമായി ഞങ്ങൾ അനുസന്ധാൻ ദേശീയ ഗവേഷണ ഫണ്ട് പ്രവർത്തനക്ഷമമാക്കും. കൂടാതെ, ഇടക്കാല ബജറ്റിലെ പ്രഖ്യാപനത്തിന് അനുസൃതമായി **1** ലക്ഷം കോടി രൂപയുടെ ധനസഹായത്തോടെ വാണിജ്യാടിസ്ഥാനത്തിൽ സ്വകാര്യ മേഖലയെ അടിസ്ഥാനമാക്കിയുള്ള ഗവേഷണവും നവീകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംവിധാനം ഞങ്ങൾ സ്ഥാപിക്കും.

**ബഹിരാകാശ സമ്പദ്വ്യവസ്ഥ**

**94.** അടുത്ത **10** വർഷത്തിനുള്ളിൽ ബഹിരാകാശ സമ്പദ്വ്യവസ്ഥയെ **5** മടങ്ങ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായ ഊന്നൽ നൽകിക്കൊണ്ട്

ഞങ്ങൾ 1,000 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കും.

**മുൻഗണന 9: അടുത്ത തലമുറയുടെ പരിഷ്കാരങ്ങൾ**

**സാമ്പത്തിക നയ ചട്ടക്കൂട്**

**95.** സാമ്പത്തിക വികസനത്തോടുള്ള സമഗ്രമായ സമീപനം നിർവചിക്കുന്നതിനും തൊഴിലവസരങ്ങൾ സുഗമമാക്കുന്നതിനും ഉയർന്ന വളർച്ച നിലനിർത്തുന്നതിനുമായി അടുത്ത തലമുറയിലെ പരിഷ്കാരങ്ങളുടെ വ്യാപ്തി നിശ്ചയിക്കുന്നതിനു ഞങ്ങൾ ഒരു സാമ്പത്തിക നയ ചട്ടക്കൂട് രൂപീകരിക്കും.

**96.** (1) ഉൽപ്പാദന ഘടകങ്ങളുടെ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും (2) കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിപണികളെയും മേഖലകളെയും സുഗമമാക്കുന്നതിനും വേണ്ടിയുള്ള പരിഷ്കാരങ്ങൾ നമ്മുടെ ഗവൺമെന്റ് ആരംഭിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഭൂമി, തൊഴിൽ, മൂലധനം, സംരംഭകത്വം എന്നിങ്ങനെ ഉൽപ്പാദനത്തിന്റെ എല്ലാ ഘടകങ്ങളെയും ഈ പരിഷ്കാരങ്ങൾ ഉൾക്കൊള്ളുന്നു. ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും അസമത്വം കുറയ്ക്കുന്നതിനുമുള്ള ഒരു സഹായിയായി സാങ്കേതികവിദ്യ നിലകൊള്ളുന്നു.

**97.** ഈ പരിഷ്കാരങ്ങളിൽ പലതും ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണവും സമവായം രൂപപ്പെടുത്തലും ആവശ്യമാണ്. കാരണം രാജ്യത്തിന്റെ വികസനം സംസ്ഥാനങ്ങളുടെ വികസനത്തിലാണ്. മത്സരാധിഷ്ഠിത ഫെഡറലിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പരിഷ്കാരങ്ങൾ വേഗത്തിൽ നടപ്പിലാക്കുന്നതിന് സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, 50 വർഷത്തെ പലിശ രഹിത വായ്പയുടെ ഒരു പ്രധാന ഭാഗം

നീക്കിവയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങളുമായി ചേർന്ന് ഞങ്ങൾ താഴെ പറയുന്ന പരിഷ്കാരങ്ങൾ ആരംഭിക്കും.

**ഭൂമിയുമായി ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റുകളുടെ പരിഷ്കാരങ്ങൾ**

**98.** ഗ്രാമ, നഗര പ്രദേശങ്ങളിലെ ഭൂസംബന്ധിയായ പരിഷ്കാരങ്ങളും പ്രവർത്തനങ്ങളും, (1) ഭൂമിയുടെ ഭരണം, ആസൂത്രണം, പരിപാലനം, (2) നഗര ആസൂത്രണം, ഉപയോഗം, നിർമ്മാണ ബൈലോകൾ എന്നിവ ഉൾക്കൊള്ളുന്നു. ഉചിതമായ ധനസഹായത്തിലൂടെ അടുത്ത 3 വർഷത്തിനുള്ളിൽ ഇവ പൂർത്തീകരിക്കുന്നതിന് പ്രോത്സാഹനം നൽകും.

**ഗ്രാമീണ ഭൂമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

**99.** ഗ്രാമീണ ഭൂമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ (1) എല്ലാ ഭൂമികൾക്കും യുണീക്ക് ലാൻഡ് പാഴ്സൽ ഐഡന്റിഫിക്കേഷൻ നമ്പർ (യുഎൽപിൻ) അല്ലെങ്കിൽ ഭൂആധാർ നൽകൽ, (2) കഡസ്ട്രൽ മാപ്പുകളുടെ ഡിജിറ്റൈസേഷൻ, (3) നിലവിലെ ഉടമസ്ഥാവകാശം അനുസരിച്ച് ഭൂപട ഉപവിഭാഗങ്ങളുടെ സർവേ (4) ലാൻഡ് രജിസ്ട്രി സ്ഥാപിക്കൽ, (5) കർഷക രജിസ്ട്രിയുമായി ബന്ധിപ്പിക്കൽ എന്നിവ ഉൾപ്പെടും. ഈ പ്രവർത്തനങ്ങൾ വായ്പാ പ്രവാഹവും മറ്റ് കാർഷിക സേവനങ്ങളും സുഗമമാക്കും.

**നഗര ഭൂമിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

**100.** നഗരപ്രദേശങ്ങളിലെ ഭൂരേഖകൾ ജിഐഎസ് മാപ്പിംഗ് ഉപയോഗിച്ച് ഡിജിറ്റൈസ് ചെയ്യും. പ്രോപ്പർട്ടി റെക്കോർഡ് അഡ്മിനിസ്ട്രേഷൻ, അപ്ഡേറ്റ് ചെയ്യൽ, നികുതി നടപ്പാക്കൽ എന്നിവയ്ക്കായി ഒരു ഐടി അധിഷ്ഠിത സംവിധാനം സ്ഥാപിക്കും. നഗര തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും ഇവ സഹായിക്കും.

**തൊഴിൽ സംബന്ധമായ പരിഷ്കാരങ്ങൾ**
**തൊഴിലാളിക്കുള്ള സേവനങ്ങൾ**

**101.** തൊഴിലിനും നൈപുണ്യത്തിനുമുള്ളതുൾപ്പെടെ, തൊഴിലാളികൾക്ക് വിപുലമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഞങ്ങളുടെ ഗവൺമെന്റ് സൗകര്യമൊരുക്കും. മറ്റ് പോർട്ടലുകളുമായി ഇ-ശ്രം പോർട്ടലിന്റെ സമഗ്രമായ സംയോജനം ഇക്കാര്യത്തിൽ ഒറ്റത്തവണ പരിഹാരം സുഗമമാക്കും. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ വിപണി, നൈപുണ്യ ആവശ്യകതകൾ, ലഭ്യമായ ജോലി റോളുകൾ എന്നിവയ്ക്കായുള്ള ഓപ്പൺ ആർക്കിടെക്ചർ ഡാറ്റാബേസുകൾ, തൊഴിൽ ആവശ്യമുള്ളവരെ സാധ്യതയുള്ള തൊഴിലുടമകളുമായും നൈപുണ്യ ദാതാക്കളുമായും ബന്ധിപ്പിക്കുന്നതിനുള്ള സംവിധാനം എന്നിവ ഈ സേവനങ്ങളിൽ ഉൾപ്പെടുത്തും.

**ശ്രം സുവിധ ആൻഡ് സമാധാൻ പോർട്ടൽ**

**102.** വ്യവസായവും വ്യാപാരവും ചെയ്യുന്നത് എളുപ്പമാക്കുന്നതിന് ശ്രം സുവിധ, സമാധാന പോർട്ടലുകൾ നവീകരിക്കും.

**മൂലധനവും സംരംഭകത്വവുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ**
**സാമ്പത്തിക മേഖലയുടെ കാഴ്ചപ്പാടും തന്ത്രവും**

**103.** സമ്പദ്‌വ്യവസ്ഥയുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി, ഞങ്ങളുടെ ഗവൺമെന്റ് ഒരു സാമ്പത്തിക മേഖല സംബന്ധിച്ച കാഴ്ചപ്പാടും തന്ത്രപ്രധാനമായ രേഖയും കൊണ്ടുവരും. അതിന്റെ വലിപ്പം, ശേഷി, വൈദഗ്ദ്ധ്യം എന്നിവയിൽ ഈ മേഖലയെ സജ്ജമാക്കും. ഇത് അടുത്ത 5 വർഷത്തേക്കുള്ള അജണ്ട നിശ്ചയിക്കുകയും ഗവൺമെന്റ്, റെഗുലേറ്റർമാർ, ധനകാര്യ സ്ഥാപനങ്ങൾ, വിപണി പങ്കാളികൾ എന്നിവരുടെ പ്രവർത്തനങ്ങളെ നയിക്കുകയും ചെയ്യും.

കാലാവസ്ഥാ ധനകാര്യത്തിനുള്ള വർഗീകരണം

**104.** കാലാവസ്ഥാ പൊരുത്തപ്പെടുത്തലിനും ലഘൂകരണത്തിനുമായി മൂലധനത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കാലാവസ്ഥാ ധനകാര്യത്തിനായി ഞങ്ങൾ ഒരു വർഗ്ഗീകരണം വികസിപ്പിക്കും. ഇത് രാജ്യത്തിന്റെ കാലാവസ്ഥാ പ്രതിബദ്ധതയുടെയും ഹരിത പരിവർത്തനത്തിന്റെയും നേട്ടത്തെ പിന്തുണയ്ക്കും.

**വേരിയബിൾ ക്യാപിറ്റൽ കമ്പനി ഘടന**

**105.** വിമാനങ്ങളുടെയും കപ്പലുകളുടെയും പാട്ടത്തിന് ധനസഹായം നൽകുന്നതിന് കാര്യക്ഷമവും വഴക്കമുള്ളതുമായ ഒരു രീതി നൽകുന്നതിന് ആവശ്യമായ നിയമനിർമ്മാണ അംഗീകാരം ഞങ്ങൾ തേടും. കൂടാതെ 'വേരിയബിൾ കമ്പനി ഘടന' വഴി സ്വകാര്യ ഇക്വിറ്റിയുടെ ഫണ്ടുകൾ ശേഖരിക്കും.

**നേരിട്ടുള്ള വിദേശ നിക്ഷേപവും വിദേശ നിക്ഷേപവും**

**106.** വിദേശ നേരിട്ടുള്ള നിക്ഷേപത്തിനും വിദേശ നിക്ഷേപത്തിനുമുള്ള നിയമങ്ങളും നിയന്ത്രണങ്ങളും (1) നേരിട്ടുള്ള വിദേശ നിക്ഷേപം സുഗമമാക്കുന്നതിനും (2) മുൻഗണന നൽകുന്നതിനും (3) വിദേശ നിക്ഷേപങ്ങൾക്ക് ഇന്ത്യൻ രൂപ കറൻസിയായി ഉപയോഗിക്കുന്നതിനുള്ള അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സംവിധാനം ലളിതമാക്കും.

**എൻപിഎസ് വാത്സല്യ**

**107.** പ്രായപൂർത്തിയാകാത്തവർക്കായി മാതാപിതാക്കളുടെയും രക്ഷിതാക്കളുടെയും സംഭാവനകൾക്കായുള്ള എൻപിഎസ്വാത്സല്യ പദ്ധതി ആരംഭിക്കും. പ്രായപൂർത്തിയാകുമ്പോൾ, പ്ലാൻ തടസ്സമില്ലാതെ ഒരു സാധാരണ എൻപിഎസ് അക്കൗണ്ടാക്കി മാറ്റാം.

**സാങ്കേതികവിദ്യയുടെ ഉപയോഗം**

**108.** കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉൽപ്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും നമ്മുടെ സമ്പദ്വ്യവസ്ഥയിലെ അസമത്വം ഇല്ലാതാക്കുന്നതിനും ഞങ്ങൾ സാങ്കേതികവിദ്യ വിജയകരമായി ഉപയോഗിച്ചു. ഡിജിറ്റൽ അടിസ്ഥാനസൗകര്യത്തിലെ പൊതു നിക്ഷേപവും സ്വകാര്യ മേഖലയുടെ നവീകരണങ്ങളും എല്ലാ പൗരന്മാർക്കും, പ്രത്യേകിച്ച് സാധാരണക്കാർക്ക്, വിപണി വിഭവങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം, സേവനങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനം മെച്ചപ്പെടുത്താൻ സഹായിച്ചു. സമ്പദ് വ്യവസ്ഥയുടെ ഡിജിറ്റലൈസേഷനിലേക്ക് സാങ്കേതികവിദ്യ സ്വീകരിക്കുന്നത് ഞങ്ങൾ വേഗത്തിലാക്കും.

**ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കൽ**

**109.** 'ബിസിനസ് ചെയ്യുന്നത് എളുപ്പമാക്കൽ' വർദ്ധിപ്പിക്കുന്നതിന്, ഞങ്ങൾ ഇതിനകം തന്നെ ജൻ വിശ്വാസ് ബിൽ 2.0ൽ പ്രവർത്തിക്കുന്നു. കൂടാതെ, സംസ്ഥാനങ്ങൾക്ക് അവരുടെ ബിസിനസ് പരിഷ്കരണ കർമ്മ പദ്ധതികളും ഡിജിറ്റലൈസേഷനും നടപ്പിലാക്കുന്നതിന് പ്രോത്സാഹനം നൽകും.

**ഡാറ്റയും സ്ഥിതിവിവരക്കണക്കുകളും**

**110.** ഡാറ്റാ ഗവേണൻസും ഡാറ്റയുടെയും സ്ഥിതിവിവരക്കണക്കുകളുടെയും ശേഖരണം, സംസ്കരണം, പരിപാലനം എന്നിവയും മെച്ചപ്പെടുത്തുന്നതിനായി ഡിജിറ്റൽ ഇന്ത്യ മിഷന്റെ കീഴിൽ സ്ഥാപിതമായതുൾപ്പെടെ വിവിധ മേഖലാ ഡാറ്റാ ബേസുകൾ, സാങ്കേതിക ഉപകരണങ്ങളുടെ സജീവ ഉപയോഗം വഴി ഉപയോഗപ്പെടുത്തും.

**പുതിയ പെൻഷൻ പദ്ധതി (എൻപിഎസ്)**

**111.** എൻപിഎസ് അവലോകനം ചെയ്യാനുള്ള കമ്മിറ്റി അതിന്റെ പ്രവർത്തനത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേന്ദ്ര

ഗവൺമെന്റ് ജീവനക്കാർക്കായുള്ള സംയുക്ത കൺസൾട്ടേറ്റീവ് മെഷിനറിയുടെ ദേശീയ കൗൺസിലിന്റെ സ്റ്റാഫ് സൈഡ് ക്രിയാത്മകമായ സമീപനം സ്വീകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. സാധാരണ പൗരന്മാരെ സംരക്ഷിക്കുന്നതിനുള്ള സാമ്പത്തിക വിവേകം നിലനിർത്തിക്കൊണ്ട് പ്രസക്തമായ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്ന ഒരു പരിഹാരം വികസിപ്പിക്കും.

## 2024-25 ബജറ്റ് എസ്റ്റിമേറ്റ്

**112. 202425** വർഷത്തിൽ, കടമെടുക്കലുകൾ ഒഴികെയുള്ള ആകെ വരവുകളും മൊത്തം ചെലവുകളും യഥാക്രമം **32.07** ലക്ഷം കോടി രൂപയും **48.21** ലക്ഷം കോടി രൂപയുമാണ്. മൊത്തം നികുതി വരുമാനം **25.83** ലക്ഷം കോടി രൂപയാണ്. ജിഡിപിയുടെ **4.9** ശതമാനമാണ് ധനക്കമ്മി കണക്കാക്കിയിരിക്കുന്നത്.

**113. 202425** കാലയളവിൽ ഡേറ്റഡ് സെക്യൂരിറ്റികൾ വഴിയുള്ള മൊത്തം, അറ്റ വിപണി വായ്പകൾ യഥാക്രമം **14.01** ലക്ഷം കോടി രൂപയും **11.63** ലക്ഷം കോടി രൂപയുമാണ്. രണ്ടും **202324**ൽ അതിനെക്കാൾ കുറവായിരിക്കും.

**5. 2021**ൽ ഞാൻ പ്രഖ്യാപിച്ച ധനപരമായ ഏകീകരണ പാത നമ്മുടെ സമ്പദ്വ്യവസ്ഥയെ നന്നായി സഹായിച്ചു, അടുത്ത വർഷം കമ്മി **4.5** ശതമാനത്തിൽ താഴെ എത്തിക്കാൻ ഞങ്ങൾ ലക്ഷ്യമിടുന്നു. ഇതു കുറച്ചുകൊണ്ടുവരാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. **202627** മുതൽ, കേന്ദ്ര ഗവൺമെന്റിന്റെ കടം ജിഡിപിയുടെ നിശ്ചിത ശതമാനമായി കുറയുന്ന തരത്തിൽ ഓരോ വർഷവും ധനക്കമ്മി നിലനിർത്താനാണ് ഞങ്ങളുടെ ശ്രമം.
ഞാൻ ഇപ്പോൾ, ബി ഭാഗത്തേക്ക് കടക്കുകയാണ്.

## പാർട്ട് ബി

**പരോക്ഷ നികുതികൾ**

**115.** ഞാൻ ജിഎസ്ടിയിൽ തുടങ്ങുന്നു. ഇത് സാധാരണക്കാരന്റെ നികുതി നിരക്ക് കുറച്ചു; വ്യാപാരവ്യവസായത്തിനായുള്ള അനുസരണ ഭാരവും ചരക്കുനീക്ക ചെലവും കുറച്ചു; കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ വരുമാനം വർധിപ്പിക്കുകയും ചെയ്തു. അത് വലിയ തോതിലുള്ള വിജയമാണ്. ജിഎസ്ടിയുടെ നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിന്, നികുതി ഘടന കൂടുതൽ ലളിതമാക്കാനും യുക്തിസഹമാക്കാനും ഞങ്ങൾ ശ്രമിക്കും. ബാക്കിയുള്ള മേഖലകളിലേക്ക് അത് വ്യാപിപ്പിക്കാൻ ശ്രമിക്കും.

**116.** കസ്റ്റംസ് തീരുവകൾക്കായുള്ള എന്റെ നിർദ്ദേശങ്ങൾ ലക്ഷ്യംവയ്ക്കുന്നത് ആഭ്യന്തര ഉൽപ്പാദനത്തെ പിന്തുണയ്ക്കുക, പ്രാദേശിക മൂല്യവർദ്ധനവ് വർദ്ധിപ്പിക്കുക, കയറ്റുമതി മത്സരക്ഷമത പ്രോത്സാഹിപ്പിക്കുക, നികുതി ലളിതമാക്കുക, പൊതു ജനങ്ങളുടെയും ഉപഭോക്താക്കളുടെയും താൽപ്പര്യം നിലനിർത്തുക എന്നീ കാര്യങ്ങളാണ്.

**117. 202223** ബജറ്റിൽ, ഞങ്ങൾ കസ്റ്റംസ് തീരുവ നിരക്കുകളുടെ എണ്ണം കുറച്ചു.
വ്യാപാരം എളുപ്പമാക്കുന്നതിനും തീരുവ തിരിച്ചടിക്കുന്നത് ഒഴിവാക്കുന്നതിനും തർക്കങ്ങൾ കുറയ്ക്കുന്നതിനുമായി അടുത്ത ആറ് മാസത്തിനുള്ളിൽ നിരക്ക് ഘടനയുടെ സമഗ്രമായ അവലോകനം നടത്താൻ ഞാൻ നിർദ്ദേശിക്കുന്നു.

**118.** ഞാൻ ഇനി മേഖല തിരിച്ചുള്ള നിർദ്ദിഷ്ട കസ്റ്റംസ് ഡ്യൂട്ടി നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടാം.

**മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും**

**119.** കാൻസർ രോഗികൾക്ക് ആശ്വാസം നൽകുന്നതിനായി, മൂന്ന് മരുന്നുകളെ കൂടി കസ്റ്റംസ് തീരുവയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**120.** ഫേസ്ഡ് മാനുഫാക്ചറിംഗ് പ്രോഗ്രാമിന് കീഴിലുള്ള മെഡിക്കൽ എക്സ്റേ മെഷീനുകളിൽ ഉപയോഗിക്കുന്നതിനായി എക്സ്റേ

ട്യൂബുകളിലും ഫൽറ്റ് പാനൽ ഡിറ്റക്ടറുകളിലും ബിസിഡിയിൽ മാറ്റങ്ങൾ വരുത്താനും ഞാൻ നിർദ്ദേശിക്കുന്നു, അങ്ങനെ അവയെ ആഭ്യന്തര ശേഷി കൂട്ടിച്ചേർക്കലുമായി സമന്വയിപ്പിക്കും.

**മൊബൈൽ ഫോണും അനുബന്ധ ഭാഗങ്ങളും**

**121.** ആഭ്യന്തര ഉൽപ്പാദനത്തിൽ മൂന്നിരട്ടി വർദ്ധനവുണ്ടായി.കഴിഞ്ഞ ആറ് വർഷത്തിനിടെ മൊബൈൽ ഫോണുകളുടെ കയറ്റുമതിയിൽ ഏതാണ്ട് 100 മടങ്ങ് കുതിച്ചുചാട്ടമുണ്ടായി. ഇന്ത്യൻ മൊബൈൽ ഫോൺ വ്യവസായം പക്വത പ്രാപിച്ചു. ഉപഭോക്താക്കളുടെ താൽപര്യം കണക്കിലെടുത്ത്, മൊബൈൽ ഫോൺ, മൊബൈൽ പിസിബിഎ, മൊബൈൽ ചാർജർ എന്നിവയിലെ ബിസിഡി 15 ശതമാനമായി കുറയ്ക്കാൻ ഞാൻ ഇപ്പോൾ നിർദ്ദേശിക്കുന്നു.

**നിർണായകമായ ധാതുക്കൾ**

**122.** ആണവോർജം, പുനരുപയോഗ ഊർജം, ബഹിരാകാശം, പ്രതിരോധം, ടെലികമ്മ്യൂണിക്കേഷൻസ്, ഹൈടെക് ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകൾക്ക് ലിഥിയം, കോപ്പർ, കോബാൾട്ട്, അപൂർവ ഭൗമ മൂലകങ്ങൾ തുടങ്ങിയ ധാതുക്കൾ നിർണായകമാണ്. 25 നിർണായക ധാതുക്കളുടെ കസ്റ്റംസ് തീരുവ പൂർണ്ണമായും ഒഴിവാക്കാനും അവയിൽ രണ്ടെണ്ണത്തിന്റെ ബിസിഡി കുറയ്ക്കാനും ഞാൻ നിർദ്ദേശിക്കുന്നു. അത്തരം ധാതുക്കളുടെ സംസ്കരണത്തിനും ശുദ്ധീകരണത്തിനും ഇത് ഒരു പ്രധാന സഹായമാവുകയും ഈ തന്ത്രപരവും പ്രധാനപ്പെട്ടതുമായ മേഖലകളിൽ അവയുടെ ലഭ്യത ഉറപ്പാക്കാൻ സഹായിക്കുകയും ചെയ്യും.

**സൗരോർജ്ജം**

**123.** കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിൽ ഊർജ്ജ പരിവർത്തനം നിർണായകമാണ്. ഊർജ്ജ സംക്രമണത്തെ പിന്തുണയ്ക്കുന്നതിനായി, രാജ്യത്ത് സൗരോർജ സെല്ലുകളുടെയും

പാനലുകളുടെയും നിർമ്മാണത്തിൽ ഉപയോഗിക്കുന്നതിന് ഒഴിവാക്കപ്പെട്ട മൂലധന വസ്തുക്കളുടെ പട്ടിക വിപുലീകരിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. കൂടാതെ, സൗരോർജ ഗ്ലാസിന്റെയും ടിൻ ചെമ്പ് ഇന്ററർകണക്റ്ററിന്റെയും മതിയായ ആഭ്യന്തര നിർമ്മാണ ശേഷി കണക്കിലെടുത്ത്, അവയ്ക്ക് നൽകുന്ന കസ്റ്റംസ് തീരുവയുടെ ഇളവ് നീട്ടരുതെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

**സമുദ്ര ഉൽപ്പന്നങ്ങൾ**

**124.** കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ സമുദ്രോത്പന്ന കയറ്റുമതി എക്കാലത്തെയും ഉയർന്ന നിരക്കായ **60,000** കോടി രൂപയിലെത്തി. ഇതിൽ ഏതാണ്ട് മൂന്നിൽ രണ്ടും ശീതീകരിച്ച ചെമ്മീനാണ്.
മത്സരശേഷി വർദ്ധിപ്പിക്കുന്നതിന്, ചില ബ്രൂഡ്സ്റ്റോക്ക്, പോളിചെയിറ്റ് വിരകൾ, ചെമ്മീൻ, മീൻ തീറ്റ എന്നിവയുടെ ബിസിഡി **5** ശതമാനമായി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ചെമ്മീൻ, മത്സ്യ തീറ്റ എന്നിവയുടെ നിർമ്മാണത്തിനുള്ള വിവിധ ഘടകങ്ങളുടെ കസ്റ്റംസ് തീരുവ ഒഴിവാക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**തുകൽ, തുണിത്തരങ്ങൾ**

**125.** അതുപോലെ, തുകൽ, ടെക്സ്റ്റൈൽ മേഖലകളിലെ കയറ്റുമതിയുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന്, താറാവ് അല്ലെങ്കിൽ വാത്ത എന്നിവയിൽ നിന്നുള്ള യഥാർത്ഥ ഡൗൺ ഫില്ലിംഗ് മെറ്റീരിയലിന്റെ ബിസിഡി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. തുകൽ, തുണി വസ്ത്രങ്ങൾ, പാദരക്ഷകൾ, കയറ്റുമതി ചെയ്യാനുള്ള മറ്റ് തുകൽ വസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനായുള്ള, ഇളവു നൽകപ്പെട്ട വസ്തുക്കളുടെ പട്ടികയിലും ഞാൻ കൂട്ടിച്ചേർക്കൽ നടത്തുന്നു.

**126.** ഡ്യൂട്ടിയിലെ വിപരീത സ്ഥിതി ശരിയാക്കാൻ, സ്പാൻഡെക്സ് നൂൽ നിർമ്മിക്കുന്നതിനുള്ള മെത്തിലീൻ ഡിഫെനൈൽ

ഡൈസോസയനേറ്റിന്റെ (എംഡിഐ) ബിസിഡി വ്യവസ്ഥകൾക്ക് വിധേയമായി **7.5** ൽ നിന്ന് **5** ശതമാനമായി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**127.** കൂടാതെ, അസംസ്കൃത തൊലികൾ, തൊലികൾ, തുകൽ എന്നിവയുടെ കയറ്റുമതി തീരുവ ഘടന ലളിതമാക്കാനും യുക്തിസഹമാക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**അമൂല്യമായ ലോഹങ്ങൾ**

**128.** രാജ്യത്തെ സ്വർണ്ണം, വിലപിടിപ്പുള്ള ലോഹ ആഭരണങ്ങൾ എന്നിവയുടെ ആഭ്യന്തര മൂല്യവർദ്ധന വർദ്ധിപ്പിക്കുന്നതിന്, സ്വർണ്ണത്തിന്റെയും വെള്ളിയുടെയും കസ്റ്റംസ് തീരുവ **6** ശതമാനമായും പ്ലാറ്റിനത്തിന്റെ തീരുവ **6.4** ശതമാനമായും കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**മറ്റ് ലോഹങ്ങൾ**

**129.** ഉരുക്കും ചെമ്പും പ്രധാന അസംസ്കൃത വസ്തുക്കളാണ്. അവയുടെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിന്, ഫെറോ നിക്കലിന്റെയും ബ്ലിസ്റ്റർ കോപ്പറിന്റെയും ബിസിഡി നീക്കം ചെയ്യാൻ ഞാൻ നിർദ്ദേശിക്കുന്നു. ഫെറസ് സ്ക്രാപ്പിനും നിക്കൽ കാഥോഡിനും ബിസിഡിയും കോപ്പർ സ്ക്രാപ്പിന് **2.5** ശതമാനം ഇളവോടെ ബിസിഡിയും ഞാൻ തുടരുകയാണ്.

**ഇലക്ട്രോണിക്സ്**

**130.** ആഭ്യന്തര ഇലക്ട്രോണിക്സ് വ്യവസായത്തിൽ മൂല്യവർദ്ധന ഉയർത്തുന്നതിന്, റെസിസ്റ്ററുകളുടെ നിർമ്മാണത്തിനാവശ്യമായ ഓക്സിജൻ രഹിത ചെമ്പിന്റെ ബിസിഡി വ്യവസ്ഥകൾക്ക് വിധേയമായി നീക്കം ചെയ്യാൻ ഞാൻ നിർദ്ദേശിക്കുന്നു. കണക്ടറുകളുടെ നിർമ്മാണത്തിനായി ചില ഭാഗങ്ങൾ ഒഴിവാക്കാനും ഞാൻ നിർദ്ദേശിക്കുന്നു.

**രാസവസ്തുക്കളും പെട്രോകെമിക്കലുകളും**

131. പൈപ്പ്ലൈനിലെ നിലവിലുള്ളതും പുതിയതുമായ ശേഷികളെ പിന്തുണയ്ക്കുന്നതിനായി, അമോണിയം നൈട്രേറ്റിലെ ബിസിഡി 7.5 ൽ നിന്ന് 10 ശതമാനമായി വർദ്ധിപ്പിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**പ്ലാസ്റ്റിക്കുകൾ**

132. പിവിസി ഫ്ളെക്സ് ബാനറുകൾ ജൈവ വിഘടനം സംഭവിക്കാത്തതും പരിസ്ഥിതിക്കും ആരോഗ്യത്തിനും അപകടകരവുമാണ്. അവയുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിന്, അവയുടെ ബിസിഡി 10 ൽ നിന്ന് 25 ശതമാനമായി ഉയർത്താൻ ഞാൻ നിർദ്ദേശിക്കുന്നു.

**ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ**

133. ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്, നിർദ്ദിഷ്ട ടെലികോം ഉപകരണങ്ങളുടെ പിസിബിഎയിൽ ബിസിഡി 10ൽ നിന്ന് 15 ശതമാനമായി ഉയർത്താൻ ഞാൻ നിർദ്ദേശിക്കുന്നു.

**വ്യാപാര സൗകര്യം**

134. ആഭ്യന്തര വ്യോമയാനവും ബോട്ട്, കപ്പൽ എംആർഒയും പ്രോത്സാഹിപ്പിക്കുന്നതിന്, അറ്റകുറ്റപ്പണികൾക്കായി ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ കയറ്റുമതി കാലാവധി ആറ് മാസത്തിൽ നിന്ന് ഒരു വർഷമായി നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു. അതേ രീതിയിൽ, വാറന്റിക്ക് കീഴിൽ അറ്റകുറ്റപ്പണികൾക്കായി സാധനങ്ങൾ വീണ്ടും ഇറക്കുമതി ചെയ്യുന്നതിനുള്ള സമയപരിധി മൂന്നിൽ നിന്ന് അഞ്ച് വർഷമായി നീട്ടാൻ ഞാൻ നിർദ്ദേശിക്കുന്നു.

## നേരിട്ടുള്ള നികുതികൾ

**135.** ഗവൺമെന്റിന്റെ വികസനത്തിനും ക്ഷേമ പദ്ധതികൾക്കും ധനസഹായം നൽകുന്നതിനുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനൊപ്പം നികുതികൾ ലളിതമാക്കുന്നതിനും നികുതിദായകരുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതി ഉറപ്പ് നൽകുന്നതിനും വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനുമുള്ള ശ്രമങ്ങൾ ഞങ്ങൾ തുടരും.

**136.** നികുതി ലളിതമാക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. കോർപ്പറേറ്റ് നികുതിക്കും വ്യക്തിഗത ആദായനികുതിക്കും ഇളവുകളും കിഴിവുകളും ഇല്ലാതെ ലളിതമാക്കിയ നികുതി വ്യവസ്ഥകൾ അവതരിപ്പിക്കുന്നത് ഉൾപ്പെടെ നിരവധി നടപടികൾ ഞങ്ങൾ കഴിഞ്ഞ കുറച്ച് വർഷങ്ങളായി സ്വീകരിച്ചിട്ടുണ്ട്. ഇതിനെ നികുതിദായകർ പ്രശംസിച്ചു. കോർപ്പറേറ്റ് നികുതിയുടെ **58** ശതമാനവും **202223** സാമ്പത്തിക വർഷത്തിലെ ലളിതമാക്കിയ നികുതി വ്യവസ്ഥയിൽ നിന്നാണ്. അതുപോലെ, കഴിഞ്ഞ സാമ്പത്തിക വർഷം ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം, മൂന്നിൽ രണ്ട് ഭാഗവും പുതിയ വ്യക്തിഗത ആദായ നികുതി വ്യവസ്ഥ പ്രയോജനപ്പെടുത്തി.

**1961**ലെ ആദായനികുതി നിയമത്തിന്റെ സമഗ്രമായ അവലോകനം

**137.** ആദായനികുതി നിയമം, **1961**ന്റെ സമഗ്രമായ ഒരു അവലോകനം ഞാൻ ഇപ്പോൾ പ്രഖ്യാപിക്കുകയാണ്. നിയമം സംക്ഷിപ്തവും വ്യക്തവും വായിക്കാനും മനസ്സിലാക്കാനും എളുപ്പവുമാക്കുക എന്നതാണ് ഉദ്ദേശ്യം. ഇത് തർക്കങ്ങളും വ്യവഹാരങ്ങളും കുറയ്ക്കുകയും അതുവഴി നികുതിദായകർക്ക് നികുതി സംബന്ധിച്ച അനിശ്ചിതത്വം ഒഴിവാക്കുകയും ചെയ്യും. ഇത് വ്യവഹാരത്തിൽ കുടുങ്ങിയ കാര്യങ്ങൾ കുറക്കും. ആറുമാസത്തിനകം പൂർത്തിയാക്കാനാണ് നിർദേശം.

138. ചാരിറ്റികൾക്കുള്ള നികുതി വ്യവസ്ഥയും ടിഡിഎസ് നിരക്ക് ഘടനയും പുനർമൂല്യനിർണ്ണയത്തിനും തിരയൽ വ്യവസ്ഥകൾക്കും മൂലധന നേട്ട നികുതിക്കും വേണ്ടിയുള്ള വ്യവസ്ഥകളും ലഘൂകരിച്ചുകൊണ്ട് ധനകാര്യ ബില്ലിൽ ഒരു തുടക്കം കുറിക്കുന്നു.

## ചാരിറ്റികൾക്കും ടിഡിഎസിനുമുള്ള ലളിതവൽക്കരണം

139. ചാരിറ്റികൾക്കുള്ള രണ്ട് നികുതി ഇളവ് വ്യവസ്ഥകൾ ഒന്നായി ലയിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പല പേയ്മെന്റുകളുടെയും 5 ശതമാനം ടിഡിഎസ് നിരക്ക് 2 ശതമാനം ടിഡിഎസ് നിരക്കിലേക്ക് ലയിപ്പിക്കുകയും മ്യൂച്വൽ ഫണ്ടുകൾ അല്ലെങ്കിൽ യുടിഐ വഴി യൂണിറ്റുകൾ തിരികെ വാങ്ങുമ്പോഴുള്ള 20 ശതമാനം ടിഡിഎസ് നിരക്ക് പിൻവലിക്കുകയും ചെയ്യുന്നു. ഇകൊമേഴ്സ് ഓപ്പറേറ്റർമാരുടെ ടിഡിഎസ് നിരക്ക് ഒന്നിൽ നിന്ന് 0.1 ശതമാനമായി കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ശമ്പളത്തിൽ നിന്ന് കുറയ്ക്കുന്നതിന് ടിഡിഎസിൽ ടിസിഎസിന്റെ ക്രെഡിറ്റ് നൽകാൻ നിർദ്ദേശിക്കുന്നു. കൂടാതെ, അതിനായി സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്ന അവസാന തീയതി വരെ ടിഡിഎസ് അടയ്ക്കുന്നതിനുള്ള കാലതാമസം കുറ്റകരമല്ലാതാക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. ടിഡിഎസ് ഡിഫോൾട്ടുകൾക്കായി നടത്തിപ്പിനുള്ള ഒരു വ്യവസ്ഥാപിത ഓപ്പറേറ്റിംഗ് നടപടിക്രമം രൂപപ്പെടുത്താനും അത്തരം ഡിഫോൾട്ടുകൾക്കുള്ള കോമ്പൗണ്ടിംഗ് മാർഗ്ഗനിർദ്ദേശങ്ങൾ ലളിതമാക്കാനും യുക്തിസഹമാക്കാനും ഞാൻ പദ്ധതിയിടുന്നു.

## പുനർമൂല്യനിർണയം ലളിതമാക്കൽ

140. വീണ്ടും പരിഗണിക്കുന്നതിനും പുനർമൂല്യനിർണയത്തിനുമുള്ള വ്യവസ്ഥകൾ സമഗ്രമായി ലളിതമാക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. വിലയിരുത്തൽ വർഷത്തിന് മൂല്യനിർണയ വർഷാവസാനം മുതൽ പരമാവധി അഞ്ച് വർഷം വരെ,റിട്ടേൺ അടയ്ക്കുന്ന സമയത്ത് വെളിപ്പെടുത്താത്ത വരുമാനം(എസ്കേപ്പ്ഡ് ഇൻകം) 50 ലക്ഷം രൂപയോ അതിൽക്കൂടുതലോ ആണെങ്കിൽ മാത്രമേ മൂല്യനിർണയ വർഷാവസാനം മുതൽ മൂന്ന് വർഷത്തിനപ്പുറം ഇനി മുതൽ ഒരു

മൂല്യനിർണയം വീണ്ടും പരിഗണിക്കാൻ കഴിയൂ. സെർച്ച് കേസുകളിൽ പോലും, നിലവിലുള്ള പത്ത് വർഷത്തെ സമയപരിധിക്ക് വിരുദ്ധമായി, തിരയൽ വർഷത്തിന് മുമ്പുള്ള ആറ് വർഷത്തെ സമയപരിധി നിർദ്ദേശിക്കപ്പെടുന്നു. ഇത് നികുതി അനിശ്ചിതത്വവും തർക്കങ്ങളും കുറയ്ക്കും.

**മൂലധന നേട്ടങ്ങളുടെ ലളിതവൽക്കരണവും യുക്തിവൽക്കരണവും**

**141.** മൂലധന നേട്ട നികുതി വളരെ ലളിതമാക്കാനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

**142.** ചില സാമ്പത്തിക ആസ്തികളിലെ ഹ്രസ്വകാല നേട്ടങ്ങൾക്ക് ഇനി മുതൽ 20 ശതമാനം നികുതി നിരക്ക് ഈടാക്കും, അതേസമയം മറ്റെല്ലാ സാമ്പത്തികസാമ്പത്തികേതര ആസ്തികൾക്കും ബാധകമായ നികുതി നിരക്ക് ആകർഷിക്കുന്നത് തുടരും.

**143.** എല്ലാ സാമ്പത്തിക, സാമ്പത്തികേതര ആസ്തികളുടെയും ദീർഘകാല നേട്ടങ്ങൾ, മറുവശത്ത്, 12.5 ശതമാനം നികുതി നിരക്ക് ആകർഷിക്കും. താഴ്ന്ന, ഇടത്തരം വരുമാനക്കാരായ വിഭാഗങ്ങളുടെ പ്രയോജനത്തിനായി, ചില സാമ്പത്തിക ആസ്തികളിൽ മൂലധന നേട്ടം ഒഴിവാക്കുന്നതിനുള്ള പരിധി പ്രതിവർഷം 1.25 ലക്ഷം രൂപയായി ഉയർത്താൻ ഞാൻ നിർദ്ദേശിക്കുന്നു.

**144** . ഒരു വർഷത്തിലേറെയായി കൈവശം വച്ചിരിക്കുന്ന ലിസ്റ്റുചെയ്ത സാമ്പത്തിക ആസ്തികൾ ദീർഘകാലമായി വർഗ്ഗീകരിക്കപ്പെടും, അതേസമയം ലിസ്റ്റുചെയ്യാത്ത സാമ്പത്തിക ആസ്തികളും എല്ലാ സാമ്പത്തികേതര ആസ്തികളും ദീർഘകാലമായി തരംതിരിക്കുന്നതിന് കുറഞ്ഞത് രണ്ട് വർഷമെങ്കിലും കൈവശം വയ്ക്കേണ്ടതുണ്ട്.

**145.** ലിസ്റ്റ് ചെയ്യപ്പെടാത്ത ബോണ്ടുകളും കടപ്പത്രങ്ങളും, ഡെറ്റ് മ്യൂചൽ ഫണ്ടുകളും മാർക്കറ്റ് ലിങ്ക്ഡ് ഡിബഞ്ചറുകളും, കയ്യിൽ

വയ്ക്കുന്ന കാലയളവ് പരിഗണിക്കാതെ തന്നെ, ബാധകമായ നിരക്കുകളിൽ മൂലധന നേട്ടത്തിന്മേൽ നികുതി ഈടാക്കും.

**നികുതിദായക സേവനങ്ങൾ**

**146.** ജിഎസ്ടിക്ക് കീഴിലുള്ള എല്ലാ പ്രധാന നികുതിദായക സേവനങ്ങളും കസ്റ്റംസ്, ആദായനികുതിക്ക് കീഴിലുള്ള മിക്ക സേവനങ്ങളും ഡിജിറ്റലൈസ് ചെയ്തു. കസ്റ്റംസിന്റെയും ആദായനികുതിയുടെയും ബാക്കിയുള്ള എല്ലാ സേവനങ്ങളും തിരുത്തൽ, അപ്പീൽ ഓർഡറുകൾ പ്രാബല്യത്തിൽ വരുത്തൽ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങളും അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഡിജിറ്റലൈസ് ചെയ്യുകയും പേപ്പർ-ലെസ് ആക്കുകയും ചെയ്യും.

**വ്യവഹാരങ്ങളും അപ്പീലുകളും**

**147** വിവിധ അപ്പീൽ ഫോറങ്ങളിൽ അപ്പീലുകൾ മുടങ്ങികിടക്കുന്നത് കുറയ്ക്കാനുള്ള ഞങ്ങളുടെ യോജിച്ച ശ്രമങ്ങൾ നല്ല ഫലങ്ങൾ കാണിക്കാൻ തുടങ്ങുമ്പോൾ, അത് ഞങ്ങൾ ഏറ്റവും ഗൗരവത്തോടെ ശ്രദ്ധിക്കുന്നത് തുടരും.

**148.** ആദ്യ അപ്പീലുകളുടെ ബാക്ക്ലോഗ് പരിഹരിക്കുന്നതിന്, അത്തരം അപ്പീലുകൾ കേൾക്കാനും തീരുമാനിക്കാനും കൂടുതൽ ഓഫീസർമാരെ വിന്യസിക്കാൻ ഞാൻ പദ്ധതിയിടുന്നു, പ്രത്യേകിച്ച് വലിയ നികുതി പ്രാബല്യമുള്ളവയിൽ.

**149.** അപ്പീലിൽ തീർപ്പുകൽപ്പിക്കാത്ത ചില ആദായനികുതി തർക്കങ്ങൾ പരിഹരിക്കുന്നതിന്, **2024**ലെ വിവാദ് സേ വിശ്വാസ് പദ്ധതിയും ഞാൻ നിർദ്ദേശിക്കുന്നു.

**150.** കൂടാതെ, നികുതി ട്രിബ്യൂണലുകളിലും ഹൈക്കോടതികളിലും സേവന നികുതിയിലും പ്രത്യക്ഷ നികുതി, എക്സൈസ്, സേവന നികുതി എന്നിവയുമായി ബന്ധപ്പെട്ട അപ്പീലുകൾ ഫയൽ

ചെയ്യുന്നതിനുള്ള പണ പരിധി യഥാക്രമം 60 ലക്ഷം രൂപ, 2 കോടി രൂപ, 5 കോടി രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

151. വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനും അന്താരാഷ്ട്ര നികുതിയിൽ ഉറപ്പ് നൽകുന്നതിനുമായി, ഞങ്ങൾ സുരക്ഷിത തുറമുഖ നിയമങ്ങളുടെ വ്യാപ്തി വിപുലീകരിക്കുകയും അവയെ കൂടുതൽ ആകർഷകമാക്കുകയും ചെയ്യും. ട്രാൻസ്ഫർ പ്രൈസിംഗ് മൂല്യനിർണയ നടപടിക്രമവും ഞങ്ങൾ കാര്യക്ഷമമാക്കും.

തൊഴിലും നിക്ഷേപവും

152. നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി കുറച്ച് നിർദ്ദേശങ്ങളുണ്ട്.

153. ഒന്നാമതായി, ഇന്ത്യൻ സ്റ്റാർട്ട്-അപ്പ് ഇക്കോ സിസ്റ്റത്തെ ശക്തിപ്പെടുത്തുന്നതിനും സംരംഭകത്വ മനോഭാവം വർദ്ധിപ്പിക്കുന്നതിനും നവീകരണത്തെ പിന്തുണയ്ക്കുന്നതിനും, എല്ലാ വിഭാഗത്തിലുള്ള നിക്ഷേപകർക്കും ഏഞ്ചൽ ടാക്സ് എന്ന് വിളിക്കപ്പെടുന്ന നികുതി നിർത്തലാക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

154. രണ്ടാമതായി, ഇന്ത്യയിൽ ക്രൂയിസ് ടൂറിസത്തിന് വലിയ സാധ്യതകളുണ്ട്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ വ്യവസായത്തിന് ആശ്വാസം നൽകുന്നതിന്, രാജ്യത്ത് ആഭ്യന്തര ക്രൂയിസ് നടത്തുന്ന വിദേശ ഷിപ്പിംഗ് കമ്പനികൾക്ക് ലളിതമായ നികുതി വ്യവസ്ഥ ഞാൻ നിർദ്ദേശിക്കുന്നു.

155. മൂന്നാമതായി, ധാരാളം വൈദഗ്ധ്യമുള്ള തൊഴിലാളികൾ ജോലി ചെയ്യുന്ന ഡയമണ്ട് കട്ടിംഗ്, പോളിഷിംഗ് വ്യവസായത്തിൽ ഇന്ത്യ ഒരു ലോകനേതാവാണ്. ഈ മേഖലയുടെ വികസനം കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്, രാജ്യത്ത് അസംസ്കൃത വജ്രങ്ങൾ വിൽക്കുന്ന വിദേശ ഖനന കമ്പനികൾക്ക് ഞങ്ങൾ സുരക്ഷിത ഹാർബർ നിരക്കുകൾ നൽകും.

**156.** നാലാമത്, നമ്മുടെ വികസന ആവശ്യങ്ങൾക്കായി വിദേശ മൂലധനം ആകർഷിക്കാൻ, വിദേശ കമ്പനികളുടെ കോർപ്പറേറ്റ് നികുതി നിരക്ക് **40** ൽ നിന്ന് **35** ശതമാനമായി കുറയ്ക്കാൻ ഞാൻ നിർദ്ദേശിക്കുന്നു.

**നികുതി അടിത്തറ ആഴത്തിലാക്കുന്നു**

**157.** നികുതി അടിത്തറ ആഴത്തിലാക്കാൻ എനിക്ക് രണ്ട് നിർദ്ദേശങ്ങളുണ്ട്. ആദ്യം, സെക്യൂരിറ്റികളുടെ ഫ്യൂച്ചറുകളുടെയും ഓപ്ഷനുകളുടെയും സെക്യൂരിറ്റി ട്രാൻസാക്ഷൻ ടാക്സ് യഥാക്രമം **0.02** ശതമാനമായും **0.1** ശതമാനമായും വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുന്നു. രണ്ടാമതായി, ഇക്വിറ്റി കാരണങ്ങളാൽ, സ്വീകർത്താവിന്റെ കൈകളിലെ ഓഹരികൾ തിരികെ വാങ്ങുമ്പോൾ ലഭിക്കുന്ന വരുമാനത്തിന് നികുതി ചുമത്താൻ ഞാൻ നിർദ്ദേശിക്കുന്നു.

**മറ്റുള്ളവ**

**158.** സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, എൻപിഎസ്സിലേക്കുള്ള തൊഴിലുടമകളുടെ ചെലവ് കിഴിവ് ജീവനക്കാരന്റെ ശമ്പളത്തിന്റെ **10**ൽ നിന്ന് **14** ശതമാനമായി വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അതുപോലെ, പുതിയ നികുതി വ്യവസ്ഥ തിരഞ്ഞെടുത്ത് സ്വകാര്യമേഖലയിലെയും പൊതുമേഖലാ ബാങ്കുകളിലെയും സംരംഭങ്ങളിലെയും ജീവനക്കാരുടെ വരുമാനത്തിൽ നിന്ന് ശമ്പളത്തിന്റെ **14** ശതമാനം വരെ ഈ ചെലവ് കിഴിവ് നൽകാൻ നിർദ്ദേശിക്കുന്നു.

**159.** ബഹുരാഷ്ട്ര കമ്പനികളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ഇഎസ്ഒപികൾ ലഭിക്കുകയും വിദേശത്തുള്ള സാമൂഹിക സുരക്ഷാ പദ്ധതികളിലും മറ്റ് ജംഗമ ആസ്തികളിലും നിക്ഷേപിക്കുകയും ചെയ്യുന്നു. ഇത്തരം ചെറിയ വിദേശ ആസ്തികൾ റിപ്പോർട്ട് ചെയ്യാത്തത് കള്ളപ്പണ നിയമപ്രകാരം

ശിക്ഷാപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. **20** ലക്ഷം രൂപ വരെയുള്ള ജംഗമ സ്വത്തുക്കൾ റിപ്പോർട്ട് ചെയ്യാത്തതിന് ് പിഴ ഈടാക്കാൻ നിർദ്ദേശിക്കുന്നു.

**160.** ധനകാര്യ ബില്ലിലെ മറ്റ് പ്രധാന നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു:

2 **ശതമാനം തുല്യത ലെവി പിൻവലിക്കൽ**;

ഐഎഫ്എസ്സികളിലെ ചില ഫണ്ടുകൾക്കും സ്ഥാപനങ്ങൾക്കും നികുതി ആനുകൂല്യങ്ങളുടെ വിപുലീകരണം; ഒപ്പം

**1988**ലെ ബിനാമി ഇടപാടുകൾ (നിരോധനം) ആക്ട് പ്രകാരം ശിക്ഷാവിധി മെച്ചപ്പെടുത്തുന്നതിനായി, പൂർണ്ണവും യഥാർത്ഥവുമായ വെളിപ്പെടുത്തലിൽ ബെനാമിദാർ ശിക്ഷയിൽ നിന്നും പ്രോസിക്യൂഷനിൽ നിന്നുമുള്ള പ്രതിരോധം.

**വ്യക്തിഗത ആദായനികുതി**

**161.** വ്യക്തിഗത ആദായ നികുതി നിരക്കുകളിലേക്ക് വരുമ്പോൾ, പുതിയ നികുതി വ്യവസ്ഥ തിരഞ്ഞെടുക്കുന്നവർക്കായി എനിക്ക് രണ്ട് പ്രഖ്യാപനങ്ങൾ നടത്താനുണ്ട്. ഒന്നാമതായി, ശമ്പളമുള്ള ജീവനക്കാർക്കുള്ള സ്റ്റാൻഡേർഡ് ഡിഡക്ഷൻ **50,000** രൂപയിൽ നിന്ന് **75,000** രൂപയായി വർധിപ്പിക്കാൻ നിർദ്ദേശിക്കുന്നു. അതുപോലെ, പെൻഷൻകാർക്കുള്ള കുടുംബ പെൻഷന്റെ കിഴിവ് **15,000** രൂപയിൽ നിന്ന് **25,000** രൂപയായി ഉയർത്താൻ നിർദ്ദേശിക്കുന്നു. ഇത് നാല് കോടിയോളം, ശമ്പളമുള്ള വ്യക്തികൾക്കും പെൻഷൻകാർക്കും ആശ്വാസം നൽകും.

**162.** രണ്ടാമതായി, പുതിയ നികുതി വ്യവസ്ഥയിൽ, നികുതി നിരക്ക് ഘടന ഇനിപ്പറയുന്ന രീതിയിൽ പരിഷ്കരിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു:

03 ലക്ഷം രൂപ ഇല്ല

5 ശതമാനം 37 ലക്ഷം രൂപ

710 ലക്ഷം രൂപ 10 ശതമാനം

1012 ലക്ഷം രൂപ 15 ശതമാനം

1215 ലക്ഷം രൂപ 20 ശതമാനം

15 ലക്ഷം രൂപയ്ക്ക് മുകളിൽ 30 ശതമാനം

ഈ മാറ്റങ്ങളുടെ ഫലമായി, പുതിയ നികുതി വ്യവസ്ഥയിൽ ശമ്പളമുള്ള ഒരു ജീവനക്കാരന് ആദായനികുതിയിൽ 17,500 രൂപ വരെ ലാഭിക്കാൻ കഴിയും.

**163.** ഇവ കൂടാതെ, അനുബന്ധത്തിൽ നൽകിയിരിക്കുന്നത് പോലെ മറ്റു ചില മാറ്റങ്ങളും ഞാൻ വരുത്തുന്നുണ്ട്.

**164.** ഈ നിർദ്ദേശങ്ങളുടെ ഫലമായി ഏകദേശം 37,000 കോടി രൂപ വരുമാനം -
പ്രത്യക്ഷ നികുതിയിനത്തിൽ 29,000 കോടി രൂപയും പരോക്ഷ നികുതി ഇനത്തിൽ 8,000 കോടി രൂപയും - ഉപേക്ഷിക്കപ്പെടും, ഏകദേശം 30,000 കോടി രൂപയുടെ വരുമാനം അധികമായി സമാഹരിക്കും. അങ്ങനെ, മൊത്തം ഉപേക്ഷിച്ച വരുമാനം പ്രതിവർഷം ഏകദേശം 7,000 കോടി രൂപയാണ്.

**165.** മിസ്റ്റർ സ്പീക്കർ സർ, ഈ വിശിഷ്ടമായ സഭയിൽ ബജറ്റ് ഞാൻ സമർപ്പിക്കുന്നു.

ജയ് ഹിന്ദ്.

## പാർട്ട് എയ്ക്കുള്ള അനുബന്ധം

## തൊഴിലിനും നൈപുണ്യത്തിനുമുള്ള പ്രധാനമന്ത്രിയുടെ പാക്കേജ് കവറേജും പ്രതീക്ഷിത കേന്ദ്ര വിഹിതവും

| | എൻറോൾമെന്റ് ദൈർഘ്യം | ചെലവുദൈർഘ്യം | ഗുണഭോക്താക്കൾ | കേന്ദ്ര വിഹിതം |
|---|---|---|---|---|
| | വർഷങ്ങൾ | | (ലക്ഷങ്ങൾ) | (കോടി) |
| തൊഴിൽബന്ധിത പ്രോത്സാഹനം | | | | |
| പദ്ധതി എ (തുടക്കക്കാർ) | 2 | 3 | 210 | 23,000 |
| പദ്ധതി ബി (നിർമാണത്തിനായി തുടക്കക്കാരുടെ മൊത്തത്തിലുള്ള നിയമനം ) | 2 | 6 | 30 | 52,000 |
| പദ്ധതി സി (ജോലി സൃഷ്ടിക്കൽ) | 2 | 6 | 50 | 32,000 |
| ഇന്റേൺഷിപ്പ് പ്രോഗ്രാം (ഘട്ടം 1) | 2 | 3 | 30 | 19,000 |
| ഇന്റേൺഷിപ്പ് പ്രോഗ്രാം (ഘട്ടം-2) | 3* | 4* | 70 | 44,000 |
| ഐടിഐകളുടെ നവീകരണം | N/A | 5 | 20 | 30,000 |
| | **ആകെ** | | **410** | **2,00,000** |

***മൂന്നാം വർഷം മുതൽ**

## സ്കീമുകളുടെ രൂപരേഖ

**1. തൊഴിൽബന്ധിത പ്രോത്സാഹന പദ്ധതി എ: ആദ്യമായി ജോലിയിൽ പ്രവേശിക്കുന്നവർക് (പാര 20)**

സബ്സിഡിയായി ഒരു മാസത്തെ വേതനം (പരമാവധി 15,000 രൂപ )

- എല്ലാ മേഖലകൾക്കും ബാധകം

• തുടക്കക്കാർക്ക് പൂർണ്ണമായും ഉൽപ്പാദനക്ഷമമാകുന്നതിനുമുമ്പ് ഒരുപാട് പഠിക്കാൻ ഉണ്ട്; ആദ്യമായി ജോലി ചെയ്യുന്നവരെ നിയമിക്കുന്നതിൽ ജീവനക്കാരെയും തൊഴിലുടമകളെയും സഹായിക്കാനാണ് സബ്സിഡി.

• പ്രതിമാസം 1 ലക്ഷം രൂപയിൽ താഴെ വേതനം/ശമ്പളത്തോടെ തൊഴിൽ സേനയിൽ (ഇപിഎഫ്ഒ) പുതുതായി പ്രവേശിക്കുന്ന എല്ലാ വ്യക്തികൾക്കും ബാധകം.

• സബ്സിഡി ജീവനക്കാരന് മൂന്ന് ഗഡുക്കളായി നൽകും

• രണ്ടാം ഗഡു ക്ലെയിം ചെയ്യുന്നതിന് മുമ്പ് ജീവനക്കാരൻ നിർബന്ധിത ഓൺലൈൻ സാമ്പത്തിക സാക്ഷരതാ കോഴ്സിന് വിധേയനാകണം.

• റിക്രൂട്ട്മെന്റ് കഴിഞ്ഞ് 12 മാസത്തിനുള്ളിൽ തുടക്കക്കാരന്റെ ജോലി അവസാനിച്ചാൽ, തൊഴിലുടമ സബ്സിഡി തിരിച്ചടയ്ക്കണം.

• പ്രതിവർഷം ഏകദേശം ഒരു കോടി ആളുകൾ ഉൾപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

• പദ്ധതി 2 വർഷത്തേക്കാണ്

2. **തൊഴിൽബന്ധിത പ്രോത്സാഹന പദ്ധതി ബി: നിർമ്മാണത്തിൽ തൊഴിൽ സൃഷ്ടിക്കൽ (പാര** 21)

• നിർമ്മാണ മേഖലയിൽ ആദ്യമായി ജോലി ചെയ്യുന്നവരെ ഗണ്യമായി നിയമിക്കുന്നതിന് ബാധകമാണ്

• ഇപിഎഫ്ഒ വിഹിതത്തിന്റെ മൂന്ന് വർഷത്തെ ട്രാക്ക് റെക്കോർഡുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളും കോർപ്പറേറ്റ് ഇതര സ്ഥാപനങ്ങളുമായ എല്ലാ തൊഴിലുടമകളും യോഗ്യരായിരിക്കും.

• മുമ്പ് ഇപിഎഫ്ഒ എന്റോൾ ചെയ്തിട്ടില്ലാത്ത തൊഴിലാളികളെ തൊഴിലുടമ നിയമിക്കണം:

50 അല്ലെങ്കിൽ

അടിസ്ഥാനരേഖയുടെ **25%** (മുൻ വർഷത്തെ ഇപിഎഫ്ഒ ജീവനക്കാരുടെ എണ്ണം)

ഏതാണൊ താഴ്ന്നത്]

• നാല് വർഷത്തേക്ക് ഇൻസെന്റീവ് ഭാഗികമായി ജീവനക്കാരനും ഭാഗികമായി തൊഴിലുടമയ്ക്കും ഇനിപ്പറയുന്ന രീതിയിൽ നൽകും:

| വര്ഷം | ഇൻസെൻ◌്റീവ് (വേതനത്തിൻ◌്റെ / ശമ്പളത്തിൻ◌്റെ% ആയി, തൊഴിലുടമയും ജീവനക്കാരനും തമ്മിൽ തുല്യമായി പങ്കിട്ട് ) |
|---|---|
| 1 | 24 |
| 2 | 24 |
| 3 | 16 |
| 4 | 8 |

• തൊഴിലുടമ ഉടനീളം മെച്ചപ്പെടുത്തിയ തൊഴിലിന്റെ പരിധി നിലനിറുത്തണം, പരാജയപ്പെട്ടാൽ സബ്സിഡി ആനുകൂല്യം നിലയ്ക്കും.

• ജീവനക്കാരൻ ശമ്പളം/വേതനം (അതായത് ഇൻ-സോഴ്സ് ജീവനക്കാരൻ) നൽകുന്ന സ്ഥാപനത്തിൽ നേരിട്ട് ജോലി ചെയ്യുന്നവരായിരിക്കണം.

• പ്രതിമാസം 1 ലക്ഷം രൂപ വരെ വേതനം/ശമ്പളമുള്ള ജീവനക്കാർക്ക് ഇപിഎഫ്ഒ വിഹിതത്തിനു വിധേയമായി അർഹതയുണ്ട്.

• പ്രതിമാസം 25,000 രൂപയിൽ കൂടുതൽ വേതനം/ശമ്പളമുള്ളവർക്ക്, പ്രോൽസാഹനം പ്രതിമാസം 25,000 രൂപയായി കണക്കാക്കും.

• നിയമനം കഴിഞ്ഞ് 12 മാസത്തിനുള്ളിൽ തുടക്കക്കാർക്കുള്ള തൊഴിൽ അവസാനിക്കുകയാണെങ്കിൽ, തൊഴിലുടമ സബ്സിഡി തിരികെ നൽകണം.

• ഈ സബ്സിഡി പാർട്ട്-എ പ്രകാരമുള്ള ആനുകൂല്യത്തിന് പുറമെയായിരിക്കും

• പദ്ധതി 2 വർഷത്തേക്കാണ്

3. തൊഴിൽബന്ധിത പ്രോത്സാഹന പദ്ധതി സി: തൊഴിലുടമകൾക്കുള്ള പിന്തുണ (ഖണ്ഡിക 22)

• ഒരു തൊഴിലുടമയ്ക്ക് ബാധകം:

അടിസ്ഥാന രേഖക്ക് മുകളിൽ (മുൻവർഷത്തെ ഇപിഎഫ്ഒ ജീവനക്കാരുടെ എണ്ണം) കുറഞ്ഞത് രണ്ട് ജീവനക്കാരോ (50 ജീവനക്കാരിൽ താഴെയുള്ളവർക്ക്) അല്ലെങ്കിൽ 5 ജീവനക്കാരോ (50 അല്ലെങ്കിൽ അതിൽ കൂടുതലോ ജീവനക്കാരുള്ളവർക്ക്) തൊഴിൽ വർദ്ധിപ്പിക്കുകയും ഉയർന്ന തലത്തിൽ നിലനിർത്തുകയും ചെയ്യുന്നു, കൂടാതെ

ശമ്പളം 1,00,000/മാസം കവിയാത്ത ജീവനക്കാർക്ക്

ഈ ഭാഗത്തിന് കീഴിലുള്ള പുതിയ ജീവനക്കാർ ഇപിഎഫ്ഒയിൽ പുതുതായി ചേർന്നവർ ആയിരിക്കണമെന്നില്ല

മുൻ വർഷം അധികമായി നിയമിച്ച ജീവനക്കാർക്ക് ഇപിഎഫ്ഒ തൊഴിലുടമ രണ്ട് വർഷത്തേക്ക് അടച്ച വിഹിതം [3,000/മാസം വരെ] തൊഴിലുടമയ്ക്ക് ഗവൺമെന്റ് തിരികെ നൽകും.

തൊഴിലുടമ 1000ത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ:
മുൻ പാദത്തിലെ റീഇംബേഴ്സ്മെന്റ് ത്രൈമാസത്തിലൊരിക്കലായിരിക്കും

പാർട്ട്-ബിയിലെ തൊഴിലുടമയുടെ ആനുകൂല്യത്തിന്റെ അതേ സ്കെയിലിൽ സബ്സിഡി 3ഉം 4ഉം വർഷത്തേക്ക് തുടരും.

പാർട്ട്-ബിയിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ബാധകമല്ല.
ഈ സബ്സിഡി പാർട്ട്-എ പ്രകാരമുള്ള ആനുകൂല്യത്തിന് പുറമെയായിരിക്കും.
പദ്ധതി 2 വർഷത്തേക്കാണ്
നൈപുണ്യ പരിപാടിയും വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ നവീകരണവും

(ഖണ്ഡിക 24)

- 1000 വ്യാവസായിക പരിശീലന സ്ഥാപനങ്ങൾ (ഐടിഐകൾ) അഞ്ച് വർഷത്തിനുള്ളിൽ ഹബ് ആൻഡ് സ്പോക്ക് ക്രമീകരണങ്ങളിൽ നവീകരിക്കും.
- സംസ്ഥാനങ്ങളുമായും വ്യവസായങ്ങളുമായും സഹകരിച്ച് പുതിയ കേന്ദ്രാവിഷ്കൃത പദ്ധതി
- നൈപുണ്യത്തിന്റെ ഫലത്തിലും ഗുണനിലവാരത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുക

• കോഴ്സ് ഉള്ളടക്കവും രൂപകൽപ്പനയും വ്യവസായത്തിന്റെ ആവശ്യങ്ങൾക്ക് അനുസൃതമായി

• അഞ്ച് വർഷം കൊണ്ട് മൊത്തം അടങ്കൽ 60,000 കോടി രൂപ

ഇന്ത്യാ ഗവൺമെന്റ്-30,000 കോടി രൂപ

സംസ്ഥാന ഗവൺമെന്റുകൾ-20,000 കോടി രൂപ

വ്യവസായം-10,000 കോടി (സിഎസ്ആർ ഫണ്ടിംഗ് ഉൾപ്പെടെ)

• 200 ഹബ് 800 സ്പോക്ക് ഐടിഐകൾ -എല്ലാം വ്യവസായ സഹകരണത്തോടെ

നിലവിലുള്ള കോഴ്സുകളുടെ പുനർരൂപകൽപ്പനയും അവലോകനവും

പുതിയ കോഴ്സുകൾ

എല്ലാ 1000 ഐടിഐകളിലും 1 മുതൽ 2 വരെ വർഷത്തെ കോഴ്സുകൾ

ഹബ് ഐടിഐകളിൽ ഹ്രസ്വകാല സ്പെഷ്യലൈസ്ഡ് കോഴ്സുകൾ

• പരിശീലകരുടെ പരിശീലനത്തിനായി 5 ദേശീയ സ്ഥാപനങ്ങളുടെ ശേഷി വർധിപ്പിക്കൽ

• 20 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു

5. മുൻനിര കമ്പനികളിലെ ഇന്റേൺഷിപ്പ് (പാര 51)

• അഞ്ച് വർഷത്തിനുള്ളിൽ ഒരു കോടി യുവാക്കളെ ഇന്ത്യയിലെ മുൻനിര കമ്പനികൾ നൈപുണ്യമുള്ളവരാക്കും.

• 5,000 രൂപ പ്രതിമാസ അലവൻസോടെ പന്ത്രണ്ട് മാസത്തെ പ്രധാനമന്ത്രിയുടെ ഇന്റേൺഷിപ്പ്

• ജോലി ചെയ്യാത്തവർക്കും മുഴുവൻ സമയ വിദ്യാഭ്യാസത്തിൽ ഏർപ്പെടാത്തവർക്കും ബാധകം.

• 21 നും 24 നും ഇടയിൽ പ്രായമുള്ള യുവാക്കൾക്ക് അപേക്ഷിക്കാൻ അർഹതയുണ്ട്.

• ചെലവ് പങ്കിടൽ (പ്രതിവർഷം):

ഗവൺമെന്റ് - പ്രതിമാസ അലവൻസിലേക്ക് 54,000 (അതോടൊപ്പം യാദൃച്ഛിക ആവശ്യങ്ങൾക്ക് 6,000 ഗ്രാന്റ്)

•കമ്പനി -സിഎസ്ആർ ഫണ്ടിൽ നിന്ന് പ്രതിമാസ അലവൻസിലേക്ക് 6,000 രൂപ

•പരിശീലനച്ചെലവ് സിഎസ്ആർ ഫണ്ടിൽ നിന്ന് കമ്പനി വഹിക്കണം.

• ഭരണപരമായ ചിലവുകൾ അതത് കക്ഷികൾ വഹിക്കണം (കമ്പനിക്ക്, ന്യായമായ ഭരണച്ചെലവുകൾ സിഎസ്ആർ ചെലവായി കണക്കാക്കാം)

• കമ്പനികളുടെ പങ്കാളിത്തം സ്വമേധയാ ഉള്ളതാണ്

• ഒരു ഓൺലൈൻ പോർട്ടൽ വഴി അപേക്ഷകൾ സമർപ്പിക്കാം

• ഒരു ഷോർട് ലിസ്റ്റിൽ നിന്ന് കമ്പനിക്കു തിരഞ്ഞെടുക്കാം; കുറഞ്ഞ തൊഴിൽക്ഷമതയുള്ളവർക്ക് ഊന്നൽ നൽകിക്കൊണ്ട് വസ്തുനിഷ്ഠമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വ ലിസ്റ്റിംഗ്

• യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികൾ (സൂചക പട്ടിക)

• ഉദ്യോഗാർത്ഥിക്ക് ഐഐടി, ഐഐഎം, ഐസർ, സിഎ, സിഎംഎ തുടങ്ങിയവ യോഗ്യതയായി ഉണ്ട്

• കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗം ആദായനികുതി നൽകുന്നു

• കുടുംബത്തിലെ ഏതെങ്കിലും ഒരു അംഗം ഗവൺമെന്റ് ജീവനക്കാരനാണ് എങ്കിൽ .

• കമ്പനി നേരിട്ട് ഉൾപ്പെട്ടിരിക്കുന്ന ഒരു നൈപുണ്യത്തിൽ വ്യക്തിക്ക് ഒരു യഥാർത്ഥ പ്രവർത്തന പരിചയം കമ്പനി നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

• പകുതി സമയമെങ്കിലും യഥാർത്ഥ പ്രവൃത്തിപരിചയം/തൊഴിൽ പരിതസ്ഥിതിയിലായിരിക്കണം, ക്ലാസ് മുറിയിൽ ആയിരിക്കരുത്.

• കമ്പനിക്ക് നേരിട്ട് അങ്ങനെ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ഇത് ഇനിപ്പറയുന്നതുമായി ബന്ധപ്പെട്ടിരിക്കണം:

•വിതരണ ശൃംഖലയിലെ കമ്പനികൾ (ഉദാ. വിതരണക്കാർ അല്ലെങ്കിൽ ഉപഭോക്താക്കൾ) അല്ലെങ്കിൽ

• അതിന്റെ ഗ്രൂപ്പിലോ മറ്റോ ഉള്ള മറ്റ് കമ്പനികൾ/സ്ഥാപനങ്ങൾ

• ബാധകമാകുന്നിടത്തെല്ലാം സംസ്ഥാന ഗവൺമെന്റ് സംരംഭങ്ങളുമായി ഏകോപിപ്പിക്കും.

• പദ്ധതിയുടെ ഒന്നാം ഘട്ടം 2 വർഷത്തേയ്ക്കും തുടർന്ന് ഘട്ടം 2, 3 വർഷങ്ങളിലേക്കും ആയിരിക്കും

ശ്രദ്ധിക്കുക: മൂല്യനിർണ്ണയത്തിന്റെയും അംഗീകാരത്തിന്റെയും പ്രക്രിയയിൽ പദ്ധതികളുടെ വിശദാംശങ്ങൾ പരിഷ്ക്കരണത്തിന് വിധേയമാണ്.

**ഭാഗം ബിയുടെ അനുബന്ധം**
**പരോക്ഷ നികുതികളുമായി ബന്ധപ്പെട്ട ഭേദഗതികൾ**

എ. കസ്റ്റംസ് നിയമങ്ങളിലെ നിയമനിർമ്മാണ മാറ്റങ്ങൾ
എ.1 1962ലെ കസ്റ്റംസ് നിയമത്തിലെ ഭേദഗതികൾ

**(ശ)** ഉത്പത്തി നിർണ്ണയം സാധ്യമാക്കുന്നതിനായി വ്യാപാര കരാറുകളിൽ വ്യക്തമാക്കേണ്ട വ്യത്യസ്ത തരം സ്വയം സാക്ഷ്യപ്പെടുത്തൽ സൗകര്യം പുതിയ വ്യാപാര കരാറുകൾക്കും ബാധകമാകുന്ന വിധത്തിൽ വകുപ്പ് **28 ഉഅ** ഭേദഗതി ചെയ്യും.

**(ശശ)** ഒരു ഗോഡൗണിൽ അനുവദനീയമല്ലാത്ത ഒരു പ്രത്യേക തരം സാധനങ്ങളുമായി ബന്ധപ്പെട്ട് ചില നിർമ്മാണവും മറ്റ് പ്രവർത്തനങ്ങളും വ്യക്തമാക്കാൻ കേന്ദ്ര ഗവൺമെന്റിനെ അധികാരപ്പെടുത്തുന്നതിന്, വകുപ്പ് 65ലെ ഉപവകുപ്പ് (1)ലേക്ക് ഒരു വ്യവസ്ഥ ചേർക്കുന്നു.

**(ശശശ)** വ്യാപാരം സുഗമമാക്കുന്നതിന് വേണ്ടി കസ്റ്റംസ് നിയമത്തിന്റെ 143 എഎ വകുപ്പിൽ 'ഇറക്കുമതി ചെയ്യുന്നവരുടെയോ കയറ്റുമതിക്കാരുടെയോ ഒരു വിഭാഗം ' എന്ന

പ്രയോഗത്തിനു പകരം 'ഇറക്കുമതി ചെയ്യുന്നവരുടെയോ കയറ്റുമതിക്കാരുടെയോ മറ്റേതെങ്കിലും വ്യക്തികളുടെയോ ഒരു വിഭാഗം ' എന്ന് ചേർക്കുന്നു . കസ്റ്റംസ് ആക്ടിലെ സെക്ഷൻ 157ലെ ഉപവകുപ്പ് (2) ന്റെ ക്ലോസ് (എം) ൽ ഈ മാറ്റങ്ങൾ നടപ്പിലാക്കുന്നു.

ധനകാര്യ (നമ്പർ 2) ബില്ലിന് അംഗീകാരം നൽകിയ തീയതി മുതൽ ഈ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും

എ.2 1975ലെ കസ്റ്റംസ് താരിഫ് നിയമത്തിലെ ഭേദഗതികൾ

**(ശ)** താരിഫ് കമ്മീഷൻ അവസാനിപ്പിച്ചതിന്റെ പേരിൽ സെക്ഷൻ 6 ഒഴിവാക്കുന്നു.

**(ശശ)** 1975 ലെ കസ്റ്റംസ് താരിഫ് നിയമത്തിന്റെ ആദ്യ ഷെഡ്യൂൾ ഭേദഗതി ചെയ്യുന്നു,

എ) 24.07.2024 മുതൽ ചില താരിഫ് ഇനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുക.

ബി) പ്രതിരോധ ഉൽപന്നങ്ങൾ, സാങ്കേതിക തുണിത്തരങ്ങൾ, സുസ്ഥിരമായ ബ്ലെൻഡഡ് വ്യോമയാന ഇന്ധനം, ഇന്ത്യൻ അർദ്ധചാലക യന്ത്രങ്ങളിൽ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങൾ, ഇ-സൈക്കിളുകൾ, നാച്ചുറൽ മെന്തോൾ, പ്രിന്റർ കാട്രിഡ്ജ് തുടങ്ങിയവയുമായി ബന്ധപ്പെട്ട് പുതിയ താരിഫ് ലൈനുകൾ സൃഷ്ടിക്കുക. **ണഇഛ** വർഗ്ഗീകരണവുമായി താരിഫ് ലൈനുകൾ താദാത്മ്യപെടുത്തുന്നതിനും ചരക്കുകളുടെ മികച്ച തിരിച്ചറിയലും വേണ്ടിയാണു ഇത് . ഈ മാറ്റങ്ങൾ 01.10.2024 മുതൽ പ്രാബല്യത്തിൽ വരും.

എ. 3 കസ്റ്റംസ് താരിഫ് നിയമങ്ങളുടെ ഭേദഗതി (സബ്സിഡൈസ്ഡ് ഇനങ്ങളുടെ തിരിച്ചറിയൽ, വിലയിരുത്തൽ, കൌണ്ടർവെയിലിംഗ് ഡ്യൂട്ടി ശേഖരണം, പരിക്ക് നിർണ്ണയിക്കൽ) നിയമങ്ങൾ, 1995 കസ്റ്റംസ് താരിഫ് (സബ്സിഡൈസ്ഡ് ഇനങ്ങളുടെ തിരിച്ചറിയൽ, വിലയിരുത്തൽ, കൌണ്ടർവെയിലിംഗ് ഡ്യൂട്ടി ശേഖരണം, പരിക്ക്

നിർണ്ണയിക്കൽ) നിയമങ്ങൾ, **1995** പുതിയ ഷിപ്പർ റിവ്യൂവിനായി ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനായി ഭേദഗതി ചെയ്തിട്ടുണ്ട്. ഇത് **24.07.2024** ൽ നിന്ന് പ്രാബല്യത്തിൽ വരും.

ബി. ജിഎസ്ടി നിയമങ്ങളിലെ നിയമനിർമ്മാണ മാറ്റങ്ങൾ

**[**മറ്റൊരു വിധത്തിൽ നൽകിയിട്ടുള്ളതുപോലെ, ഈ മാറ്റങ്ങൾ ജിഎസ്ടി കൗൺസിലിന്റെ ശുപാർശകൾ അനുസരിച്ച് സംസ്ഥാനങ്ങളുമായുള്ള ഏകോപന ശേഷം ഒരു തീയതി മുതൽ പ്രാബല്യത്തിൽ വരും]

**വ്യാപാര സൗകര്യത്തിനായുള്ള ഭേദഗതി**

ബി.1 കേന്ദ്ര നികുതി പരിധിയിൽ നിന്ന് എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ ഒഴിവാക്കുന്നതിന് ഭേദഗതി:
മനുഷ്യ ഉപഭോഗത്തിനായുള്ള മദ്യം നിർമ്മിക്കുന്നതിന് ഉപയോഗിക്കുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിനെ കേന്ദ്ര നികുതി പരിധിയിൽ നിന്ന് ഒഴിവാക്കുന്നതിന് വകുപ്പ് 9 ഭേദഗതി ചെയ്യുന്നു. സമാനമായ ഭേദഗതികൾ ഐജിഎസ്ടി നിയമം, യുടിജിഎസ്ടി നിയമം എന്നിവയിലും നിർദ്ദേശിക്കുന്നു.

ബി.2 സാമാന്യ പ്രയോഗം മൂലമുള്ള കേന്ദ്ര നികുതി ഇല്ലാതാക്കൽ, കുറച്ചെടുക്കൽ എന്നിവ നിയമപരമാക്കുന്നതിന് ഭേദഗതി

വ്യാപാരത്തിൽ പ്രചാരത്തിലുള്ള ഏതെങ്കിലും സാധാരണ പ്രയോഗം മൂലമുള്ള കേന്ദ്ര നികുതി ഇല്ലാതാക്കൽ അല്ലെങ്കിൽ കുറച്ചെടുക്കൽ എന്നിവ നിയമപരമാക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്നതിന് വകുപ്പ് 11 എ ചേർക്കുന്നു. സമാനമായ അധികാരം ഐജിഎസ്ടി നിയമം, യുടിജിഎസ്ടി നിയമം, ജിഎസ്ടി (സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം) നിയമം എന്നിവയിലും നിർദ്ദേശിക്കുന്നു.

ബി.3 ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിനുള്ള സമയപരിധിയിൽ ഇളവ് വരുത്തുന്നതിനുള്ള ഭേദഗതി

സിജിഎസ്ടി നിയമം വകുപ്പ് 16ൽ പുതിയ ഉപവിഭാഗങ്ങൾ (5)യും (6)യും ചേർത്ത് 01.07.2017 മുതൽ സിജിഎസ്ടി നിയമം വകുപ്പ് 16(4) അനുസരിച്ച് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടാനുള്ള സമയപരിധിയിൽ ഇളവ് നൽകും.

ഇതുവഴി:

എ) ജിഎസ്ടി നടപ്പിലാക്കലിന്റെ പ്രാരംഭ വർഷങ്ങളിൽ, അതായത് 201718, 201819, 201920, 202021 സാമ്പത്തിക വർഷങ്ങൾ:

201718, 201819, 201920, 202021 സാമ്പത്തിക വർഷങ്ങളിലെ ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ടുമായി ബന്ധപ്പെട്ട്, രജിസ്റ്റർ ചെയ്ത വ്യക്തി 2021 നവംബർ 30 വരെ ഫയൽ ചെയ്യുന്ന വകുപ്പ് 39 പ്രകാരമുള്ള ഏതെങ്കിലും റിട്ടേണിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടാൻ അർഹതയുള്ളതാണ്.

ബി) അസാധുവാക്കിയ ശേഷം റിട്ടേണുകൾ ഫയൽ ചെയ്ത കേസുകളിൽ:
ഒരു ഇൻവോയ്സ് അല്ലെങ്കിൽ ഡെബിറ്റ് നോട്ടിൻറെ കാര്യത്തിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നേടുന്നതിനുള്ള സമയപരിധി, റജിസ്ട്രേഷൻ റദ്ദാക്കൽ/റജിസ്ട്രേഷൻ റദ്ദാക്കലിന്റെ പ്രാബല്യ തിയതി മുതൽ റജിസ്ട്രേഷൻ റദ്ദാക്കലിന്റെ റദ്ദാക്കൽ ഉത്തരവ് വരെയുള്ള കാലയളവിലെ റിട്ടേണുകൾ, രജിസ്റ്റർ ചെയ്ത വ്യക്തി രജിസ്ട്രേഷൻ റദ്ദാക്കിയ ഉത്തരവ് റദ്ദാക്കി മുപ്പത് ദിവസത്തിനുള്ളിൽ ഈ റിട്ടേൺ ഫയൽ ചെയ്താൽ, ചില വ്യവസ്ഥകൾക്ക് വിധേയമായി മേൽപ്പറഞ്ഞ ജിഎസ്ടിആർ-3 ബി റിട്ടേൺ ഫയൽ ചെയ്യുന്ന തീയതി വരെ നീട്ടും.

ബി.4 ഡിമാൻഡ് നോട്ടിസുകൾക്കും ഓർഡറുകൾക്കും പൊതുവായ സമയപരിധി നിശ്ചയിക്കുന്നതിന് പുതിയ വിഭാഗം ചേർക്കുന്നു

സിജിഎസ്ടി നിയമത്തിൽ വകുപ്പ് 74എ ചേർത്തുകൊണ്ട്, 202425 സാമ്പത്തിക വർഷം മുതൽ വഞ്ചന, വിവരങ്ങൾ മറച്ചുവയ്ക്കൽ അല്ലെങ്കിൽ ബോധപൂർവം തെറ്റായ പ്രസ്താവന നടത്തിൽ എന്നീ കുറ്റങ്ങളുമായി ബന്ധപ്പെട്ട കേസുകൾക്കും ചാർജുകൾ ചുമത്താതെയുള്ള കേസുകൾക്കും, ഡിമാൻഡ് നോട്ടിസുകളും ഓർഡറുകളും പുറപ്പെടുവിക്കുന്നതിനായി പൊതുവായ സമയപരിധി നിശ്ചയിക്കുന്നു. കൂടാതെ, കുറഞ്ഞ പിഴയോടെ നികുതിയും പലിശയും അടച്ചുകൊണ്ട് നികുതി ആവശ്യത്തിന്റെ ഗുണം പ്രയോജനപ്പെടുത്താൻ നൽകുന്ന സമയപരിധി 30 ദിവസത്തിൽ നിന്ന് 60 ദിവസമായി വർദ്ധിപ്പിക്കും. .

ബി 5 അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള മുൻകൂർ നിക്ഷേപത്തിന്റെ പരമാവധി തുക കുറയ്ക്കുന്നതിനുള്ള ഭേദഗതി

സിജിഎസ്ടി നിയമത്തിലെ വകുപ്പ് 107, 112 എന്നിവ ഭേദഗതി ചെയ്ത്, അപ്പലേറ്റ് അതോറിറ്റിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള പ്രീ-ഡെപ്പോസിറ്റിന്റെ പരമാവധി തുക കേന്ദ്രനികുതിയുടെ 25 കോടി രൂപയിൽ നിന്ന് 20 കോടി രൂപയായി കുറയ്ക്കുന്നു, അപ്പലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള പ്രീ-ഡെപ്പോസിറ്റിന്റെ തുക 20% ൽ നിന്ന് പരമാവധി കേന്ദ്രനികുതിയുടെ 50 കോടി രൂപയിൽ നിന്ന് 10% ൽ പരമാവധി കേന്ദ്ര നികുതിയുടെ 20 കോടി രൂപയായി കുറയ്ക്കുന്നു. കൂടാതെ, അപ്പലേറ്റ് ട്രിബ്യൂണൽ പ്രവർത്തനക്ഷമമാകാത്തതിനാൽ അപ്പീൽ സമയം നഷ്ടമാവാതിരിക്കാൻ 2024 ആഗസ്റ്റ് 1 മുതൽ അപ്പീലുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി മാറ്റുന്നു.

ബി.6 ചില നികുതി കാലയളവുകൾക്കായി സെക്ഷൻ 73 പ്രകാരം ഉന്നയിച്ച ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പലിശയോ പിഴയോ

അല്ലെങ്കിൽ രണ്ടും ഉപാധികളോടെ എഴുതിത്തള്ളുന്നതിനുള്ള ഭേദഗതി

201718, 201819, 201920 സാമ്പത്തിക വർഷങ്ങളിലെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പലിശയും പിഴയും വ്യവസ്ഥകൾക്ക് അനുസരിച്ച് ഒഴിവാക്കുന്നതിന് സി. ജി. എസ്. ടി നിയമത്തിൽ സെക്ഷൻ 128 എ ചേർക്കുന്നു.സെക്ഷൻ 73 പ്രകാരം ഡിമാൻഡ് നോട്ടീസ് നൽകുകയും നികുതിദായകൻ വിജ്ഞാപനം ചെയ്യുന്ന തീയതിക്ക് മുമ്പ് മുഴുവൻ നികുതി ബാധ്യതയും അടയ്ക്കുകയും ചെയ്യുന്ന കേസുകളിൽ ആണിത് .

ബി.7 നിശ്ചിത തീയതിക്ക് മുമ്പ് ലഭിച്ച ഇൻവോയിസുകളുമായി ബന്ധപ്പെട്ട ഇൻപുട്ട് സർവീസസ് ഡിസ്ട്രിബ്യൂട്ടർക്ക് യോഗ്യമായ (**ഇഋചഢഅഠ** ) സെൻവാറ്റ് ക്രെഡിറ്റിന്റെ ട്രാൻസിഷണൽ ക്രെഡിറ്റ് നേടാൻ പ്രാപ്തമാക്കുന്നതിനുള്ള ഭേദഗതി .

നിശ്ചിത ദിവസത്തിന് മുമ്പ് ഒരു ഇൻപുട്ട് സേവന വിതരണക്കാരന് ലഭിച്ച ഇൻപുട്ട് സേവനങ്ങളുമായി ബന്ധപ്പെട്ട് ട്രാൻസിഷണൽ ക്രെഡിറ്റ് നേടാൻ പ്രാപ്തമാക്കുന്നതിനായി സിജിഎസ്ടി നിയമത്തിലെ സെക്ഷൻ 140 (7) ഭേദഗതി ചെയ്യുന്നു, നിശ്ചിത ദിവസത്തിന് മുമ്പ് ഇൻവോയ്സുകളും ലഭിച്ച കേസുകളിൽ .

ബി 8 ആന്റി-പ്രോഫിറ്റീയറിംഗ് കേസുകൾ കൈകാര്യം ചെയ്യുന്നതിനായി അപ്പീൽ ട്രൈബ്യൂണലിനെ അറിയിക്കാൻ ഗവൺമെന്റ് അധികാരപ്പെടുത്തുന്നതിനും ആന്റി-പ്രോഫിറ്റീയറിംഗ് കേസുകൾ സ്വീകരിക്കുന്നതിനുള്ള ഒരു അവസാന തീയതി (സൺസെറ്റ് ക്ലോസ്) നൽകുന്നതിനും ഭേദഗതി

സിജിഎസ്ടി നിയമം വകുപ്പ് 171 ഭേദഗതി ചെയ്യുന്നു, ഇതോടെ ഗവൺമെന്റ് ആന്റി-പ്രോഫിറ്റീയറിംഗ് കേസുകൾ കൈകാര്യം ചെയ്യുന്നതിനായി ജിഎസ്ടി അപ്പീൽ ട്രൈബ്യൂണലിനെ അറിയിക്കാൻ സാധിക്കും, കൂടാതെ ആന്റി-പ്രോഫിറ്റീയറിംഗ് അതോറിറ്റി ഒരു തീയതിക്ക് ശേഷം അപേക്ഷകൾ പരിശോധിക്കില്ല

എന്ന് അറിയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും ഉള്ള ഭേദഗതി.

ബി 9 ഇൻഷുറൻസ് മേഖലയിലെ വിവിധ പ്രവർത്തനങ്ങളെ സാധനങ്ങളുടെയും സേവനങ്ങളുടെയും വിതരണമല്ലെന്ന് വ്യക്തമാക്കുന്നതിനുള്ള ഭേദഗതി

കോ-ഇൻഷുറൻസ് കരാറിലെ കോ-ഇൻഷുറൻസ് കമ്പനികൾക്ക് ലീഡ് ഇൻഷുറൻസ് കമ്പനികൾ കോ-ഇൻഷുറൻസ് പ്രീമിയങ്ങൾ പങ്കിടുന്ന പ്രവർത്തനവും സിഡിംഗ്/റീ-ഇൻഷുറൻസ് കമ്മീഷനുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനികൾ റീഇൻഷുറൻസ് കമ്പനികൾക്ക് നൽകുന്ന സേവനങ്ങളും ചരക്കുകളുടെ വിതരണമോ സേവനങ്ങളുടെ വിതരണമോ ആയി കണക്കാക്കില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി സി. ജി. എസ്. ടി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിൽ **8,9** ഖണ്ഡികകൾ ചേർക്കുന്നു.

**സിജിഎസ്ടി നിയമത്തിലെ മറ്റ് നിയമ ഭേദഗതികൾ**

ബി10. റിവേഴ്സ് ചാർജ് വിതരണങ്ങളിൽ സേവനങ്ങളുടെ വിതരണ സമയത്തെ വ്യക്തമാക്കുന്നതിനുള്ള ഭേദഗതി

റിവേഴ്സ് ചാർജ് വിതരണങ്ങളുടെ കേസുകളിൽ, സേവനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സമയം നിശ്ചയിക്കുന്നതിനായി സി. ജി. എസ്. ടി. നിയമത്തിലെ **13**ാം വകുപ്പിൽ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ട്.സേവനങ്ങൾ സ്വീകരിക്കുന്നയാൾ ഇൻവോയ്സ് നൽകേണ്ട കേസുകളിൽ ആണിത് .

ബി **11. 202324** സാമ്പത്തിക വർഷം വരെയുള്ള ആവശ്യങ്ങൾക്ക് സെക്ഷൻ **74** പ്രകാരം അടയ്ക്കുന്ന നികുതിയുടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തടയുന്നതിനുള്ള ഭേദഗതി

സിജിഎസ്ടി നിയമം വകുപ്പ് 17(2) ഭേദഗതി ചെയ്യുന്നു, 202324 സാമ്പത്തിക വർഷം വരെ ആവശ്യങ്ങൾക്ക് സെക്ഷൻ 74 പ്രകാരം അടച്ച നികുതിയിലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തടയൽ നിയന്ത്രിക്കുന്നതിന് ..

ബി 12. രജിസ്ട്രേഷൻ റദ്ദാക്കൽ അസാധുവാക്കുന്നതിനുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും വ്യവസ്ഥ ചെയ്യുന്നതിനുള്ള ഭേദഗതി

രജിസ്ട്രേഷൻ റദ്ദാക്കുന്നത് അസാധുവാക്കുന്നതിനുള്ള വ്യവസ്ഥകളും നിയന്ത്രണങ്ങളും നിർദ്ദേശിക്കാൻ സർക്കാരിനെ പ്രാപ്തമാക്കുന്നതിനായി സിജിഎസ്ടി നിയമത്തിലെ സെക്ഷൻ 30 ഭേദഗതി ചെയ്യുന്നു.

ബി 13. റിവേഴ്സ് ചാർജ് മെക്കാനിസം വിതരണത്തിൽ സ്വീകർത്താവ് ഇൻവോയ്സ് നൽകുന്നതിനുള്ള സമയപരിധി നിർദ്ദേശിക്കുന്നതിനുള്ള ഭേദഗതി

റിവേഴ്സ് ചാർജ് സംവിധാനത്തിന് കീഴിൽ സ്വീകർത്താവ് ഇൻവോയ്സ് നൽകേണ്ട സമയപരിധി നിർണ്ണയിക്കുന്നതിന് ഒരു വ്യവസ്ഥ നൽകുന്നതിന് സിജിഎസ്ടി നിയമത്തിലെ സെക്ഷൻ 31 ലെ ക്ലോസ് (എഫ്) ഭേദഗതി ചെയ്യുന്നു. സി. ജി. എസ്. ടി നിയമത്തിലെ 51ാം വകുപ്പ് പ്രകാരം ടി. ഡി. എസ് കുറയ്ക്കുന്നതിനായി മാത്രം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വ്യക്തിയെ മേൽപ്പറഞ്ഞ നിയമത്തിലെ 31 (3)ാം വകുപ്പ് ക്ലോസ് (എഫ്) പ്രകാരം രജിസ്റ്റർ ചെയ്യാത്ത വ്യക്തിയായി കണക്കാക്കുമെന്ന് വ്യക്തമാക്കുന്നതിനും വേണ്ടി

ബി14. ടിഡിഎസ് കുറച്ച വ്യക്തികളുടെ മാസാന്തമുള്ള റിട്ടേൺ ഫയലിംഗ് നിർബന്ധമാക്കുന്നതിനുള്ള ഭേദഗതി

ഈ മാസത്തിൽ കിഴിവുകളൊന്നും നൽകിയിട്ടില്ലെങ്കിലും എല്ലാ മാസവും ടി. ഡി. എസ് ഡിഡക്റ്റർമാർ റിട്ടേണുകൾ ഫയൽ ചെയ്യണമെന്ന് നിർബന്ധിക്കുന്നതിനായി സെക്ഷൻ **39** ഭേദഗതി ചെയ്യുന്നു. അത്തരം റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി നിർണ്ണയിക്കുന്നതിനുള്ള ഒരു വ്യവസ്ഥയും നൽകുന്നു .

ബി**15.** കയറ്റുമതി തീരുവക്കു വിധേയമായ വസ്തുക്കളുടെ, നികുതി റീഫണ്ട് നിരോധിക്കുന്നതിനുള്ള ഭേദഗതി

സി. ജി. എസ്. ടി നിയമത്തിലെ **54**ാം വകുപ്പും ഐ. ജി. എസ്. ടി നിയമത്തിലെ **16**ാം വകുപ്പും, കയറ്റുമതി തീരുവയ്ക്ക് വിധേയമായ, ഉപയോഗിക്കപ്പെടാത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അല്ലെങ്കിൽ സീറോ റേറ്റുചെയ്ത ചരക്കുകളുടെ സംയോജിത നികുതി റീഫണ്ട് ചെയ്യുന്നത് നിരോധിക്കുന്നതിനായി ഭേദഗതി ചെയ്യുന്നു.

ബി.**16** സമൻസ് ലഭിച്ച വ്യക്തിക്ക് വേണ്ടി അംഗീകൃത പ്രതിനിധി ഹാജരാകാൻ അനുവദിക്കുന്നതിനുള്ള ഭേദഗതി

സിജിഎസ്ടി നിയമം വകുപ്പ് **70**ൽ ഉപവിഭാഗം **1** എ ചേർത്തുകൊണ്ട്, സമൻസ് ലഭിച്ച വ്യക്തിക്കു പകരം ചുമതലപ്പെടുത്തപ്പെട്ട ഒരു പ്രതിനിധി ഹാജരാകാൻ അനുവദിക്കുന്നു.

ബി.**17** ജി. എസ്. ടി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് മാത്രം പരിഗണിക്കുന്ന കേസുകൾ കേസുകൾ അറിയിക്കാൻ സർക്കാരിന് അധികാരം നൽകുന്ന ഭേദഗതി

അപ്പലേറ്റ് ട്രൈബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് മാത്രം കേൾക്കേണ്ട കേസുകൾ വ്യക്തമാക്കാൻ സർക്കാരിനെ

അധികാരപ്പെടുത്തുന്നതിനായി സിജിഎസ്ടി നിയമത്തിലെ സെക്ഷൻ 109 ഭേദഗതി ചെയ്യുന്നു.

ബി.18 ടിസിഎസ് കുറയ്ക്കുന്ന ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്റർമാർക്ക് സെക്ഷൻ 122 (1ബി) പ്രകാരം ശിക്ഷാ വ്യവസ്ഥകൾ ബാധകമാകുന്നത് നിയന്ത്രിക്കുന്നതിനുള്ള ഭേദഗതി

സിജിഎസ്ടി നിയമം വകുപ്പ് 122(1ബി) 01.10.2023 മുതൽ ഭേദഗതി ചെയ്യുന്നു, ഇതോടെ സെക്ഷൻ 52 പ്രകാരം ഉറവിടത്തിൽ നികുതി പിരിക്കേണ്ട ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്റർമാർക്ക് മാത്രമേ ഈ വകുപ്പിന് കീഴിലുള്ള ശിക്ഷാ വ്യവസ്ഥകൾ ബാധകമാകൂ.

ബി.19 സിജിഎസ്ടി നിയമത്തിൽ പുതിയ വകുപ്പ് 74 എ ഉൾപ്പെടുത്തുന്നതിന്റെ ഫലമായി അനുബന്ധ ഭേദഗതികൾ

സിജിഎസ്ടി നിയമത്തിലെ വകുപ്പ് 73, 74 എന്നിവ ഭേദഗതി ചെയ്യുന്നു. പുതുതായി ചേർത്ത സെക്ഷൻ 74എയിലെ വ്യവസ്ഥകൾ അനുസരിച്ച് 202425 സാമ്പത്തിക വർഷം മുതൽ ആവശ്യങ്ങൾ നിർണ്ണയിക്കപ്പെടേണ്ടതിനാൽ സിജിഎസ്ടി നിയമത്തിലെ 73,74 വകുപ്പുകൾ ഭേദഗതി ചെയ്ത് 202324 സാമ്പത്തിക വർഷം വരെയുള്ള ആവശ്യങ്ങൾക്ക് ഈ വിഭാഗങ്ങളുടെ പ്രയോഗക്ഷമത പരിമിതപ്പെടുത്തുന്നു.

വഞ്ചന, മറച്ചുവയ്ക്കൽ, ബോധപൂർവം തെറ്റായ പ്രസ്താവന നടത്തൽ എന്നീ കുറ്റങ്ങൾ സ്ഥാപിക്കപ്പെടാത്ത പക്ഷം പിഴ പുനർനിർണയത്തിനായി സിജിഎസ്ടി നിയമത്തിലെ വകുപ്പ് 75 ഭേദഗതി ചെയ്യുന്നു. കൂടാതെ, സിജിഎസ്ടി നിയമത്തിലെ വകുപ്പ് 10, വകുപ്പ് 21, വകുപ്പ് 35, വകുപ്പ് 49, വകുപ്പ് 50, വകുപ്പ് 51, വകുപ്പ് 62, വകുപ്പ് 63, വകുപ്പ് 64, വകുപ്പ് 65, വകുപ്പ് 66, വകുപ്പ് 104, വകുപ്പ് 127 എന്നിവയിൽ വകുപ്പ് 74 എ അല്ലെങ്കിൽ വകുപ്പ് 74 എയുടെ ബന്ധപ്പെട്ട എഉപവിഭാഗങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ ചേർക്കുന്നു.

ധന (നമ്പർ 2) ബിയിലെ മറ്റു നിബന്ധനകൾ

സി.1 2023 മെയ് 10നു തീയതിയുള്ള കസ്റ്റംസ് ഡ്യൂട്ടി അറിയിപ്പിന്റെ ഭേദഗതി

2023 മെയ് 10നു തീയതിയുള്ള 37/2023കസ്റ്റംസ് എന്ന അറിയിപ്പിന് 2023 ഏപ്രിൽ 1 മുതൽ 2023 മെയ് 10 വരെ അടിസ്ഥാന കസ്റ്റംസ് ഡ്യൂട്ടി, എഐഡിസി എന്നിവയിൽ നിന്ന് ക്രൂഡ് സോയാബീൻ ഓയിൽ, ക്രൂഡ് സൺഫ്ളവർ സീഡ് ഓയിൽ എന്നിവയുടെ ഇറക്കുമതിയിൽ ഒഴിവാക്കൽ നൽകൽ സാധ്യമാക്കുന്നു. ഈ മാറ്റങ്ങൾ ധന (നമ്പർ 2) ബിൽ 2024 അംഗീകാരം ലഭിക്കുന്നതിന്റെ തീയതി മുതൽ പ്രാബല്യത്തിൽ വരും.

2023 ഏപ്രിൽ 1 മുതൽ 2023 മെയ് 10 വരെയുള്ള കാലയളവിലേക്ക് അസംസ്കൃത സോയാബീൻ എണ്ണയുടെയും അസംസ്കൃത സൂര്യകാന്തി വിത്ത് എണ്ണയുടെയും ഇറക്കുമതിക്ക് ഡിജിഎഫ്ടി അനുവദിച്ച സാമ്പത്തിക വർഷത്തിലെ ടിആർക്യു അംഗീകാരത്തിൽ ഉപയോഗിക്കാത്ത ക്വാട്ടയുടെ ലഭ്യതയ്ക്കും 2023 മാർച്ച് 31നോ അതിനുമുമ്പോ പുറപ്പെടുവിച്ച ചരക്ക് ബില്ലിനും വിധേയമായി അടിസ്ഥാന കസ്റ്റംസ് തീരുവയിൽ നിന്ന് ഇളവ് നൽകുന്നതിന് 10.5.23ലെ വിജ്ഞാപനം നമ്പർ 37/2023 സാധൂകരിക്കുന്നു .ധനകാര്യ (നമ്പർ 2) ബിൽ 2024ന് അംഗീകാരം നൽകിയ തീയതി മുതൽ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

സി.2 2012 മാർച്ച് 17 തീയതിയിലുള്ള കേന്ദ്ര എക്സൈസ് തീരുവ വിജ്ഞാപനത്തിൻറെ ഭേദഗതി

അന്തിമ മെഗാ പവർ പ്രോജക്ട് സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിനുള്ള സമയപരിധി 120 മാസത്തിൽ നിന്ന് 156 മാസമായി നീട്ടാൻ 17.3.2012 ലെ സെൻട്രൽ എക്സൈസ് വിജ്ഞാപനം നമ്പർ 12/2012 ഭേദഗതി ചെയ്യുന്നു. ധനകാര്യ (നമ്പർ 2) ബിൽ 2024ന് അംഗീകാരം നൽകിയ തീയതി മുതൽ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

സി.3 ശുദ്ധ പരിസ്ഥിതി സെസിൽ നിന്ന് ഒഴിവാക്കൽ

എക്സൈസ് തീരുവയായി ഈടാക്കുകയും ശേഖരിക്കുകയും ചെയ്യുന്ന ശുദ്ധമായ പരിസ്ഥിതി സെസ് 2017 ജൂൺ 30 വരെ സ്റ്റോക്കിൽ കിടക്കുന്ന എക്സൈസിബിൾ ചരക്കുകൾക്ക് ഒഴിവാക്കിയിട്ടുണ്ട്. 2017ജൂലൈ ഒന്നിനോ അതിനുശേഷമോ അത്തരം ചരക്കുകളുടെ വിതരണത്തിന് ഉചിതമായ ജി. എസ്. ടി നഷ്ടപരിഹാര സെസ് അടയ്ക്കുന്നതിന് വിധേയമായാണിത് .ഈ മാറ്റങ്ങൾ ധന (നമ്പർ 2) ബിൽ 2024ന് അംഗീകാരം ലഭിക്കുന്ന തീയതി പ്രാബല്യത്തിൽ വരും.

സി.4 ജിഎസ്ടി നഷ്ടപരിഹാരം സെസിൽ നിന്ന് ഒഴിവാക്കൽ, 2017

ജി. എസ്. ടി കൌൺസിലിന്റെ 53ാമത് യോഗത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ, അംഗീകൃത പ്രവർത്തനങ്ങൾക്കായി സെസ് യൂണിറ്റുകളോ ഡെവലപ്പർമാരോ സെസിലെ ഇറക്കുമതിക്ക് ജി. എസ്. ടി കോമ്പൻസേഷൻ സെസ് 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുന്ന വിധത്തിൽ ജി. എസ്. ടി. നഷ്ടപരിഹാര സെസ് ഒഴിവാക്കിയിട്ടുണ്ട്. ധനകാര്യ (നമ്പർ 2) ബിൽ 2024ന് അംഗീകാരം നൽകിയ തീയതി മുതൽ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും

.ഇ. വാണിജ്യ സൗകര്യങ്ങള്

**ഇ.1.** ഇന്ത്യയില് നിന്ന് കയറ്റി അയച്ച വസ്തുക്കളുടെ പുനര് ഇറക്കുമതി ദൈര്ഘ്യം കൂട്ടി

ഇന്ത്യയില് നിന്നു വാറന്റിയോടെ കയറ്റി അയക്കുന്ന വസ്തുക്കളുടെ (കയറ്റുമതി പ്രോത്സാഹന പദ്ധതികളിലേതല്ലാത്ത) നികുതി രഹിത പുനര് ഇറക്കുമതിയുടെ കാലാവധി 3 വര്ഷത്തില് നിന്ന് 5 വര്ഷമായി വര്ദ്ധിപ്പിച്ചു, ഇത് 2 വര്ഷം കൂടി ദീര്ഘിപ്പിക്കാം.

**ഇ.2.** ഇന്ത്യയിലേക്ക് നന്നാക്കുന്നതിനായി ഇറക്കുമതി ചെയ്ത വിദേശ വസ്തുക്കളുടെ കയറ്റുമതി ദൈര്ഘ്യം കൂട്ടി

നിലവില്, നന്നാക്കുന്നതിനായി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്ത വിദേശ വസ്തുക്കള്, ആറ് മാസത്തിനകം പുനഃകയറ്റി അയക്കേണ്ടതുണ്ട്, ഇത് 1 വര്ഷം വരെ ദീര്ഘിപ്പിക്കാം. പരിപാലനം, ശരിയാക്കല്, ഓവര്ഹോളിംഗ് എന്നിവയ്ക്കായി ഇറക്കുമതി ചെയ്ത വിമാനങ്ങളുടെയും കപ്പലുകളുടെയും കാര്യത്തില്, കയറ്റുമതിയുടെ ദൈര്ഘ്യം 6 മാസത്തില് നിന്ന് 1 വര്ഷമായി വര്ദ്ധിപ്പിച്ചു, ഇത് 1 വര്ഷം കൂടി ദീര്ഘിപ്പിക്കാം.

**എ.** മറ്റ് വ്യവസ്ഥകള്

ഗൗരവം കുറഞ്ഞ മറ്റ് ചില മാറ്റങ്ങള് ഉണ്ട്. ബജറ്റ് നിര്ദ്ദേശങ്ങളുടെ വിശദാംശങ്ങള്ക്കായി, വിശദീകരണ കുറിപ്പ്, മറ്റു ബന്ധപ്പെട്ട ബജറ്റ് രേഖകള് എന്നിവ പരിശോധിക്കാം.

************************************

**ഭാഗം ബിക്കുള്ള അനുബന്ധം**

**നേരിട്ടുള്ള നികുതികളുമായി ബന്ധപ്പെട്ട ഭേദഗതികള്**

എ) നികുതി ആശ്വാസം നല്കല്

എ.1. പുതിയ നികുതി സംവിധാനത്തില് പുതിയ സ്ലാബുകളും നികുതി നിരക്കുകളും ഉള്പ്പെടുത്തി കാര്യമായ ആശ്വാസം നല്കാന് നിര്ദ്ദേശിക്കുന്നു:

ആകെ വരുമാനം □ നികുതി നിരക്ക്

₹3,00,000 വരെ □ ഇല്ല

₹ 3,00,001 ₹7,00,000 □ 5%

₹ 7,00,001 ₹10,00,000 □ 10%

₹10,00,001 ₹12,00,000 □ 15%

₹12,00,001 ₹15,00,000 □ 20%

₹15,00,000ല് മേല് □ 30%

എ.2. സ്റ്റാന്ഡേര്ഡ് ഡിഡക്ഷന്: ശമ്പളക്കാർക്കും പെന്ഷന്കാര്ക്കും നല്കുന്ന സ്റ്റാന്ഡേര്ഡ് ഡിഡക്ഷന് ₹ 50,000 മുതല് ₹ 75,000 വരെ പുതുക്കിയ നികുതി സംവിധാനത്തില് വര്ദ്ധിപ്പിക്കുന്നു.

എ.3. ഫാമിലി പെന്ഷന് ഡിഡക്ഷന്: കുടുംബ പെന്ഷനില് നിന്നുള്ള 15,000 രൂപയുടെ ഡിഡക്ഷന് പുതുക്കിയ നികുതി സംവിധാനത്തില് 25,000 രൂപയാക്കി വര്ദ്ധിപ്പിക്കുന്നു.

എ.4. സര്ക്കാരിതര ജീവനക്കാര്ക്ക് പുതുക്കിയ പെന്ഷന് പദ്ധതിയിലേക്ക് തൊഴിലുടമയുടെ സംഭാവന: 80 സിസിഡി വകുപ്പില് പരാമര്ശിക്കുന്ന ഒരു പെന്ഷന് പദ്ധതിയിലേക്ക് ഒരു തൊഴിലുടമ നൽകുന്ന സംഭാവനയുടെ ഡിഡക്ഷന് തൊഴിലാളിയുടെ ശമ്പളത്തിന്റെ 10%ൽ നിന്ന് 14%ലേക്ക് വര്ദ്ധിപ്പിക്കുന്നതിന് നിര്ദ്ദേശിക്കുന്നു. കൂടാതെ, പുതിയ നികുതി സംവിധാനത്തില് ഒരു സര്ക്കാര്േതര ജീവനക്കാരന് ശമ്പളത്തിന്റെ 14% ത്തിൽ കൂടാതെയുള്ള ഒരു ഡിഡക്ഷന് അനുവദിക്കും - ഇത് നേരത്തെ 10% ആയിരുന്നു.

ബി) നിക്ഷേപവും തൊഴിലവസരവും പ്രോത്സാഹിപ്പിക്കുന്നതിന് മാര്ഗ്ഗങ്ങള്

ബി.1. ഐഎഫ്എസ്സിയിലുള്ള പ്രോത്സാഹനങ്ങള്:

ഐഎഫ്എസ്സിയിലെ റീടെയ്ല് പദ്ധതികള്ക്കും എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടുകള്ക്കും പ്രത്യേകം ഫണ്ടുകള്ക്ക് ലഭ്യമായ നികുതി ഇളവുകള് നല്കാന് നിര്ദ്ദേശിക്കുന്നു.

ഐഎഫ്എസ്സിയില് സജ്ജീകരിച്ച കോര് സെറ്റില്മെന്റ് ഗ്യാരന്റി ഫണ്ടിന്റെ ചില വരുമാനങ്ങള് ഒഴിവാക്കാന് നിര്ദ്ദേശിക്കുന്നു.

ഐഎഫ്എസ്സിയിലെ ചില ഫിനാന്സ് കമ്പനികള്ക്ക് സെക്ഷന് 94 ബി ബാധകമാക്കുന്നത് ഒഴിവാക്കാന് നിര്ദ്ദേശിക്കുന്നു.

ഐഎഫ്എസ്സിയില് സജ്ജീകരിച്ച വെഞ്ചര് ക്യാപിറ്റല് ഫണ്ട് ഒരു അസ്സസ്സിയിലേക്ക് വായ്പ / മറ്റൊരു തുക നല്കുമ്പോള്, ഫണ്ടുകളുടെ ഉറവിടം വിശദീകരിക്കേണ്ടതില്ലെന്ന് നിര്ദ്ദേശിക്കുന്നു.

അതിനുപുറമെ, പ്രത്യേകിച്ചു പറഞ്ഞിട്ടുള്ള ഫണ്ടുകൾക്ക്, ആദായ നികുതി ബാധകമായ സെക്യൂരിറ്റികളിൽ നിന്നുള്ള വരുമാനത്തില് സർചാർജ് ബാധകമാകില്ല.

ബി.2. വിദേശ കമ്പനികളുടെ നിരക്ക് 35% ആയി കുറയ്ക്കുന്നു: പ്രത്യേക നിരക്കില് ചാര്ജ്ജുചെയ്യുന്ന വരുമാനം ഒഴികെ വിദേശ കമ്പനികളുടെ വരുമാനത്തില് ചാര്ജ്ജുചെയ്യുന്ന നികുതിയുടെ നിരക്ക് 40% ൽ നിന്ന് 35% ത്തിലേക്ക് കുറയ്ക്കാന് നിര്ദ്ദേശിക്കുന്നു.

ബി.3. ഷെയര് പ്രീമിയത്തില് നികുതി: 202425 സാമ്പത്തിക വര്ഷം മുതല് സ്വകാര്യ കമ്പനികളുടെ ഷെയര് പ്രീമിയത്തില് നികുതി ചാര്ജ്ചെയ്യുന്നതിന് അനുബന്ധമായ നിയമം (സെക്ഷന് 56 (2) (7 ബി)) ബാധകമാക്കരുതെന്ന് നിര്ദ്ദേശിക്കുന്നു.

ബി.4. താമസക്കാരല്ലാത്തവര്ക്കായി ക്രൂയിസ് ഷിപ്പ് ഓപ്പറേഷന്സ് പ്രിസംപ്റ്റീവ് നികുതി പദ്ധതി: ക്രൂയിസ് ഷിപ്പ് നടത്തിപ്പിനായി താമസക്കാരല്ലാത്തവര്ക്കായി പ്രിസംപ്റ്റീവ് നികുതി പദ്ധതി. അത്തരം കപ്പൽ/ കപ്പലുകൾ ഇന്ത്യയിൽ പ്രവർത്തിപ്പിക്കുന്ന ബന്ധപ്പെട്ട ഒരു കമ്പനിയില് നിന്ന് ക്രൂയിസ് ഷിപ്പുകളുടെ കൃത്യമായ വാടക വരുമാനം ലഭിക്കുന്ന ഒരു വിദേശ കമ്പനിയുടെ എല്ലാ വരുമാനവും ഒഴിവാക്കാനും നിര്ദ്ദേശിക്കുന്നു.

സി. ലളിതവല്ക്കരണവും യുക്തിസഹമാക്കലും

സി.1. തിരച്ചിൽ - പിടിച്ചെടുക്കുൽ കേസുകൾക്ക് ബ്ലോക്ക് വിലയിരുത്തല് പദ്ധതി: തിരച്ചില് കേസുകളിൽ ബ്ലോക്ക് വിലയിരുത്തലിനുള്ള പുതിയ പദ്ധതി നടപ്പിലാക്കാന് നിര്ദ്ദേശിക്കുന്നു. ബ്ലോക്ക് കാലഘട്ടം മുന്കാലത്തെ ആറു വര്ഷങ്ങളും തിരച്ചില് പൂര്ത്തിയാക്കുന്ന തീയതിവരെയും ആയിരിക്കുമെന്നാണ് നിര്ദ്ദേശിക്കുന്നത്. ബ്ലോക്ക് കാലയളവിലെ ആകെ വരുമാനത്തിൽ 60 ശതമാനം നിരക്കില് നികുതി ചുമത്തപ്പെടും.

സി.2. വീണ്ടുമുള്ള വിലയിരുത്തല് സമയപരിധി കുറയ്ക്കുക കൂടാതെ വ്യവസ്ഥകള് യുക്തിസഹമാക്കുക: വീണ്ടുമുള്ള വിലയിരുത്തലിന്റെ സമയപരിധി പത്ത് വര്ഷത്തില് നിന്ന് അഞ്ച് വര്ഷം ആക്കാന് നിര്ദ്ദേശിക്കുന്നു. വീണ്ടും വിലയിരുത്തുന്നതിന്റെ പ്രക്രിയ യുക്തിസഹമാക്കാൻ നിര്ദ്ദേശങ്ങള് ഉണ്ട്. മാത്രമല്ല, പിഴ ചുമത്തല് സമയപരിധി സംബന്ധിച്ച വ്യക്തതക്കായി വകുപ്പ് 275ല് പ്രിന്സിപ്പല് ചീഫ് കമ്മീഷണര് അല്ലെങ്കില് ചീഫ് കമ്മീഷണറെ സൂചിപ്പിക്കുന്നത് ഒഴിവാക്കാന് നിര്ദ്ദേശിക്കുന്നു. വകുപ്പ് 245 പ്രകാരമുള്ള വിലയിരുത്തലിന് 60 ദിവസത്തിനകം റീഫണ്ട് തടഞ്ഞുവെയ്ക്കാനും ഐടിഎടിക്ക് വകുപ്പ് 253 പ്രകാരം അപ്പീല് നല്കാനുള്ള സമയപരിധി യുക്തിസഹമാക്കാനും നിര്ദ്ദേശിക്കുന്നു.

സി.3. ചാരിറ്റബിള് ട്രസ്റ്റുകളും/സ്ഥാപനങ്ങളും

'എക്സെംപ്ഷൻ' നൽകുന്നത് രണ്ട് പദ്ധതികളെ ഏകീകരിക്കാൻ ഭേദഗതികൾ നിർദേശിക്കുന്നു. അപേക്ഷകള് സമര്പ്പിക്കുന്നത് യുക്തിസഹമാക്കൽ, ചാരിറ്റബിള് ട്രസ്റ്റുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന ചില ആനുകൂല്യങ്ങളുടെ രജിസ്ട്രേഷന്, അനുമതി എന്നിവയ്ക്ക് സമയപരിധി എന്നിവയും ബജറ്റ് നിർദേശിക്കുന്നു.

സി.4. മൂലധന നേട്ടങ്ങളിൽ നിന്നുള്ള നികുതി പിരിക്കലുകളുടെ ലളിതവല്ക്കരണം: മൂലധന നേട്ടങ്ങളുടെ നികുതിപിരിവ് ലളിതമാക്കാനും യുക്തിസഹമാക്കാനും നിര്ദ്ദേശിക്കുന്നു.

നിശ്ചിത സാമ്പത്തിക ആസ്തികളില് നിന്നുള്ള ഹ്രസ്വകാല നേട്ടങ്ങള്ക്ക് ഇനി മുതല് 15 ശതമാനത്തിനു പകരം 20 ശതമാനം നികുതി നിരക്കാണ് ചുമത്തുക. മറ്റ് സാമ്പത്തിക ആസ്തികള്ക്കും സാമ്പത്തികേതര ആസ്തികള്ക്കും നിലവിലെ നികുതി നിരക്ക് തുടരും.

എല്ലാ സാമ്പത്തിക, സാമ്പത്തികേതര ആസ്തികളുടെയും ദീർഘകാല നേട്ടങ്ങൾ 12.5% നികുതി നിരക്ക് ആകർഷിക്കും. ചില പട്ടികവത്കൃത സാമ്പത്തിക ആസ്തികൾക്കുള്ള മൂലധന നേട്ടങ്ങളുടെ നികുതിയിളവ് പരിധി 1 ലക്ഷം രൂപയില് നിന്ന് 1.25 ലക്ഷം രൂപയാക്കി ഉയര്ത്താന് നിര്ദ്ദേശിക്കുന്നു.

ഒരു വര്ഷത്തിലധികം കൈവശമുള്ള പട്ടികവത്കൃത സാമ്പത്തിക ആസ്തികള് 'ദീര്ഘകാലമായി' കണക്കാക്കും. പട്ടികവത്കൃതമല്ലാത്ത സാമ്പത്തിക ആസ്തികള്ക്കും സാമ്പത്തികേതര ആസ്തികള്ക്കും ഇതിനായി കുറഞ്ഞത് രണ്ട് വര്ഷത്തേക്കു കൈവശം വെക്കണം.

പട്ടികയിലില്ലാത്ത ബോണ്ടുകൾ, ഡിബെഞ്ചറുകൾ, ഡെറ്റ് മ്യൂച്ചല് ഫണ്ടുകൾ, മാര്ക്കറ്റ് ലിങ്ക്ഡ് ഡിബെഞ്ചറുകൾ എന്നിവയിൽ - അത് കൈവശമുള്ള കാലയളവ് എത്രെയാണെങ്കിലും - മൂലധന നേട്ട നികുതി ബാധക നിരക്കുകളില് ചുമത്തും.

ഈ നിര്ദ്ദേശങ്ങള് ഉടന് പ്രാബല്യത്തില് വരും.

സി.5. ഉറവിടത്തില് നിന്നുള്ള നികുതി (ടിഡിഎസ്) നിരക്കുകളുടെ യുക്തിസഹമാക്കൽ: ചില വിഭാഗങ്ങളില് ടിഡിഎസ് നിരക്ക് 5 ശതമാനത്തില് നിന്ന് 2 ശതമാനമാക്കാനും, 20 ശതമാനമുള്ള സെക്ഷന് 194 എഫ് ഒഴിവാക്കാനും നിര്ദ്ദേശിക്കുന്നു:

| **വിഭാഗം** | **നിലവിലെ ടിഡിഎസ് നിരക്ക്** | **നിര്ദ്ദേശിച്ച ടിഡിഎസ് നിരക്ക്** | **പ്രാബല്യത്തില് വരുന്നത്** |
|---|---|---|---|
| സെക്ഷന് 194 ഡി- ഇന്ഷുറന്സ് കമ്മീഷന്റെ പണം അടയ്ക്കൽ (കമ്പനിയെ ഒഴികെയുള്ള വ്യക്തിയുടെ കാര്യത്തില്) | 5% | 2% | 01.04.2025 |
| വകുപ്പ് 194 ഡിഎ - ജീവ ഇന്ഷുറന്സ് പോളിസിയുമായി ബന്ധപ്പെട്ട പണം അടയ്ക്കൽ | 5% | 2% | 01.10.2024 |
| വകുപ്പ് 194 ജി - ലോട്ടറി ടിക്കറ്റുകളുടെ വില്പ്പനയില് കമ്മീഷന് മുതലായവ | 5% | 2% | 01.10.2024 |
| വകുപ്പ് 194 എച്ച് - കമ്മീഷന് അല്ലെങ്കില് ബ്രോക്കറേജ് എന്നിവയുടെ അടച്ചുതീര്ക്കല് | 5% | 2% | 01.10.2024 |
| വകുപ്പ് 194-ഐബി - വ്യക്തി അല്ലെങ്കില് എച്ച് യു | 5% | 2% | 01.10.2024 |

| | | | |
|---|---|---|---|
| എഫ് നൽകുന്ന വാടക | | | |
| വകുപ്പ് 194 എം - ചില വ്യക്തികള് അല്ലെങ്കില് ഹിന്ദു അവിഭക്ത കുടുംബം നല്കുന്ന ചില തുകകൾ | 5% | 2% | 01.10.2024 |
| വകുപ്പ് 194-ഒ - ഇ-കൊമേഴ്സ് ഓപ്പറേറ്റര് ഇ-കൊമേഴ്സ് പങ്കാളിക്കു നല്കുന്ന ചില തുകകൾ | 1% | 0.1% | 01.10.2024 |
| വകുപ്പ് 194 എഫ് - മ്യൂചല് ഫണ്ടുകള് അല്ലെങ്കില് യൂണിറ്റ് ട്രസ്റ്റ് ഓഫ് ഇന്ത്യ, യൂണിറ്റുകൾ തിരികെ വാങ്ങുന്നതുമായി ബന്ധപ്പെട്ട പണം അടയ്ക്കൽ | ഒഴിവാക്കണമെന്ന് നിർദ്ദേശം | | 01.10.2024 |

സി.6 ടിഡിഎസ്, ടിസിഎസ് നികുതി ക്രെഡിറ്റ്: 192 വകുപ്പ് പ്രകാരം, ശമ്പള വരുമാനത്തില് നിന്നുള്ള നികുതി കണക്കാക്കുമ്പോൾ, ടിഡിഎസ്, ടിസിഎസ് എന്നിവയുടെ ക്രെഡിറ്റ് അനുവദിക്കാന് നിര്ദ്ദേശിക്കുന്നു.

സി.7. പ്രായപൂർത്തിയാകാത്ത വ്യക്തിയുടെ ടിസിഎസ് ക്രെഡിറ്റ് അവകാശം മാതാപിതാക്കൾക്ക്: ശേഖരിച്ച നികുതിയുടെ ക്രെഡിറ്റ്, നികുതി നൽകുന്ന വ്യക്തി അല്ലാതെ മറ്റൊരു വ്യക്തിക്ക് നൽകുന്നതിന് നിയമങ്ങൾ ഉണ്ടാക്കാൻ ബോർഡിനെ അധികാരപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

സി.8. ടി. സി. എസിലെ കാലതാമസം വരുത്തിയ പണമടവിനുള്ള പലിശനിരക്ക് ടി. ഡി. എസുമായി ക്രമീകരിക്കുക: ടിഡിഎസ് എന്നതുപോലെ ടിസിഎസ് വൈകിയടച്ചാല്, 1%ത്തിൽ നിന്ന് 1.5% മായി പലിശ നിരക്ക് വർദ്ധിപ്പിക്കാൻ നിർദ്ദേശിക്കുന്നു.

സി.**9.** ഒരു സ്ഥാപനത്തിൻറെ വർക്കിംഗ് പാർട്ണർമാർക്കുള്ള പ്രതിഫലത്തിൻറെ പരിധി കൂട്ടുന്നത് കിഴിവായി അനുവദനീയമാണ്: 'ബുക്ക്'ലാഭത്തിന്റെ ആദ്യ **6,00,000** രൂപ അല്ലെങ്കിൽ നഷ്ട്ടം സംഭവിക്കുകയാണെങ്കിൽ, വര്ക്കിംഗ് പാര്ട്ണര്മാര്ക്കുള്ള പ്രതിഫലത്തിന്റെ പരിധി - **3,00,000** രൂപ അല്ലെങ്കില് 'ബുക്ക്'ലാഭത്തിന്റെ **90** ശതമാനം, അതിൽ ഏത് ആണോ കൂടുതൽ - വര്ദ്ധിപ്പിക്കാന് നിർദേശിച്ചിരിക്കുന്നു.

**(ഡി) നികുതി അടിത്തറയുടെ വ്യാപ്തി വര്ധിപ്പിക്കുകയും ഒഴിവാക്കല് തടയലും**

ഡി.1 ഓഹരികള് തിരികെ വാങ്ങുക: കമ്പനിയുടെ കൈയിലുള്ള അധിക ആദായനികുതി വ്യവസ്ഥയ്ക്ക് പകരം കമ്പനികള് ഓഹരികള് തിരിച്ച് വാങ്ങുന്നതില് നിന്നുള്ള വരുമാനം സ്വീകര്ത്താവ് നിക്ഷേപകനിൽ നിന്ന് ഡിവിഡന്റായി ഈടാക്കാന് നിര്ദ്ദേശിക്കുന്നു. കൂടാതെ, അത്തരം ഓഹരികളുടെ വില നിക്ഷേപകന് മൂലധന നഷ്ടമായി കണക്കാക്കും.

ഡി.2 സെക്യൂരിറ്റീസ് ട്രാന്സാക്ഷന് ടാക്സ് (എസ്ടിടി) നിരക്കുകള്: സെക്യൂരിറ്റികളിലെ ഒരു ഓപ്ഷന് വില്പ്പനയ്ക്കെതിരായ എസ്ടിടി നിരക്കുകള് ഓപ്ഷന് പ്രീമിയത്തിന്റെ **0.0625** ശതമാനത്തില് നിന്ന് **0.1** ശതമാനമായും സെക്യൂരിറ്റികളിലെ ഫ്യൂച്ചറുകള് വില്ക്കുമ്പോള് **0.0125**ല് നിന്ന് വര്ധിപ്പിക്കാനും നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു. അത്തരം ഫ്യൂച്ചറുകള് ട്രേഡ് ചെയ്യപ്പെടുന്ന വിലയുടെ ശതമാനം മുതല് **0.02** ശതമാനം വരെ.

സെക്യൂരിറ്റികളിലെ ഒരു ഓപ്ഷൻ വിൽക്കുന്നതിനുള്ള എസ്. ടി. ടിയുടെ നിരക്ക് ഓപ്ഷൻ പ്രീമിയത്തിന്റെ **0.0625** ശതമാനത്തിൽ നിന്ന് **0.01** ശതമാനമായി ഉയർത്താൻ നിർദേശം. സെക്യൂരിറ്റികളിലെ ഒരു ഫ്യൂച്ചർസ് വിൽക്കുന്നതിന് അത്തരം ഫ്യൂച്ചർസ് ട്രേഡ് ചെയ്യുന്ന വിലയുടെ എസ്. ടി. ടിയുടെ നിരക്ക്,

0.0125 ശതമാനത്തിൽ നിന്ന് 0.02 ശതമാനമായും ഉയർത്താൻ നിർദ്ദേശിക്കുന്നു.

ഡി.3 വീട് വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരുമാനം: ഒരു വീടോ അതിന്റെ ഒരു ഭാഗമോ ഉടമ വാടകയ്ക്ക് നൽകുന്നതിൽ നിന്നുള്ള വരുമാനം, 'ബിസിനസിൻ്റെയോ പ്രൊഫഷൻ്റെയോ ലാഭവും നേട്ടങ്ങളും' എന്ന തലക്കെട്ടിന് കീഴിൽ ഈടാക്കരുതെന്ന് നിർദേശം. 'വീട്ടിൽ നിന്നുള്ള വരുമാനം' എന്ന തലക്കെട്ടിന് കീഴിൽ നികുതി ചുമത്തണമെന്നും നിർദ്ദേശിക്കുന്നു.

ഡി.4 മൂലധന ആസ്തിയുടെ കൈമാറ്റം: ഒരു വ്യക്തി അല്ലെങ്കില് ഹിന്ദു അവിഭക്ത കുടുംബം (എച്ച് യു എഫ്) അല്ലാതെയുള്ള ഒരു സ്ഥാപനം, ഒരു സമ്മാനം അല്ലെങ്കില് വിൽപ്പത്ര പ്രകാരമുള്ള മൂലധന ആസ്തി കൈമാറ്റം ചെയ്യുന്നത്, മൂലധന നേട്ടം കണക്കാക്കുന്നതിനുള്ള ഉദ്ദേശ്യത്തിനായി, 'കൈമാറ്റമായി' കണക്കാക്കാന് നിര്ദ്ദേശിക്കുന്നു.

ഡി.5 ഒരു പങ്കാളിക്ക് പണം നല്കുമ്പോള് ടിഡിഎസ്: ശമ്പളം, പ്രതിഫലം, കമ്മീഷൻ, ബോണസ്, പലിശ തുടങ്ങിയവയുടെ രൂപത്തിൽ സ്ഥാപനം അതിന്റെ പങ്കാളിക്ക് നൽകുന്ന പണം ഒരു സാമ്പത്തിക വർഷത്തിൽ 20,000 രൂപയിൽ കൂടുതലുള്ള മൊത്തം തുകയ്ക്ക് 10 ശതമാനം നിരക്കിൽ ടി. ഡി. എസിന് വിധേയമായിരിക്കുമെന്ന് നിർദ്ദേശിക്കുന്നു.

ഡി.6 വിജ്ഞാപനം ചെയ്ത ആഡംബര വസ്തുക്കളിൽ ടിസിഎസ്: ആഡംബരവസ്തുക്കളിൽ ടിസിഎസ് പ്രാപ്തമാക്കുന്നതിന്, പത്ത് ലക്ഷം രൂപയിൽ കൂടുതൽ മൂല്യമുള്ള വിജ്ഞാപനം ചെയ്ത വസ്തുക്കൾക്ക് ഒരു ശതമാനം ടിസിഎസ് ഈടാക്കാൻ നിർദ്ദേശിക്കുന്നു.

ഡി.7 സ്ഥാവര വസ്തുക്കളുടെ വില്പ്പന സംബന്ധിച്ച ടിഡിഎസ്: ഒരു സ്ഥാവര വസ്തുവിന്റെ കാര്യത്തിൽ ഒന്നിലധികം കൈമാറ്റം

ചെയ്യുന്നവരോ കൈമാറ്റം കൈപറ്റുന്നവരോ ഉണ്ടെങ്കിൽ, അത്തരം ഒരു സ്ഥാവര വസ്തുവിന്റെ ടിഡിഎസ് പരിഗണനയിൽ, എല്ലാ കൈമാറ്റം ചെയ്യുന്നവരും കൈമാറ്റം കൈപറ്റുന്നവരും അല്ലെങ്കിൽ ആ വസ്തുവിന്റെ കൈമാറ്റം ചെയ്യുന്ന എല്ലാവരും നല്കിയതോ അടയ്ക്കേണ്ടതോ ആയ മൊത്തം തുകയും വരുമെന്ന് വ്യക്തമാക്കാൻ നിർദ്ദേശിക്കുന്നു.

ഡി.8 ഫ്ളോട്ടിംഗ് റേറ്റ് സേവിംഗ്സ് (നികുതി നൽകേണ്ടത്) ബോണ്ടുകളുടെ (എഫ്ആര്എസ്ബി) 2020ലെ ടിഡിഎസ്: ഫ്ളോട്ടിംഗ് റേറ്റ് സേവിംഗ്സ് (നികുതി നൽകേണ്ടത്) ബോണ്ടുകളുടെ (എഫ്ആര്എസ്ബി) 2020 അല്ലെങ്കില് കേന്ദ്ര / സംസ്ഥാന ഗവണ്മെന്റുകളുടെ മറ്റേതെങ്കിലും വിജ്ഞാപനം ചെയ്ത സെക്യൂരിറ്റിയില് പതിനായിരം രൂപയില് കൂടുതലുള്ള പലിശയ്ക്ക് ടിഡിഎസ് നിര്ദ്ദേശിക്കപ്പെടുന്നു.

ഡി.9 ലൈഫ് ഇന്ഷുറന്സ് കമ്പനികള് ബിസിനസ് ഇതര ചെലവുകള് അനുവദനീയമല്ല: ഒരു ബിസിനസ്സിന്റെ ലാഭവും നേട്ടവും കണക്കാക്കുന്നതില് വകുപ്പ് 37 ലെ വ്യവസ്ഥകള് പ്രകാരം അനുവദനീയമല്ലാത്ത ഏതൊരു ചെലവും ലൈഫ് ഇന്ഷുറന്സ് കമ്പനികളുടെ ലാഭത്തിലും നേട്ടത്തിലും ഉള്പ്പെടുത്താന് നിര്ദ്ദേശിക്കുന്നു.

ഡി.10 മൊത്തം വരുമാനം കണക്കാക്കുന്നതിനുള്ള ആവശ്യങ്ങള്ക്കായി ഇന്ത്യക്ക് പുറത്ത് തടഞ്ഞുവച്ചിരിക്കുന്ന നികുതികളുടെ ഉള്പ്പെടുത്തല്: നികുതിയിളവ് വഴി ഇന്ത്യയ്ക്ക് പുറത്ത് അടയ്ക്കുന്ന ആദായനികുതി നികുതിദായകന്റെ വരുമാനം കണക്കുകൂട്ടുന്നതിനായി ലഭിക്കുന്ന വരുമാനമായി കണക്കാക്കുമെന്ന് വ്യവസ്ഥ ചെയ്യാൻ നിർദ്ദേശിക്കുന്നു.

ഡി.11 വകുപ്പ് 194 ജെയില് പരാമര്ശിച്ചിട്ടുള്ള വരുമാനത്തിന് വകുപ്പ് 194 സി ബാധകമായിരിക്കില്ല: വകുപ്പ്194 ജെ (പ്രൊഫഷണൽ അല്ലെങ്കിൽ സാങ്കേതിക സേവനങ്ങൾക്കുള്ള ഫീസ്) ഉപ-വകുപ്പ് (1) ൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും തുക വകുപ്പ്

194 സി (കരാറുകാർക്കുള്ള പേയ്മെന്റുകൾ) പ്രകാരം ടിഡിഎസിന്റെ ആവശ്യങ്ങൾക്കായി "വർക്ക്" ആയി കണക്കാക്കുന്നില്ലെന്ന് വ്യക്തമായി പ്രസ്താവിക്കാൻ നിർദ്ദേശിക്കുന്നു.

ഡി.12 ബിസിനസ് ചെലവായി സെറ്റില്മെന്റ് തുകകളുടെ ക്ലെയിം: കേന്ദ്ര ഗവണ്മെന്റ് വിജ്ഞാപനം ചെയ്ത ഏതെങ്കിലും നിയമത്തിന്റെ ലംഘനത്തിന് സെറ്റില്മെന്റ് ഫീസായി വരുന്ന ചെലവുകള് അനുവദിക്കാതിരിക്കാന് നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഡി.13 ന്യായമായ മാർക്കറ്റ് മൂല്യത്തിന്റെ (എഫ് എം വി) നിർവചനം: **കജചര**ൽ വിൽപ്പനയ്ക്കുള്ള ഒരു ഓഫറിൽ, വകുപ്പ് 55 (2) (എസി) പ്രകാരം 31.01.18 ൽ ലിസ്റ്റുചെയ്യാത്ത ഇക്വിറ്റി ഓഹരികൾ വിൽക്കുന്നതിനുള്ള ന്യായമായ വിപണി മൂല്യം കണക്കാക്കുന്നതിനുള്ള രീതി ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

(ഇ) നികുതി നിർവ്വഹണം

ഇ.1 വിവാദ് സേ വിശ്വാസ് പദ്ധതി, 2024 തുടങ്ങുക: തീർപ്പാക്കാത്ത അപ്പീലുകൾ തീർപ്പാക്കുന്നതിനായി ഒരു പുതിയ പദ്ധതി അവതരിപ്പിക്കാൻ നിർദ്ദേശിക്കുന്നു. ഒരു നിശ്ചിത തീയതി മുതൽ ഇത് പ്രവർത്തനക്ഷമമാക്കാൻ നിർദ്ദേശിക്കുന്നു. പദ്ധതിയുടെ അവസാന തീയതിയും അറിയിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ഇ. 2 ഇക്വലൈസേഷൻ ലെവി - ചരക്കുകളുടെയോ സേവനങ്ങളുടെയോ ഇ-കൊമേഴ്സ് വിതരണത്തിൽ നിന്ന് ലഭിക്കുന്ന തുകയിൽ 2 ശതമാനം നിരക്കിൽ ഇക്വലൈസേഷൻ ലെവി 2024 ഓഗസ്റ്റ് ഒന്നിനോ അതിനുശേഷമോ ബാധകമല്ല.

ഇ.3 ചെറുകിട വിദേശ സ്വത്തുക്കൾ റിപ്പോർട്ട് ചെയ്യാത്തത് കള്ളപ്പണ നിയമപ്രകാരം ശിക്ഷാപരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. 20 ലക്ഷം രൂപ വരെയുള്ള ജംഗമ സ്വത്തുക്കൾ റിപ്പോർട്ട് ചെയാത്തത് ശിക്ഷിക്കരുത് എന്ന് നിർദ്ദേശിക്കുന്നു.

ഇ.4 ടിഡിഎസ് സ്റ്റേറ്റ്മെൻ്റ് ഫയൽ ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയത്തിന് മുമ്പായി പണം അടയ്ക്കുക ആണെങ്കിൽ, ടിഡിഎസ് വൈകി അടക്കുന്നത് കുറ്റകരമല്ലാതാക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇ.5 ഏതെങ്കിലും വ്യക്തിയിൽ നിന്ന് നികുതി കുറയ്ക്കുന്നതിനോ ശേഖരിക്കുന്നതിനോ പരാജയപ്പെട്ടാൽ, നികുതി അടയ്ക്കുന്ന സാമ്പത്തിക വർഷത്തിന്റെ അവസാനം മുതൽ ആറ് വർഷം കഴിഞ്ഞതിനുശേഷം ഒരു ഉത്തരവും പുറപ്പെടുവിക്കില്ലെന്ന് വ്യവസ്ഥ ചെയ്യാൻ നിർദ്ദേശിക്കുന്നു.

ഇ. 6 ഡിഡക്റ്റർമാർ ഫയൽ ചെയ്തതല്ലാത്ത സ്റ്റെമെന്റുകളുടെ പ്രോസസ്സിംഗ് സാധ്യമാക്കുക: അത്തരം സ്റ്റെമെന്റുകളുടെ പ്രോസസ്സിംഗിനായി ബോർഡ് ഒരു പദ്ധതി തയ്യാറാക്കാൻ വ്യവസ്ഥ ചെയ്യാൻ നിർദ്ദേശിക്കുന്നു.

ഇ.7 സ്രോതസ്സിലെ നികുതിയുടെ കുറഞ്ഞ കിഴിവ് / ശേഖരണ സർട്ടിഫിക്കറ്റ്: വകുപ്പ് 194ഝ (സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന പണത്തിന്റെ ടി. ഡി. എസ്), വകുപ്പ് 206 സി (സാധനങ്ങൾ വിറ്റതിൻ്റെ രസീതിയിൽ ടിസിഎസ്) എന്നിവയ്ക്ക് കുറഞ്ഞ കിഴിവ് / ശേഖരണ സർട്ടിഫിക്കറ്റിനുള്ള അപേക്ഷ അനുവദിക്കാൻ നിർദ്ദേശിക്കുന്നു.

ഇ.8 ടിസിഎസില് നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള ചില വ്യക്തികൾ-വ്യക്തികളുടെ വിഭാഗങ്ങൾ എന്നിവയുടെ വിജ്ഞാപനം - നിർദ്ദിഷ്ട ഇടപാടുകളുമായി ബന്ധപ്പെട്ട് കുറഞ്ഞ നിരക്കിൽ നികുതി പിരിക്കുകയോ നികുതി പിരിക്കുകയോ ചെയ്യാത്ത വ്യക്തികൾ-വ്യക്തികളുടെ വിഭാഗങ്ങൾ എന്നിവയുടെ വിജ്ഞാപനം നടത്താൻ സർക്കാരിനെ അധികാരപ്പെടുത്താൻ നിർദ്ദേശിക്കുന്നു.

ഇ.9 0ഉട/0ഞട സ്റ്റേറ്റ്മെൻ്റുകളിൽ തിരുത്തൽ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി: ടി. ഡി. എസ്/ടി. സി. എസ്.

സ്റ്റേറ്റ്മെന്റ് യഥാക്രമം നൽകേണ്ട സാമ്പത്തിക വർഷത്തിന്റെ അവസാനം മുതൽ ആറ് വർഷത്തിന് ശേഷം ഒരു തിരുത്തൽ പ്രസ്താവനയും നൽകില്ലെന്ന് വ്യവസ്ഥ ചെയ്യാൻ നിർദ്ദേശിക്കുന്നു.

ഇ.10 റ്റേറ്റ്മെൻ്റുകള് നല്കുന്നതില് പരാജയപ്പെടുന്നതിനുള്ള പിഴ: നിലവിലുള്ള 12 മാസത്തെ കാലയളവിനുപകരം ഒരു മാസത്തിനപ്പുറം ടിഡിഎസ് അല്ലെങ്കില് ടിസിഎസ് സ്റ്റേറ്റ്മെന്റ് വൈകി നല്കിയാല് പിഴ ഈടാക്കാന് നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇ.11 ഒരു ലെയ്സണ് ഓഫീസിന്റെ പ്രവര്ത്തനങ്ങളുടെ വാര്ഷിക സ്റ്റെമെന്റ് നല്കേണ്ട കാലയളവ് നിര്ദ്ദേശിക്കണം. നിശ്ചിത കാലയളവിനുള്ളില് വാര്ഷിക സ്റ്റെമെന്റ് സമര്പ്പിക്കുന്നതില് പരാജയപ്പെട്ടാല് പിഴ ചുമത്താന് നിര്ദ്ദേശിക്കുന്നു.

ഇ.12 അസെസ്സിംഗ് ഓഫീസര് റഫര് ചെയ്തിട്ടില്ലാത്ത നിര്ദ്ദിഷ്ട ആഭ്യന്തര ഇടപാടുകള് കൈകാര്യം ചെയ്യാന് ട്രാന്സ്ഫര് പ്രൈസിംഗ് ഓഫീസറെ ചുമതലപെടുത്താൻ നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇ.13 ആധാര് നമ്പറിന് പകരം ആധാര് എന്റോള്മെന്റ് ഐഡി ഉദ്ധരിക്കുന്നത് നിര്ത്താന് നിര്ദ്ദേശിക്കുന്നു.

ഇ.14 അതോറിറ്റി ഓഫ് അഡ്വാൻസ് റൂളിംഗിൽ നിന്ന് കൈമാറ്റം ചെയ്യപ്പെടുന്ന ബോർഡ് ഫോർ അഡ്വാൻസ് റൂളിംഗുകൾക്ക് മുമ്പായി ഉള്ള അപേക്ഷകൾ, 31.10.2024 ന് മുമ്പ് പിൻവലിക്കാൻ അനുവദിക്കാം.

ഇ.15 എക്സ്-പാര്ട്ടെ അസസ്മെന്റ് ഓര്ഡറുകൾക്ക് നിയമപ്രാബല്യം നല്കാതിരിക്കാനുള്ള അധികാരം കമ്മീഷണർക്ക് (അപ്പീലുകള്) നൽകാൻ നിർദേശിക്കുന്നു.

ഇ.16 വകുപ്പ് 271 എഫ്എഎയിലെ ഭേദഗതി: ഓട്ടോമാറ്റിക് എക്സ്ചേഞ്ച് ഓഫ് ഇന്ഫര്മേഷന് (എഇഒഐ)

പാലിക്കുന്നതുമായി ബന്ധപ്പെട്ട കൃത്യമായ ജാഗ്രതാ പാലിക്കുന്നതില് പരാജയപ്പെടുന്നതിന് പിഴ ചുമത്തുന്നതിന് വകുപ്പ് 271എഫ്എഎ ഭേദഗതി ചെയ്യാന് നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇ.17 ടാക്സ് ക്ലിയറന്സ് സര്ട്ടിഫിക്കറ്റ്: ടാക്സ് ക്ലിയറന്സ് സര്ട്ടിഫിക്കറ്റ് ലഭിക്കുന്നതിന് വേണ്ടി 2015 ലെ കള്ളപ്പണ നിയമത്തിന്റെ റഫറന്സ് ഉള്പ്പെടുത്താന് നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇ.18 കാലതാമസം ക്ഷമിച്ചതിന് ശേഷം ഫയൽ ചെയ്ത റിട്ടേണുകൾ: കാലതാമസം ക്ഷമിച്ചതിന് ശേഷം ഫയൽ ചെയ്ത റിട്ടേണുകളുടെ കാര്യത്തിൽ, അത്തരം റിട്ടേൺ സമർപ്പിച്ച സാമ്പത്തിക വർഷത്തിന്റെ അവസാനം മുതൽ 12 മാസം വരെ മൂല്യനിർണ്ണയം നടത്താമെന്ന് നിർദ്ദേശിക്കുന്നു.

ഇ.19 ദേശീയ കായിക വികസന ഫണ്ടിലേക്കുള്ള സംഭാവനകള്: കേന്ദ്ര ഗവണ്മെന്റ് രൂപീകരിച്ച ദേശീയ കായിക നിധിയിലേക്ക് സംഭാവനയായി നല്കുന്ന ഏത് തുകയും നിലവില് സെക്ഷന് 80ജി പ്രകാരം കിഴിവിന് അര്ഹമാണ്. ഫണ്ടിന്റെ പേര് ദേശീയ കായിക വികസന ഫണ്ട് എന്ന് തിരുത്താന് നിര്ദ്ദേശിക്കുന്നു.

ഇ.20 നാഷണല് ഹൗസിംഗ് ബോര്ഡിനെ കുറിച്ചുള്ള പരാമര്ശം നീക്കം ചെയ്യുന്നു: ഹൗസിംഗ് ഫിനാൻസ് കമ്പനികള് ഇപ്പോള് റിസേർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പരിധിയില് നോണ്-ബാങ്കിംഗ് ഫിനാന്ഷ്യല് കമ്പനികളുടെ (എന്ബിഎഫ്സികള്) വിഭാഗമായതിനാല്, നിയമത്തിന്റെ 43 ഡി വകുപ്പിലെ നാഷണല് ഹൗസിംഗ് ബോര്ഡിനെക്കുറിച്ചുള്ള പരാമര്ശം നീക്കം ചെയ്യാന് നിര്ദ്ദേശിക്കുന്നു.

ഇ.21 പിടിച്ചെടുത്ത സ്വത്തുക്കള്ക്കെതിരെ കള്ളപ്പണ നിയമം, 2015 പ്രകാരമുള്ള ബാധ്യത ക്രമീകരിക്കല്: 1961ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 132ബിയില്, 2015ലെ കള്ളപ്പണം (വെളിപ്പെടുത്താത്ത വിദേശ വരുമാനവും ആസ്തികളും) & നികുതി

ചുമത്തൽ നിയമത്തെ കുറിച്ചുള്ള പരാമർശം ഉൾപെടുത്താൻ നിർദേശം. പിടിച്ചെടുത്ത സ്വത്തുക്കളില് നിന്ന് നിയമ പ്രകാരമുള്ള ബാധ്യതകള് വീണ്ടെടുക്കുന്നത് സാധ്യമാക്കുന്നതിനാണ് ഇത്.

ഇ.22 ബിനാമി സ്വത്ത് ഇടപാടുകള് നിരോധന നിയമത്തിലെ ഭേദഗതികള്, 1988: പൂര്ണ്ണവും യഥാര്ത്ഥവുമായ വെളിപ്പെടുത്തലുകൾ നടത്തുന്ന ബിനാമികൾക്ക് പിഴയില് നിന്നും പ്രോസിക്യൂഷനില് നിന്നും പ്രതിരോധം നല്കാന് നിര്ദ്ദേശിക്കപ്പെട്ടിരിക്കുന്നു. സ്വത്ത് കണ്ടുകെട്ടു ുന്നതിനുള്ള സമയപരിധികള് യുക്തിസഹമാക്കാനും വിധിനിർണ്ണയം നടത്തേണ്ട അധികാരിയെ തീരുമാനിക്കാനും നിര്ദ്ദേശിക്കുന്നു.

**************